POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّ اَنۡتُمۡ اَذِلَّۃٌ

വാല്യം
2

വാർഷിക
വരിസംഖ്യ
300 രൂപ

# ബദർ
വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം
44

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2017 നവംബർ 02/ഹി:ശം:1396 നുബുവ്വത്ത് 02/ഹി:ഖ: 1439 സഫർ 12

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ്അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 29-09-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ(ലണ്ടൻ)നിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണ രൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർഅൻവറിന്റെസംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**നമ്മുടെ അല്ലാഹു എത്രമാത്രം ശക്തവാനാണ്. അവന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിൽ വിശ്വസിക്കുകയും അവന്റെ റസൂലിനെ അനുധാവനം ചെയ്യുകയും ചെയ്യുന്ന നമ്മൾ എത്രമാത്രം ഭാഗ്യവാന്മാരാണ്. അത്ഭുതങ്ങൾ കാണിക്കുന്ന ഈ ദൈവത്തിൽ വിശ്വസിക്കാത്തവൻ എത്രമാത്രം ദൗർഭാഗ്യവാനാണ്**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം: 82.** "നിരവധി തവണ എന്റെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിക്കഴിഞ്ഞിട്ടുള്ള പ്രവചനമാണിത്. ***ഇന്നല്ലാഹ ലാ യുഗയ്യിറു മാ ബിഖൗമിൻ ഹത്താ യുഗയ്യിറു മാ ബിഅൻഫുസിഹിം ഇന്നഹു ആവൽ ഖർയത്ത*** അതായത് ആളുകൾ തങ്ങളുടെ മാനസികാവസ്ഥ മാറ്റാത്തിടത്തോളം അല്ലാഹു ഈ പ്ലേഗിനെ ഈ ജനതയിൽനിന്ന് അകറ്റുകയില്ല; തന്റെ തീരുമാനം മാറ്റുകയുമില്ല. അല്ലാഹു അവസാനം ഈ ഗ്രാമത്തെ തന്റെ അഭയത്തിൽ എടുക്കുന്നതാണ്. പറഞ്ഞു: ***ലൗ ലൽഇക്റാമു ലഹലക്കൽ മഖാമു*** നിങ്ങളെ ആദരിച്ചിരുന്നില്ലെങ്കിൽ ഈ ഗ്രാമത്തെ മുഴുവൻ ഞാൻ നശിപ്പിക്കുമായിരുന്നു; അവരിൽ ഒരാളെയും വിട്ടുകളയുമായിരുന്നില്ല. പറഞ്ഞു: ***വമാ കാനല്ലാഹു ലിയുഅദ്ദിബഹും വ അൻത ഫീഹിം.*** നീ അവരിലുണ്ടായിരിക്കെ അവരെ എല്ലാവരേയും ഞാൻ നശിപ്പിച്ചുകളയുകയില്ല. ഓർക്കുക! അല്ലാഹു പറഞ്ഞ ***ഇന്നഹു ആവൽ ഖർയത്ത*** എന്ന വാക്യത്തിന്റെ അർഥം അവൻ ശിക്ഷയിറക്കിയതിനു ശേഷം ഈ ഗ്രാമത്തെ തന്റെ അഭയത്തിൽ എടുക്കുമെന്നാണ്; അവിടെ പ്ലേഗ് ഒരിക്കലും വരികയില്ലെന്നല്ല. ഒരാൾ ഏതെങ്കിലും നാശത്തിൽ അകപ്പെട്ടതിനുശേഷം സമാധാനത്തിലേക്ക് വരുന്നതിനാണ് 'ആവാ' എന്ന പദം അറബിഭാഷയിൽ ഉപയോഗിക്കുന്നത്; ***അലം യജിദ്ക്ക യത്തീമൻ ഫആവാ*** എന്ന് അല്ലാഹു പറഞ്ഞതുപോലെ. അല്ലാഹു നിന്നെ അനാഥനായി കണ്ടു. അനാഥത്വത്തിന്റെ വിപത്തുകളിൽ നീ അകപ്പെട്ടുകൊണ്ടിരിക്കുന്നതു കാണുകയും നിനക്ക് അഭയം നല്കുകയും ചെയ്തു. പറയുന്നു: ***ആവയ്നാഹുമാ ഇലാ റബ്വത്തിൻ ദാത്തി ഖരാറിൻ വ്വ മയീൻ.***(23:51) നാം ഈസായ്ക്കും അദ്ദേഹത്തിന്റെ മാതാവിനും യഹൂദികൾ അവരുടെ മേൽ അക്രമം ചെയ്തതിനും ഹദ്റത്ത് ഈസായെ കുരിശിൽ തറച്ചുകൊല്ലാൻ ശ്രമിച്ചതിനും ശേഷം എല്ലാ പർവ്വതങ്ങളേക്കാളും ഉയർന്ന പർവ്വതത്തിൽ അതായത് നിവാസയോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ കശ്മീരിലെ പർവ്വതത്തിൽ അഭയം നല്കി. കഹ്ഫ് അധ്യായത്തിലെ ഫഅ്വൂ ***ഇലൽകഹ്ഫി യൻശുർലക്കും റബ്ബുക്കും മ്മിൻറഹ്മത്തിഹി*** (18:17) എന്ന വചനത്തിൽ പറഞ്ഞതുപോലെ. ഗുഹയുടെ അഭയത്തിൽ വരിക. ഇങ്ങനെ അല്ലാഹു തന്റെ കാരുണ്യം നിന്റെമേൽ വിരിക്കുന്നതാണ്. അതായത് നിങ്ങൾ അക്രമിയായ രാജാവിന്റെ പീഢനത്തിൽനിന്ന് മോക്ഷം പ്രാപിക്കുന്നതായിരിക്കും. ചുരുക്കത്തിൽ അങ്ങേയറ്റം വിപത്തുകൾ സഹിച്ചതിനുശേഷം ശാന്തിയിലേക്ക് പ്രവേശിപ്പിക്കുന്നതിനാണ് 'ആവാ' എന്ന പദം ഉപയോഗിക്കുന്നത്. ഈ പ്രവചനമാണ് ഖാദിയാനെ സംബന്ധിച്ചുള്ളത്. അങ്ങനെ കഠിനമായ പ്ലേഗ് ഒരുതവണ ഖാദിയാനിലുണ്ടായി. പിന്നീട് അത് കുറയാൻ തുടങ്ങി. എത്രത്തോളമെന്നാൽ ഈ വർഷം ഒരാളുപോലും ഖാദിയാനിൽ പ്ലേഗ് കൊണ്ട് മരിച്ചില്ല. വാസ്തവത്തിൽ ഇതിനു ചുറ്റുപാടും നൂറുക്കണക്കിന് ആളുകളാണ് പ്ലേഗ് ബാധിച്ച് മരിച്ചത്.

**ദൃഷ്ടാന്തം: 83.** ഒരുതവണ ചെറിയ മസ്ജിദിനോടു ചേർന്നുള്ള ചൗബാരയിൽ (മേലത്തെ നിലയിലുള്ള നാലുവശത്തും ജനലുകളും വാതിലുകളുമുള്ള മുറി) ഇരിക്കുകയായിരുന്നു. അതിന് അല്ലാഹു 'ബയ്ത്തുൽ ഫിക്ർ' എന്ന് പേരു വെച്ചിരിക്കുന്നു. എന്റെയടുത്ത് എന്റെ സേവകൻ ഹാമിദലി എന്ന പേരുകാരൻ കാലുകൾ അമർത്തുകയായിരുന്നു. അപ്പോൾ എനിക്ക് ഇൽഹാമുണ്ടായി. ***തറാ ഫഖ്ദൻ അലീമാ*** നീ ഒരു വേദനാജനകമായ തുട കാണുന്നതാണ്. എനിക്ക് ഇങ്ങനെ ഇപ്പോൾ ഇൽഹാമുണ്ടായെന്ന് ഞാൻ ഹാമിദലിയോടു പറഞ്ഞു. അങ്ങയുടെ കൈയിൽ ഒരു കുരു ഉണ്ടായിട്ടുണ്ട്. ഒരുപക്ഷേ, അതിലേക്കുള്ള സൂചനയാകും ഇതെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. കൈയും തുടയും തമ്മിലെന്തു ബന്ധമെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അങ്ങനെ വിചാരിക്കുന്നത് വ്യർഥവും ബുദ്ധിയില്ലായ്മയുമാണ്. ശരീരത്തിലെ കുരുകൊണ്ട് വേദനയുണ്ടാകാറില്ല. ഇൽഹാമിന്റെ അർഥം 'നീ കാണും' എന്നാണ്, 'കണ്ടുകൊണ്ടിരിക്കുന്നു' എന്നല്ല. അതിനുശേഷം ഞങ്ങൾ രണ്ടുപേരും വലിയ മസ്ജിദിൽ നമസ്കരിക്കാൻ പോകുന്നതിനുവേണ്ടി ചൗബാരയിൽനിന്ന് താഴെയിറങ്ങി. താഴെ ഇറങ്ങിയപ്പോൾ രണ്ടാളുകൾ കുതിരപ്പുറത്ത് യാത്ര ചെയ്ത് എന്റെയടുത്തേക്ക് വരുന്നതാണ് ഞാൻ കണ്ടത്. രണ്ടുപേരും ജീനിയൊന്നുമില്ലാതെ രണ്ട് കുതിരപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. 20 വയസ്സിൽ കുറവായിരുന്നു രണ്ടുപേരുടേയും പ്രായം. അവർ എന്നെ കണ്ട് അവിടെ നിന്നു. അവരിലൊരാൾ മറ്റേ കുതിരയിൽ യാത്ര ചെയ്യുന്നയാളെ ചൂണ്ടിക്കൊണ്ട് പറഞ്ഞു: 'ഇത് എന്റെ സഹോദരനാണ്. കഠിനമായ തുടവേദനകൊണ്ട് ഇവൻ വളരെ ബുദ്ധിമുട്ടുകയാണ്. ഇവന് എന്തെങ്കിലും മരുന്ന് വാങ്ങുന്നതിനുവേണ്ടിയാണ് ഞങ്ങൾ അങ്ങയുടെ അടുത്ത് വന്നത്.' അപ്പോൾ ഞാൻ ഹാമിദലിയോടു പറഞ്ഞു: അൽഹംദുലില്ലാഹ്. എന്റെ ഇൽഹാം എത്ര പെട്ടെന്നാണ് പുലർന്നത്. മുകളിൽനിന്ന് ഗോവണിയിലൂടെ താഴേക്ക് ഇറങ്ങുന്ന സമയംകൊണ്ട് അത് പുലർന്നു. ശേയ്ഖ് ഹാമിദലി ഇപ്പോഴും എന്റെ കൂടെയുണ്ട്. അദ്ദേഹം ഥംഗുലാംനബി ഗ്രാമവാസിയാണ്.

ആരും മറ്റുള്ളവർക്കുവേണ്ടി തന്റെ ഈമാനിനെ നഷ്ടപ്പെടുത്തുകയില്ല. എന്നല്ല ഇടയ്ക്ക് ശിഷ്യബന്ധമുണ്ടെങ്കിൽ പ്രത്യേകിച്ചും. താൻ തനിക്കുവേണ്ടി ഒരു വ്യാജ കറാമത്ത് ഉണ്ടാക്കിയിട്ടുണ്ടെന്നും അതിനു നീ സാക്ഷി പറയണമെന്നും തന്റെ ശിഷ്യനോടു ആരും പറയുകയില്ല. അങ്ങനെ പറഞ്ഞാൽ, ഈയാൾ വഞ്ചകനും വൃത്തികെട്ടവനുമാണെന്നും താൻ അയാളുടെ കൈയിൽ തന്റെ കൈ കൊടുത്തത് അന്യായമായിപ്പോയെന്നും തീർച്ചയായും അയാൾ മനസ്സിൽ പറയും. ഇപ്രകാരം എന്റെ ഈ പുസ്തകത്തിൽ എത്രത്തോളം പ്രവചനങ്ങൾ ഞാൻ എഴുതിയിട്ടുണ്ടോ ആയിരക്കണക്കിന് എന്റെ ശിഷ്യന്മാർ അവ സത്യമാണെന്നതിന് സാക്ഷികളാണ്. ശിഷ്യന്റെ സാക്ഷ്യത്തെ എങ്ങനെ സ്വീകരിക്കാനാണെന്ന് അജ്ഞനായ മനുഷ്യൻ ചോദിക്കും. ആ സാക്ഷ്യംപോലെ ഒരു സാക്ഷ്യവുമില്ലെന്നാണ് ഞാൻ പറയുന്നത്. കാരണം ഈ ബന്ധം ദീനിനുവേണ്ടി മാത്രമുള്ളതാണ്. തന്റെ അറിവിൽ മുഴുലോകത്തുവച്ചും കൂടുതൽ പരിശുദ്ധനും മുത്തഖിയും സത്യവാനുമായി കരുതുന്ന ആളിന്റെ ശിഷ്യത്വമാണ് ഏതൊരാളും സ്വീകരിക്കുന്നത്. നൂറുക്കണക്കിന് വ്യാജ പ്രവചനങ്ങൾ കൃതിച്ചുണ്ടാക്കി ശിഷ്യന്മാരുടെ മുമ്പിൽ കൈകൂപ്പി തനിക്കുവേണ്ടി കളവ് പറയാനും അങ്ങനെ കളവ് പറഞ്ഞ് തന്നെ ഔലിയാ ആക്കാനും പറയുന്ന ഗുരുവാണെങ്കിൽ അയാളുടെ ശിഷ്യൻ അയാളെ എങ്ങനെ നല്ലവനെന്ന് പറയും. മനസ്സുകൊണ്ടും ജീവൻകൊണ്ടും അയാൾക്കുവേണ്ടി എങ്ങനെ സേവനം ചെയ്യും! അയാളെ ശയ്ത്വാനെന്ന് പറയുകയും അയാളെതൊട്ട് ജാഗരൂകനായിരിക്കുകയുമാണ് ചെയ്യുക. ഞാൻ അത്തരം ശിഷ്യനുമേൽ ശാപം ചൊരിയുന്നു. വ്യാജമായ കറാമത്തുകൾ എന്റെ പേരിൽ കൃതിച്ചുണ്ടാക്കുന്ന അത്തരം ശിഷ്യന്റെമേൽ ഞാൻ ലഅ്നത്ത് ചൊല്ലുന്നു. അത്തരം വ്യാജമായ കറാമത്തുകൾ കൃതിച്ചുണ്ടാക്കുന്ന ഗുരുവും ശപ്തനാണ്.

**ദൃഷ്ടാന്തം: 84.** 1906 ആഗസ്ത് 5ന് ഒരിക്കൽ എന്റെ അരയുടെ താഴ്ഭാഗം തളർന്നുപോയി. ഒരടിപോലും വെക്കാൻ പറ്റാത്ത അവസ്ഥയായി. ഞാൻ യൂനാനി വൈദ്യഗ്രന്ഥങ്ങൾ ഓരോ പാഠവും പഠിച്ചിരുന്നതുകൊണ്ട് അത് പക്ഷാഘാതത്തിന്റെ അടയാളമാണെന്ന്

ശേഷം പേജ് 8ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ സന്ദർശനം 2017 (ആഗസ്റ്റ്)

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**തുടർച്ച....**

## 2017 ആഗസ്ത് 24 (വ്യാഴം)

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് രാവിലെ 5.25ന് സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം തന്റെ താമസസ്ഥലത്തേക്കുപോയി. രാവിലെ ഓഫീസുപരമായ പോസ്റ്റുകളും കത്തുകളും റിപ്പോർട്ടുകളും വായിക്കുകയും നിർദേശങ്ങൾ നല്കുകയും ചെയ്തു.

രണ്ടുമണിക്ക് ള്വുഹ്ർ അസ്ര് ജംആക്കി നമസ്കരിപ്പിച്ചു.

**ജനാസ നമസ്കാരം:**

നമസ്കാരങ്ങൾക്കു മുമ്പേ അമീറുൽമുഅ്മിനീൻ ഹാജറും ഗാഇബുമായിട്ടുള്ള ജനാസകൾ നമസ്കരിപ്പിച്ചു. പരേതാത്മക്കളുടെ പേരുകൾ താഴെപറയുന്നു.

1. ഫള്ൽ ഇലാഹി ത്വാഹിർ സാഹിബിന്റേതായിരുന്നു ഹാജറായിട്ടുണ്ടായിരുന്ന ഒരു ജനാസ. അദ്ദേഹം അല്പകാലം സുഖമില്ലാതെ കിടന്ന് 2017 ആഗസ്ത് 22 ചൊവ്വാഴ്ച വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹം മൂസിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി, ഹദ്റത്ത് മിയാൻ കരീം ബഖ്ശ് സാഹിബ് നങ്കളിയുടെ പൗത്രനായിരുന്നു. പരേതൻ തന്റെ തൊഴിലുമായി ബന്ധപ്പെട്ട് ഒരു ദീർഘകാലമായി ഫയ്സ്വലബാദിൽ താമസിക്കുകയും ഫയ്സ്വലാബാദ് പ്രദേശത്തെ നാഇബ് നാള്വിം തർബിയ്യത്തായി സേവനം ചെയ്തുവരികയുമായിരുന്നു.

2. കുൽഥൂം ബീഗം സാഹിബ ജർമനിയുടേതായിരുന്നു ഹാജരായിട്ടുണ്ടായിരുന്ന രണ്ടാമത്തെ ജനാസ. 2017 ആഗസ്ത് 23ന് 88-ാമത്തെ വയസ്സിൽ ഒരു രോഗത്തിനുശേഷം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേത സാമ്പത്തിക ത്യാഗങ്ങളിൽ അത്യുത്സാഹത്തോടെ പങ്കെടുക്കാറുണ്ടായിരുന്നു. തന്റെ വിവാഹത്തിനുമുമ്പേ വസ്വിയത്ത് വ്യവസ്ഥിതിയിൽ ചേർന്നിരുന്നു.

3. ഇദ്രീസ് അഹ്മദ് ചൗദ്രി സാഹിബിന്റേതായിരുന്നു (ജർമനി) ഗാഇബായിട്ടുള്ള ജനാസ. 2017 ആഗസ്ത് 13ന് അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേതന് ദൈവകൃപയാൽ 14 വർഷം Bad Segeberg ജമാഅത്തിന്റെ സ്വദ്റായി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. പരേതൻ അങ്ങേയറ്റം ആത്മാർഥനും കർമനിരതനുമായ ഉദ്യോഗസ്ഥനായിരുന്നു. ജമാഅത്തിന്റെ വിവിധ വകുപ്പുകളിൽ സേവനത്തിന് എപ്പോഴും മുൻപന്തിയിലുണ്ടായിരുന്നു. ദരിദ്രരോടു വേദനയുള്ളയാളും അവരെ സഹായിക്കുന്നതിന് എപ്പോഴും ശ്രമിക്കുന്നയാളുമായിരുന്നു.

അല്ലാഹു പരേതാത്മാക്കളുടെ ദർജകൾ ഉയർത്തുമാറാകട്ടെ. ആമീൻ. അമീറുൽ മുഅ്മിനീൻ പരേതാത്മാക്കളുടെ ബന്ധുമിത്രാദികളോടു അനുശോചനം പ്രകടിപ്പിക്കുകയും കൈകൊടുക്കുകയും ചെയ്തു. അതിനുശേഷമാണ് ജനാസ നമസ്കരിപ്പിച്ചത്. തുടർന്ന് മസ്ജിദിന്റെ ഹാളിലെത്തുകയും ള്വുഹ്ർ അസ്ര് ജംആക്കി നമസ്കരിപ്പിക്കുകയും ചെയ്തു. പിന്നീട് തന്റെ താമസസ്ഥലത്തേക്കു മടങ്ങി.

**Karlsruheയിലേക്കുള്ള യാത്ര:-**

ഇന്ന് പ്രോഗ്രാമനുസരിച്ച് ജർമനിയിലെ Karlsruhe (കാൽസുറെ)ലേക്കുള്ള പുറപ്പാടായിരുന്നു. 5.35ന് അമീറുൽ മുഅ്മിനീൻ താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. ദുആ ചെയ്യിച്ചു. യാത്രാസംഘം Karlsruhe നഗരത്തിലേക്ക് യാത്രയായി. ഫ്രാങ്ക്ഫോർട്ടിലെ ബയ്ത്തുസ്സുബൂഹിൽനിന്ന് കാൽസുറെ നഗരത്തിലേക്കുള്ള ദൂരം 160 കിലോമീറ്ററാണ്. K.Messe എന്നറിയപ്പെടുന്ന സ്ഥലത്താണ് ജൽസ സംഘടിപ്പിക്കുന്നത്. ഇതിന്റെ മൊത്തം വിസ്തീർണം ഒരു ലക്ഷത്തിഅമ്പതിനായിരം സ്ക്വയർ മീറ്ററാണ്. അതിന്റെ Coverd ഭാഗം എഴുപതിനായിരം സ്ക്വയർ മീറ്ററാണ്. ഇതിൽ നാലു വലിയ ഹാളുണ്ട്. ഈ നാല് ഹാളും എയർകണ്ടീഷനാണ്. ഓരോ ഹാളിന്റേയും വിസ്തീർണം 1250 സ്ക്വയർ മീറ്ററാണ്. ഓരോ ഹാളിലും കസേരകളിൽ 12000 ആളുകൾക്കിരിക്കാൻ കഴിയും. ഓരോ ഹാളിലും പതിനെട്ടായിരത്തിലധികമാളുകൾക്ക് നമസ്കരിക്കാൻ സാധിക്കും. മൊത്തത്തിൽ ഈ നാല് ഹാളോടും ചേർന്ന് 128 ടോയ്ലറ്റുകളുണ്ട്. ഇതിനു പുറമെ ഈ ഏരിയാക്കുള്ളിൽ ധാരാളം ഓഫീസുകളുണ്ട്. ധാരാളം ചെറിയ ഹാളുകളുമുണ്ട്. ഇവിടെ പത്തായിരം വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള സൗകര്യമുണ്ട്. ഏകദേശം രണ്ട് മണിക്കൂർ യാത്രയ്ക്കുശേഷം 7.35ന് അമീറുൽ മുഅ്മിനീൻ ജൽസാഗാഹിലെത്തി. ജൽസാസാലാന സംഘാടകർ അമീറുൽ മുഅ്മിനീന് ഊഷ്മളമായ വരവേല്പ് നല്കി. അമീറുൽ മുഅ്മിനീൻ കെട്ടിടത്തിന്റെ ഉള്ളിലെത്തിയപ്പോൾ പ്രവർത്തകർ ആവേശോജ്ജ്വലമായി മുദ്രാവാക്യങ്ങൾ മുഴക്കി.

**പരിശോധന:**

പരിപാടിയ നുസരിച്ച് ജൽസാസാലാനാ ഒരുക്കങ്ങളുടെ പരിശോധന ആരംഭിച്ചു. ജൽസാസാലാനയുടെ നാഇബ് ഓഫീസർമാർ ഒരു വരിയിൽ നിന്നിരുന്നു. അമീറുൽ മുഅ്മിനീൻ തന്റെ കൈ വീശി അസ്സലാമുഅലയ്ക്കും പറഞ്ഞ് അവരുടെ അടുത്തൂടെ കടന്നുപോയി. ഏറ്റവുമാദ്യം അമീറുൽ മുഅ്മിനീൻ പരിശോധിച്ചത് സെക്യൂരിറ്റി ഓപ്പറേഷൻ സെന്ററായിരുന്നു. അവിടെ ജൽസാ ഗാഹിന്റെ പ്രധാന ഭാഗങ്ങളെല്ലാം വിവിധ സ്ഥലങ്ങളിൽ പതിച്ചിട്ടുണ്ടായിരുന്നു. സെക്യൂരിറ്റി ക്യാമറയിലൂടെ Watch ചെയ്യുന്നുണ്ടായിരുന്നു. ഇപ്രകാരം സെക്യൂരിറ്റിയുടെ ഭാഗമായി ജൽസാഗാഹിന്റെ എല്ലാ ഭാഗവും സി.സി ടിവിയുടെ നിരീക്ഷണത്തിലായിരുന്നു.

അതിനുശേഷം അമീറുൽമുഅ്മിനീൻ സ്കാനിംഗ് സിസ്റ്റമിന്റെ അടുത്തൂടെ നടന്ന് MTA ഇന്റർനാഷണലിന്റെ പ്രോഗ്രാമിംഗ് എഡിറ്റിംഗ് വകുപ്പിലെത്തി. ഈ വകുപ്പിന്റെ കീഴിൽ താഴെപറയുന്ന വകുപ്പുകളും പ്രവർത്തിക്കുന്നുണ്ട്. ഓഫ് ലൈൻ, എഡിറ്റിംഗ്, ഗ്രാഫിക്സ്, സോഷ്യൽ മീഡിയ. അമീറുൽ മുഅ്മിനീൻ സംഘാടകരോടു ചില കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിച്ചു. പിന്നീട് അമീറുൽ മുഅ്മിനീൻ ഹാളിന്റെ വെളിയിലിട്ടിരുന്ന പന്തലിലെ ട്രാൻസ്ലേഷൻ വകുപ്പിൽ വന്നു. ഇവിടെ വിവിധ ഭാഷകളിൽ ജൽസാസാലാനയുടെ എല്ലാ പരിപാടികളുടേയും പ്രസംഗങ്ങളുടേയും LIVE തർജമയ്ക്കുള്ള ഏർപ്പാടും ചെയ്യപ്പെട്ടിരുന്നു. അമീറുൽ മുഅ്മിനീൻ MTA ഇന്റർനാഷണലിന്റെ ഔട്ട്സെറ്റ് ബ്രോഡ്കാസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിരുന്ന വാനും സന്ദർശിക്കുകയുണ്ടായി.

അതിനുശേഷം ഭക്ഷണസാധനങ്ങളുടെ സ്റ്റോർ റൂം അമീറുൽമുഅ്മിനീൻ നോക്കിക്കണ്ടു. വിവിധ വകുപ്പുകൾക്കാവശ്യമുള്ള ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നത് ഇവിടെനിന്നാണ്. അമീറുൽ മുഅ്മിനീൻ സംഘാടകരോടു ചില സാധനങ്ങളെ സംബന്ധിച്ച് അന്വേഷിച്ചു.

തുടർന്ന് അമീറുൽ മുഅ്മിനീൻ ലങ്കർഖാന സന്ദർശിച്ചു. മാംസം മുറിക്കുന്നതും അവ ഒരു നിശ്ചിത ഊഷ്മാവിൽ സുരക്ഷിതമാക്കി വെക്കുന്നതുമാണ് ഏറ്റവുമാദ്യം പരിശോധിച്ചത്. ഇതിനുവേണ്ടി ഒരു കണ്ടയ്നർ പോലുള്ള ഫ്രീസർ സംഘടിപ്പിച്ചിരുന്നു. അതിൽ ടൺ കണക്കിന് മാംസം സൂക്ഷിക്കാവുന്നതാണ്.

അതിനുശേഷം അമീറുൽ മുഅ്മിനീൻ ലങ്കർഖാന നോക്കിക്കണ്ടു. ഭക്ഷണം പാകം ചെയ്യാനുള്ള സംവിധാനവും ഭക്ഷണത്തിന്റെ നിലവാരവും പരിശോധിച്ചു. അവിടെ പരിപ്പുകറിയും, ഉരുളക്കിഴങ്ങിട്ട്വച്ച ഇറച്ചിക്കറിയും അതിഥികൾക്ക് നല്കാനുള്ള റൊട്ടിയും തയ്യാറാക്കി വെച്ചിരുന്നു.

അമീറുൽ മുഅ്മിനീൻ പരിപ്പുകറിയിൽനിന്നും ഉരുളക്കിഴങ്ങിട്ടുവച്ച ഇറച്ചിക്കറിയിൽനിന്നും അല്പാല്പമെടുത്തു കഴിച്ചു. രണ്ടു കറികളും നന്നായി പാകം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ചു. ഭക്ഷണത്തിന്റെ നിലവാരത്തെ സംബന്ധിച്ച് സംഘാടകരോടു സംസാരിച്ചു. ലങ്കർഖാനയിലെ ജോലിക്കാർ വലിയ സൈസിലുള്ള ഒരു കേക്ക് തയ്യാറാക്കിയിരുന്നു. അമീറുൽമുഅ്മിനീൻ വാത്സല്യത്തോടെ തന്റെ ആ സേവകർക്കുവേണ്ടി കേക്ക് മുറിച്ചു. ലങ്കർഖാനയിലെ പ്രവർത്തകർ തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമൊത്ത് ഫോട്ടോയുമെടുത്തു. ലങ്കർഖാനയ്ക്ക് വെളിയിൽ ചെമ്പുകൾ കഴുകാനുള്ള മെഷീൻ ഘടിപ്പിച്ചിരുന്നു. ഈ മെഷീൻ കഴിഞ്ഞ പത്തു വർഷമായി പ്രവർത്തിച്ചുവരുന്നതാണ്. ഓരോ വർഷവും അതിൽ ഭേദഗതികൾ വരുത്തുന്നുണ്ട്. ഈ മെഷീൻ അഹ്മദീ എഞ്ചിനിയർമാർ ചേർന്ന് തയ്യാറാക്കിയിട്ടുള്ളതാണ്. തുടക്കത്തിൽ മെഷീനുമേൽ ചെമ്പ്വച്ച് ഒരു ബട്ടൺ അമർത്തണമായിരുന്നു. പക്ഷേ, ഇപ്പോൾ ബട്ടൺ അമർത്തേണ്ടി വരുന്നില്ല. ചെമ്പ് കഴുകാനായി വെച്ചുകഴിഞ്ഞാൽ സ്വയമേവ ആട്ടോമാറ്റിക് ഫംഗ്ഷൻ ആരംഭിക്കുന്നു. ഒരു സെൻസർ സിസ്റ്റം ഘടിപ്പിച്ചിട്ടുള്ള കാരണത്താൽ സ്വയം പ്രവർത്തിക്കാൻ തുടങ്ങുന്നു. ചെമ്പ് കഴുകി വൃത്തിയായി കഴിഞ്ഞാൽ അത് സ്വയം പുറത്തുവരുന്നു. ഈ മെഷീനിൽ പ്രവർത്തിക്കുന്നവർ വരിവരിയായി മെഷീന്റെ അടുത്തുനില്പുണ്ടായിരുന്നു. അമീറുൽ മുഅ്മിനീൻ അങ്ങേയറ്റം വാത്സല്യത്തോടെ കൈയുയർത്തി അവർക്ക് *അസ്സലാമു അലയ്ക്കും* പറഞ്ഞു.

ലങ്കർഖാനയുടെ അടുത്തുതന്നെ ഒരു പ്രത്യേക പന്തലിട്ട് അതിഥികൾക്ക് വിപുലമായ നിലയിൽ ചായ തയ്യാറാക്കാനുള്ള സംവിധാനം ഒരുക്കിയിരുന്നു. അമീറുൽ മുഅ്മിനീൻ ഈ ഏർപാടിനെ സംബന്ധിച്ചും സംഘാടകരോടു ചോദിച്ചു. അതിനുശേഷം അമീറുൽ മുഅ്മിനീൻ പ്രൈവറ്റ് കൂടാരങ്ങളുടെ മുറ്റത്തേക്കു പോയി. കൂടാരങ്ങളുടെ നടുവിലുള്ള വഴിയിലൂടെ നടന്നു. വഴിയുടെ ഇരുഭാഗങ്ങളിലും ജർമനിയിലെ വിവിധ പ്രദേശങ്ങളിൽനിന്നും നഗരങ്ങളിൽനിന്നും വന്ന കുടുംബങ്ങളും അവരവരുടെ കൂടാരങ്ങൾക്ക് മുന്നിൽ നില്പുണ്ടായിരുന്നു. ചിലർ തങ്ങളുടെ കൂടാരങ്ങൾ നാട്ടുകയായിരുന്നു. എല്ലാവരും തങ്ങളുടെ കൈകളുയർത്തി അമീറുൽമുഅ്മിനീന് സലാം പറഞ്ഞു. അമീറുൽ മുഅ്മിനീൻ കൈകളുയർത്തി അവരുടെ സലാമിന് മറുപടി നല്കി. ചില കുടുംബങ്ങളുമായി കുശലാന്വേഷണവും നടത്തി. വിവിധ ഭാഗങ്ങളിൽനിന്ന് സഹോദരങ്ങൾ നിരന്തരം മുദ്രാവാക്യങ്ങളും വിളിക്കുന്നുണ്ടായിരുന്നു. അമീറുൽ മുഅ്മിനീൻ ചില കുടുംബക്കാരോടു അവരുടെ കൂടാരങ്ങളുടെ സൈസിനെ കുറിച്ചും അന്വേഷിച്ചു. ഇതിൽ എത്ര ആളുകൾക്ക് താമസിക്കാൻ കഴിയുമെന്നും ചോദിക്കുകയുണ്ടായി.

പ്രൈവറ്റ് കൂടാരങ്ങളുടെ മുറ്റത്തിന്റെ ഒരുഭാഗത്ത് പ്രൈവറ്റ് Caravan (സാർഥവാഗക സംഘം)നുവേണ്ടി ഒരുഭാഗം പ്രത്യേകപ്പെടുത്തപ്പെട്ടിരുന്നു. ആ കൂടാരങ്ങളുടേയും Caravan-ന്റേയും ചുറ്റുപാടും വേലിയും കെട്ടിയിരുന്നു. ഗേയ്റ്റും പിടിപ്പിച്ചിരുന്നു. ഈ മുറ്റത്ത് റജിസ്ട്രേഷൻ, കാർഡിന്റെ പരിശോധന, സ്കാനിംഗ് എന്നിവയ്ക്കു ശേഷമാണ് ഉള്ളിൽ പ്രവേശനമുണ്ടായിരുന്നത്.

അതിനുശേഷം അമീറുൽ മുഅ്മിനീൻ ലജ്നകളുടെ ജൽസാഗാഹിലേക്ക് പോയി. അവർക്കുള്ള ഏർപാടുകൾ

ശേഷം പേജ് 9ൽ




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)

ജൽസസാലാന ഖാദിയാൻ 2017
എല്ലാ ജമാഅത്തംഗങ്ങൾക്കും
ആശംസകളോടെ......

എം. അബ്ദുൽ വഹാബ് (Business)
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**ഇന്ന് അല്ലാഹുവിന്റെ കൃപയാൽ യു.കെ മജ്‌ലിസ് അൻസ്വാറുല്ലായുടെ സാലാന ഇജ്തിമാ ആരംഭിക്കുകയാണ്. ഇതു സംബന്ധമായി ഞാൻ മജ്‌ലിസ് അൻസ്വാറുല്ലായോട് അങ്ങേയറ്റം പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമായ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. അത് നമസ്കാരമാണ്.**

**നമസ്കാരം അനുഷ്ഠിക്കേണ്ടത് എല്ലാ മുഅ്മിനുകൾക്കും നിർബന്ധ കടമയാണ്. പക്ഷേ, 40 വയസ്സിനുശേഷം സമയം വേഗത്തിൽ വന്നുകൊണ്ടിരിക്കുന്നുവെന്നും അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകണമെന്നും അവിടെ തങ്ങളുടെ എല്ലാ കർമങ്ങളുടേയും കണക്കെടുപ്പുണ്ടാകുമെന്നും കണ്ട് അല്ലാഹുവിനെ ആരാധിക്കുന്നതിലേക്കും നമസ്കാരത്തിലേക്കും കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.**

**നമസ്കാരം അനുഷ്ഠിക്കുന്നതിലേക്ക് അല്ലാഹു ശ്രദ്ധ ക്ഷണിച്ചപ്പോഴെല്ലാം എല്ലാ നമസ്കാരങ്ങളും പതിവായും കൃത്യസമയത്തും ജമാഅത്തോടുകൂടിയും അനുഷ്ഠിക്കണമെന്നും പറയുകയുണ്ടായി. നമസ്കാരം നിലനിറുത്തുക എന്നാണ് കല്പന. നമസ്കാരം നിലനിറുത്തുക എന്നതിന്റെ അർഥംതന്നെ നമസ്കാരം സമയത്തും ജമാഅത്തോടുംകൂടിയും നിർവഹിക്കുക എന്നാണ്.**

**അൻസ്വാറുല്ലായിലെ എല്ലാ അംഗങ്ങളും ഏറ്റവും കൂടുതൽ ജമാഅത്തോടുകൂടി നമസ്കരിക്കുന്ന ശീലമുള്ളവരാകാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നല്ല ഓരോ നാസ്വിറും ആത്മപരിശോധന നടത്തേണ്ടതാണ്. ജമാഅത്തായി നമസ്കരിക്കുന്നതിന്റെ ശീലമുള്ളവരാകാൻ ശ്രമിക്കേണ്ടതാണ്. രോഗമോ കഴിവില്ലായ്മയോ ഉണ്ടായാലൊഴികെ ജമാഅത്തോടുകൂടി നമസ്കരിക്കാൻ അങ്ങേയറ്റം ശ്രമിക്കേണ്ടതാണ്. അടുത്ത് മസ്ജിദോ നമസ്കരിക്കാനുള്ള സെന്ററോ ഇല്ലെങ്കിൽ പ്രദേശത്തുള്ളവർക്ക് ഏതെങ്കിലും വീട്ടിൽ ഒത്തുകൂടി ജമാഅത്തായി നമസ്കരിക്കാവുന്നതാണ്. ഇനി ഈ സൗകര്യവുമില്ലെങ്കിൽ വീട്ടിലെ ആളുകൾ ചേർന്ന് ജമാഅത്തായി നമസ്കരിക്കുക. ഇതുമുഖേന കുട്ടികൾക്കും യുവാക്കൾക്കും നമസ്കാരത്തിന്റേയും ജമാഅത്തായിട്ടുള്ള നമസ്കാരത്തിന്റേയും പ്രാധാന്യവും മനസ്സിലാകുന്നതാണ്.**

**അൻസ്വാറുല്ലാഹ് യഥാർഥ നിലയിൽ അൻസ്വാറായിത്തീരുന്നത് അല്ലാഹുവിന്റെ ദീനിനെ നിലനിറുത്തുന്നതിനും അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനും ചെയ്യിക്കുന്നതിനും തങ്ങളുടെ പങ്കു വഹിക്കുമ്പോഴാണ്. അല്ലാഹുവിനെ ആരാധിക്കുക, -അതാണ് മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം- അതനുസരിച്ച് പ്രവൃത്തിക്കുകയും ആരുടെ മേൽനോട്ടക്കാരനാണോ ആക്കിയിരിക്കുന്നത് അവരെക്കൊണ്ട് പണിയെടുപ്പിക്കുകയും അല്ലെങ്കിൽ പണിയെടുപ്പിക്കാൻ ശ്രമിക്കുകയും തങ്ങളുടെ മാതൃക കാഴ്ച വെക്കുകയും ചെയ്യുന്നില്ലെങ്കിൽ പേരിനുമാത്രമുള്ള അൻസ്വാറുല്ലാ ആയിരിക്കും.**

**അതിനാൽ ഓരോ നാസ്വിറും പ്രത്യേകമായ നിലയിൽ നമസ്കാരം എത്രകണ്ട് നിഷ്ഠാബാധ്യതയോടെ പാലിക്കുന്നുണ്ടെന്നും എത്രത്തോളം തങ്ങളുടെ കുട്ടികളുടെ മുമ്പിൽ മാതൃക കാഴ്ചവെക്കുന്നുണ്ടെന്നും തന്റെ നമസ്കാരങ്ങളുടെ അവസ്ഥ എന്താണെന്നും ഭാരമെന്നു കരുതിയാണോ നമസ്കരിക്കുന്നതെന്നും അതല്ല യഥാർഥത്തിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനാണോ ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നതെന്നും ആത്മപരിശോധന നടത്തേണ്ടതാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)നമസ്കാരത്തിന്റെ പ്രാധാന്യം, അത് നിർബന്ധമാക്കൽ, അതിന്റെ യുക്തി, അത് നിർവഹിക്കേണ്ട രീതി, അതിന്റെ ഉദ്ദേശ്യം അതിന്റെ തത്ത്വം അതിന്റെ സമയനിർണയത്തിന്റെ തത്ത്വശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ വിവിധ വശങ്ങളിലൂടെ ആവർത്തിച്ചാവർത്തിച്ച് വിവിധ അവസരങ്ങളിൽ പറയുകയുണ്ടായി. നമസ്കാരത്തിന്റെ പ്രാധാന്യത്തിന്റേയും യുക്തിയുടേയുംമേൽ വെളിച്ചം വീശുന്ന ആ മഹാത്മാവിന്റെ ചില നിർദേശങ്ങൾ ഇപ്പോൾ ഞാൻ സമർപിക്കുന്നതായിരിക്കും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2017 സെപ്റ്റംബർ 29/1396 തബൂക് 29**

**ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْمِ -بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ-الرَّحْمٰنِ الرَّحِيْمِ-مٰلِكِ يَوْمِ الدِّيْنِ-اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-اِهْدِنَا

الصِّرَاطَ الْمُسْتَقِيْمَ-صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്ന് അല്ലാഹുവിന്റെ കൃപയാൽ യു. കെ മജ്‌ലിസ് അൻസ്വാറുല്ലായുടെ സാലാന ഇജ്തിമാ ആരംഭിക്കുകയാണ്. ഇതു സംബന്ധമായി ഞാൻ മജ്‌ലിസ് അൻസ്വാറുല്ലായോട് അങ്ങേയറ്റം പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമായ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. അത് നമസ്കാരമാണ്. നമസ്കാരം അനുഷ്ഠിക്കേണ്ടത് എല്ലാ മുഅ്മിനുകൾക്കും നിർബന്ധ കടമയാണ്. പക്ഷേ, 40 വയസ്സിനുശേഷം ഓരോ ദിവസം കഴിയുന്തോറും തന്റെ ജീവിതദിനങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്ന ബോധം മുമ്പേയുള്ളതിനെക്കാൾ കൂടുതലുണ്ടാകേണ്ടതാണ്. അത്തരം അവസ്ഥയിൽ സമയം വേഗത്തിൽ വന്നുകൊണ്ടിരിക്കുന്നുവെന്നും താൻ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകണമെന്നും അവിടെ തങ്ങളുടെ എല്ലാ കർമങ്ങളുടേയും കണക്കെടുപ്പുണ്ടാകുമെന്നുംകണ്ട് അല്ലാഹുവിനെ ആരാധിക്കുന്നതിലേക്കും നമസ്കാരത്തിലേക്കും കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതാണ്. അതിനാൽ ഇത്തരം പരിതഃസ്ഥിതിയിൽ ഒരു മുഅ്മിന്, മരണത്തിനുശേഷം ജീവിതമുണ്ടെന്ന് വിശ്വസിക്കുന്ന ഓരോ വ്യക്തിക്കും തങ്ങൾ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നവരും അവന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുന്നവരും ആയിരിക്കണമെന്നുള്ള ചിന്ത ഉണ്ടായിരിക്കേണ്ടതാണ്. തങ്ങളുടെ പരിശ്രമമനുസരിച്ച് ഈ കടമകൾ നിറവേറ്റുന്ന സ്ഥിതിയിൽ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകുന്നവരാകണം.

നമസ്കാരം അനുഷ്ഠിക്കുന്നതിലേക്ക് അല്ലാഹു ശ്രദ്ധ ക്ഷണിച്ചപ്പോഴെല്ലാം എല്ലാ നമസ്കാരങ്ങളും പതിവായും കൃത്യസമയത്തും ജമാഅത്തോടുകൂടിയും അനുഷ്ഠിക്കണമെന്നും പറയുകയുണ്ടായി. നമസ്കാരം നിലനിറുത്തുക എന്നാണ് കല്പന. നമസ്കാരം നിലനിറുത്തുക എന്നതിന്റെ അർഥം തന്നെ നമസ്കാരം സമയത്തും ജമാഅത്തോടുംകൂടിയും നിർവഹിക്കുക എന്നാണ്. പക്ഷേ, അൻസ്വാറുല്ലായും തങ്ങളുടെ റിപ്പോർട്ടുകളിൽനിന്ന് വിലയിരുത്തിയിട്ടുണ്ടാകും-വിലയിരുത്തേണ്ടതാണ്-അൻസ്വാറിന്റെ പ്രായം ദൃഢവും ഗൗരവമുള്ളതും ആയിരുന്നിട്ടുകൂടി ജമാഅത്തായി നമസ്കരിക്കുന്നതിലേക്ക് വേണ്ടത്ര ശ്രദ്ധ ഉണ്ടാകുന്നില്ലെന്ന് കാണാൻ കഴിയുന്നു. അതിനാൽ പ്രത്യേകമായ നിലയിൽ അൻസ്വാറുല്ലായിലെ എല്ലാ അംഗങ്ങളും ഏറ്റവും കൂടുതൽ ജമാഅത്തോടുകൂടി നമസ്കരിക്കുന്ന ശീലമുള്ളവരാകാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നല്ല ഓരോ നാസ്വിറും ആത്മപരിശോധന നടത്തേണ്ടതാണ്. ജമാഅത്തായി നമസ്കരിക്കുന്നതിന്റെ ശീലമുള്ളവരാകാൻ ശ്രമിക്കേണ്ടതാണ്. രോഗമോ ക്ഷീണമോ ഉണ്ടായാലൊഴികെ ജമാഅത്തോടുകൂടി നമസ്കരിക്കാൻ അങ്ങേയറ്റം ശ്രമിക്കേ

ണ്ടതാണ്. അടുത്ത് മസ്ജിദോ നമസ്കരിക്കാനുള്ള സെന്ററോ ഇല്ലെങ്കിൽ ഒരു പ്രദേശത്തുള്ളവർക്ക് ഏതെങ്കിലും വീട്ടിൽ ഒത്തുകൂടി ജമാഅത്തായി നമസ്കരിക്കാവുന്നതാണ്. ഇനി ഈ സൗകര്യവുമില്ലെങ്കിൽ വീട്ടിലെ ആളുകൾ ചേർന്ന് ജമാഅത്തയി നമസ്കരിക്കുക. ഇതുമുഖേന കുട്ടികൾക്കും യുവാക്കൾക്കും നമസ്കാരത്തിന്റേയും ജമാഅത്തായിട്ടുള്ള നമസ്കാരത്തിന്റേയും പ്രാധാന്യവും മനസ്സിലാകുന്നതാണ്.

അൻസ്വാറുല്ലാഹ് യഥാർഥ നിലയിൽ അൻസ്വാറായിത്തീരുന്നത് അല്ലാഹുവിന്റെ ദീനിനെ നിലനിറുത്തുന്നതിനും അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനും ചെയ്യിക്കുന്നതിനും തങ്ങളുടെ പങ്കു വഹിക്കുമ്പോഴാണ്. അല്ലാഹുവിനെ ആരാധിക്കുക-അതാണ് മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം- അതനുസരിച്ച് പ്രവൃത്തിക്കുകയും ആരുടെ മേൽനോട്ടക്കാരനാണോ ആക്കിയിരിക്കുന്നത് അവരെക്കൊണ്ട് പണിയെടുപ്പിക്കുകയും അല്ലെങ്കിൽ പണിയെടുപ്പിക്കാൻ ശ്രമിക്കുകയും തങ്ങളുടെ മാതൃക കാഴ്ച വെക്കുകയും ചെയ്യുന്നില്ലെങ്കിൽ പേരിനുമാത്രമുള്ള അൻസ്വാറുല്ലാ ആയിരിക്കും. ഇന്ന് വാളുകൾകൊണ്ടും കുന്തങ്ങൾകൊണ്ടുമുള്ള യുദ്ധങ്ങളല്ല നടക്കുന്നത്. അവിടെയാണ് സഹായികളെ ആവശ്യമുള്ളത്. നമ്മൾ വിജയം വരിക്കാനുള്ള ആയുധം ദുആയാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുകയുണ്ടായി. (മൽഫൂദാത്ത് വാള്യം 9 പേജ് 28, 1985 ലണ്ടൻ പതിപ്പ്) അതുകൊണ്ട് അൻസ്വാറുല്ലാഹ് ആകാൻ ഈ ദുആയുടെ ആയുധത്തെ ഉപയോഗിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു പറഞ്ഞു തന്നിട്ടുള്ള മാർഗമനുസരിച്ച് ഈ ആയുധം ഉപയോഗിക്കുക എന്നത് അതിന് ആവശ്യമാണ്. ഇതുണ്ടാകുമ്പോൾ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ചെയ്ത ബയ്അത്തിന്റേയും ശരിയായ കടമ നിർവഹിക്കുന്നവരാകും. താൻ പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കാതേയും തങ്ങളുടെ ഉള്ളിൽ മാറ്റങ്ങൾ ഉണ്ടാക്കാതേയും ആരാധനയോടുള്ള കടമ നിറവേറ്റാതേയുമിരിക്കുകയാണെങ്കിൽ തന്റെ ബയ്അത്തിൽ വന്നതുകൊണ്ട് ഒരു പ്രയോജനവുമില്ലെന്ന് അവിടന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു.(മൽഫൂദാത്ത് വാള്യം 10 പേജ് 140, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ഓരോ നാസിറും പ്രത്യേകമായ നിലയിൽ നമസ്കാരം എത്രകണ്ട് നിഷ്ഠാബാധ്യതയോടെ പാലിക്കുന്നുണ്ടെന്നും എത്രത്തോളം തന്റെ കുട്ടികളുടെ മുമ്പിൽ മാതൃക കാഴ്ചവെക്കുന്നുണ്ടെന്നും തന്റെ നമസ്കാരങ്ങളുടെ അവസ്ഥ എന്താണെന്നും ഭാരമെന്നു കരുതിയാണോ നമസ്കരിക്കുന്നതെന്നും അതല്ല യഥാർഥത്തിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനാണോ ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നതെന്നും ആത്മപരിശോധന നടത്തേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരത്തിന്റെ പ്രാധാന്യം, അത് നിർബന്ധമാക്കൽ, അതിന്റെ യുക്തി, അത് നിർവഹിക്കേണ്ട രീതി, അതിന്റെ ഉദ്ദേശ്യം അതിന്റെ തത്ത്വം അതിന്റെ സമയനിർണയത്തിന്റെ തത്ത്വശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ വിവിധ വശങ്ങളിലൂടെ ആവർത്തിച്ചാവർത്തിച്ച് വിവിധ അവസരങ്ങളിൽ പറയുകയുണ്ടായി. നമസ്കാരത്തിന്റെ പ്രാധാന്യത്തിന്റേയും യുക്തിയുടേയുംമേൽ വെളിച്ചം വീശുന്ന ആ മഹാത്മാവിന്റെ ചില നിർദേശങ്ങൾ ഇപ്പോൾ ഞാൻ സമർപിക്കുന്നതായിരിക്കും. നമസ്കാരങ്ങൾ കൃത്യമായും നിർബന്ധമായും അനുഷ്ഠിക്കേണ്ടുന്നതിനെ സംബന്ധിച്ച് ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "നമസ്കാരങ്ങൾ കൃത്യമായും നിർബന്ധമായും അനുഷ്ഠിക്കുക." പറഞ്ഞു: "ചിലയാളുകൾ കേവലം ഒരു നേരമാണ് നമസ്കരിക്കുന്നത്. അവർ ഓർക്കുക! നമസ്കാരം മാപ്പാക്കപ്പെടുകയില്ല. പ്രവാചകന്മാർക്കുപോലും മാപ്പാക്കപ്പെട്ടിട്ടില്ല. ഒരു ഹദീഥിൽ വന്നിരിക്കുന്നു: നബി(സ)തിരുമേനിയുടെ അടുക്കൽ പുതുവിശ്വാസികളുടെ ഒരു സംഘം വന്നു. അവർ നമസ്കാരം മാപ്പാക്കണമെന്ന് ആഗ്രഹിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'ഏതൊരു മതത്തിലാണോ കർമമില്ലാത്തത് അത് മതംതന്നെയല്ല.' അതുകൊണ്ട് അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് കർമങ്ങൾ ചെയ്യണമെന്ന കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക." പറയുന്നു: "ആകാശവും ഭൂമിയും തന്റെ കല്പനയാൽ നിലകൊള്ളുന്നത് അല്ലാഹുവിന്റെ അടയാളങ്ങളിൽ ഒരടയാളമാണെന്ന് അല്ലാഹു പറയുന്നു." അല്ലാഹുവിന്റെ ഇഷ്ടമുണ്ടെങ്കിൽമാത്രമേ ഭൂമിയും ആകാശവും നിലകൊള്ളുകയുള്ളു; ഇല്ലെങ്കിൽ ഇല്ല. പറഞ്ഞു: "ഭൗതികതയിലേക്ക് ചാഞ്ഞുകൊണ്ടിരിക്കുന്ന ആളുകൾ പ്രകൃതിവാദികളുടെ മതം പിന്തുടരാൻ പറ്റിയതാണെന്ന് ചില ഘട്ടങ്ങളിൽ പറയാറുണ്ട്. കാരണം ആരോഗ്യസംരക്ഷണത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങളനുസരിച്ച് പ്രവൃത്തിക്കുന്നില്ലെങ്കിൽ ഭക്തികൊണ്ടും പരിശുദ്ധികൊണ്ടും എന്ത് ഫലമുണ്ടാകാനാണ്?" (അവരവരുടേതായ ദർശനങ്ങൾ ആളുകൾ തിരുകികയറ്റിയിരിക്കുന്നു). അവിടന്ന് പറയുന്നു: "അല്ലാഹുവിന്റെ അടയാളങ്ങളിൽ ഇങ്ങനെയൊരു അടയാളവുമുണ്ടെന്ന് മനസ്സിലാക്കുക; അതായത് ചില സമയത്ത് മരുന്നുകൾ നിഷ്ഫലമായിപ്പോകാറുണ്ട്. ആരോഗ്യപരമായ സംരക്ഷണത്തിനുള്ള കാരണങ്ങളും അപ്പോൾ ഫലം ചെയ്യുകയില്ല. മരുന്നും ഫലിക്കുകയില്ല. വൈദ്യനും പ്രയോജനപ്പെടുകയില്ല. പക്ഷേ, അല്ലാഹുവിന്റെ കല്പനയുണ്ടെങ്കിൽ തലകുത്തനെ കിടക്കുന്നവൻ നേരെയാകുന്നതായിരിക്കും." (മൽഫൂദാത്ത്, വാള്യം 1, പേജ് 263, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ഇതിന് അനിവാര്യമായിട്ടുള്ളത് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുകയാണ്. അതിനുള്ള ഏറ്റവും ഉത്തമമായ മാർഗം അവനെ ആരാധിക്കുകയാണ്. ആരാധനകളിൽ നമസ്കാരാനുഷ്ഠാനവുമുണ്ട്.

പിന്നീട് നമസ്കാരത്തിന്റെ യാഥാർഥ്യം, പ്രാധാന്യം, അതിന്റെ ആവശ്യകത നമസ്കാരത്തിന്റെ സ്ഥിതി എന്തായിരിക്കേണ്ടതാണ് തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "നമസ്കാരം എന്താണ്? പറഞ്ഞു: "ഇത് ഒരു പ്രത്യേക പ്രാർഥനയാണ്. എന്നാൽ, ജനങ്ങൾ ഇതിനെ രാജാക്കന്മാരുടെ ടാക്സായിട്ടാണ് മനസ്സിലാക്കുന്നത്. ഈ വിവരമില്ലാത്തവർ അല്ലാഹുവിന് ഇക്കാര്യങ്ങളുടെ ആവശ്യമെന്താണെന്നുപോലും അറിയുകയില്ല. മനുഷ്യൻ ദുആ, തസ്ബീഹ്, തഹ്ലീൽ തുടങ്ങിയവയിൽ മുഴുകുന്നതുകൊണ്ട് പരാശ്രയരഹിതനായ അല്ലാഹുവിന് എന്ത് നേട്ടമാണുള്ളത്? എന്നല്ല അതിൽ മനുഷ്യന് സ്വന്തം നേട്ടമാണുള്ളത്; അവൻ ഈ മാർഗത്തിലൂടെ തന്റെ ലക്ഷ്യത്തിൽ എത്തുന്നു."(നമസ്കാരങ്ങൾ മുഖേന മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു. അവന്റെ ജീവിതലക്ഷ്യം സമ്പൂർത്തീകരിക്കപ്പെടുന്നു. ലക്ഷ്യത്തിലെത്തുന്നു). പറഞ്ഞു: "ഈയിടെയായി ആരാധനാകർമങ്ങളോടും ഈശ്വരഭക്തിയോടും ദൈവവിശ്വാസത്തോടും സ്നേഹമില്ലാത്തതുകാണുമ്പോൾ എനിക്കു വലിയ വിഷമം തോന്നുന്നു. ഇതിനുകാരണം വിഷലിപ്തമായ അനാചാരങ്ങളുടെ സ്വാധീനമാണ്. ഇക്കാരണത്താൽ അല്ലാഹുവിനോടുള്ള സ്നേഹം തണുത്ത് പോയിരിക്കുന്നു. ഇബാദത്ത് അഥവാ ആരാധനാ കർമങ്ങളിൽ എത്തരത്തിലുള്ള രുചിയാണോ ഉണ്ടാകേണ്ടത് അതുണ്ടാകുന്നില്ല." പറഞ്ഞു: "ആനന്ദവും ഒരു പ്രത്യേക രുചിയും അല്ലാഹു വെച്ചിട്ടില്ലാത്തതായ ഒരുവസ്തുവും ലോകത്തില്ല."(എല്ലാ വസ്തുവിലും രുചി വെച്ചിട്ടുണ്ട്. മനുഷ്യൻ അതിൽ ഒരു പ്രത്യേകതരത്തിലുള്ള രുചി അനുഭവിക്കുന്നു). പറഞ്ഞു: "ഒരു രോഗിക്ക് രുചികരമായ ഭക്ഷണത്തിൽനിന്ന് ഫലമെടുക്കാൻ കഴിയുന്നില്ല. അവനത് തികച്ചും കയ്പുള്ളതായിട്ടായിരിക്കും അനുഭവപ്പെടുക." (അതായത് രോഗിയുടെ വായിൽ കയ്പുണ്ടാകും. നാവാണെങ്കിൽ തടിച്ചതുപോലെയുണ്ടാകും അവന് ഒരു ഭക്ഷണത്തിലും രുചി അനുഭവപ്പെടുകയില്ല. മിക്ക രോഗികളുടെയും അവസ്ഥ ഇങ്ങനെയാണ് കാണുന്നത്.) "ഇതുപോലെ തന്നെയാണ് ആരാധനാകർമങ്ങളിൽ രുചിയും സ്വാദും ലഭിക്കാത്തവൻ. അവർ തങ്ങളുടെ രോഗത്തെ സംബന്ധിച്ച് ചിന്തിക്കേണ്ടതാണ്." (നമസ്കാരത്തിൽ രുചിയുണ്ടാകാത്തവൻ എന്നതിന്റെ അർഥം അവൻ രോഗിയാണെന്നാണ്.) പറഞ്ഞു: "ഞാനിപ്പോൾ പറഞ്ഞതുപോലെ അല്ലാഹു എന്തെങ്കിലുമൊക്കെ രുചി വെച്ചിട്ടില്ലാത്തതായ ഒരു വസ്തുവും ലോകത്തില്ല. അല്ലാഹു മനുഷ്യരെ ആരാധനയ്ക്കായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. അപ്പോൾ പിന്നെ ആരാധനയിൽ രുചിയും ആനന്ദവും വെക്കാതിരിക്കാൻ എന്തു അവന് ന്യായമാണുള്ളത്. രുചിയും ആനന്ദവും എന്തായാലമുണ്ട്; എന്നാൽ, ആ രുചി ആസ്വദിക്കുന്നവനുണ്ടാകണം. അല്ലാഹു പറയുന്നു: *വമാ ഖലഖ്ത്തുൽ ജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ*(51:57). "മനുഷ്യൻ ആരാധനയ്ക്കായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള സ്ഥിതിക്ക്, (പിന്നെ)ആരാധനയിൽ അങ്ങേയറ്റം രുചിയും ആനന്ദാനുഭൂതിയും വെക്കപ്പെടേണ്ടത് നിർബന്ധമാണ്."(ഉന്നതനിലയിലുള്ള ആനന്ദാനുഭൂതിയും രുചിയും ഉണ്ടാകേണ്ടതാണ്. ഇല്ലെങ്കിൽ അല്ലാഹു കേവലം മനുഷ്യനെ സൃഷ്ടിക്കുകയും അതിനു ഒരു ഉദ്ദേശ്യവും ഇല്ലാതിരിക്കുകയും അല്ലെങ്കിൽ ഒരു ഫലമോ ആനന്ദമോ അതിൽനിന്ന് ലഭിക്കാതിരിക്കുകയുമാണെങ്കിൽ ആ ജോലി മനുഷ്യൻ ചെയ്യുന്നതെങ്ങനെ?) പറഞ്ഞു:"ഇക്കാര്യം നമ്മൾ നിത്യവും കാണുന്നതിൽനിന്നും അനുഭവിക്കുന്നതിൽനിന്നും നല്ലവണ്ണം മനസ്സിലാകുന്നതാണ്. ഉദാഹരണത്തിന് നോക്കുക! കഴിക്കാനും കുടിക്കാനുമുള്ള എല്ലാ വസ്തുക്കളും മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്." അതിൽനിന്ന് അവർ ഒരു രുചിയും ആനന്ദവും പ്രാപിക്കുന്നില്ലേ? അത് രുചിക്കുന്നതിനും ആസ്വദിക്കുന്നതിനും അനുഭവിക്കുന്നതിനുംവേണ്ടി അവന്റെ വായിൽ നാവില്ലേ? "ആ മനോഹരമായ വസ്തുക്കളെ കണ്ട് അവ സസ്യങ്ങളാവട്ടെ അല്ലെങ്കിൽ ഖരപദാർഥങ്ങളാകട്ടെ (ചെടികളാവട്ടെ, ഫലങ്ങളാവട്ടെ, പർവ്വതങ്ങളാവട്ടെ ഏതു മനോഹരമായ വസ്തുക്കളുമാവട്ടെ) മൃഗങ്ങളാവട്ടെ, അല്ലെങ്കിൽ മനുഷ്യരാവട്ടെ രുചി ആസ്വദിക്കുന്നില്ലേ!"(അവയെ കണ്ട് തീർച്ചയായും അവർ ആനന്ദിക്കുന്നുണ്ടാകും.) പറഞ്ഞു: "മധുരമുള്ള സ്വരവും ശബ്ദങ്ങളും അവന്റെ ചെവിക്ക് ആനന്ദം പകരുന്നില്ലേ. ഇതിന് തെളിവായി മറ്റെന്തെങ്കിലും കാര്യത്തിന്റെ ആവശ്യമുണ്ടോ? ആരാധനയിൽ രുചിയില്ലേ?" തുടർന്ന് അവിടന്ന് പറഞ്ഞു: നാം സ്ത്രീയേയും പുരുഷനേയും ജോഡിയായി സൃഷ്ടിച്ചിരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു. പുരുഷന് സ്ത്രീയോടു താൽപര്യവും നല്കി. അതിൽ ഒരു ബലാൽക്കാരവും വെച്ചില്ല. മറിച്ച്, ഒരു രുചി കാണിച്ചുകൊടുത്തിരിക്കുന്നു. വെറും സന്താനങ്ങൾ ഉണ്ടാകുകയും പാരമ്പര്യം നിലനിറുത്തുകയുമായിരുന്നു ഉദ്ദേശ്യമെങ്കിൽ അതിന്റെ ഉദ്ദേശ്യം പൂർണമാവുകയില്ലായിരുന്നു.

അവിടന്ന് പറയുന്നു:"നല്ലവണ്ണം ഓർത്തുകൊള്ളുക! ആരാധനയും ഒരു ഭാരമോ ടാക്സോ അല്ല!

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്ബ ജുമുഅ, 2017 മെയ് 5)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

അതിലും ഒരു രുചിയും സ്വാദുമുണ്ട്. ഈ രുചിയും സ്വാദും ലോകത്തിലെ സകല രുചികളെക്കാളും സകല സൗഭാഗ്യങ്ങളെക്കാളുമുപരിയും ഉയർന്നതുമാണ്." പറയുന്നു: "ഒരു രോഗി നല്ലതിൽനല്ലതായ ഭക്ഷണത്തിൽനിന്നും നല്ലസ്വാദുള്ള ഭക്ഷണത്തിന്റെ സ്വാദിൽനിന്നും തടയപ്പെട്ടവനാണ്. തികച്ചും ഇതേ രീതിയിൽ, അതേ അങ്ങനെത്തന്നെ!ആരാധനാകർമങ്ങളിൽനിന്ന് ആനന്ദാനുഭൂതി പ്രാപിക്കാത്തവൻ ദൗർഭാഗ്യവാനാണ്.'(മൽഫൂദാത്ത് വാള്യം 1 പേജ് 159-160, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ നമസ്കാരത്തിൽ ആനന്ദമുണ്ടാകാതെ അല്ലാഹുവിന്റെ കൃപയിൽനിന്ന് പിന്തള്ളപ്പെടുന്നതും നമസ്കാരത്തിലേക്ക് ശ്രദ്ധിക്കാതിരിക്കലും മനുഷ്യന്റെ ദൗർബല്യമാണ്. നമ്മളിൽ ഇത്തരത്തിലുള്ളവർ ആരാണെങ്കിലും അവർ ചിന്തിക്കേണ്ടതാണ്."

യഥാർഥ നമസ്കാരം ഏതുതരത്തിലുള്ളതാണെന്നും എങ്ങനെയുള്ളതായിരിക്കണമെന്നും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ദുൻയാവും ദീനും സുവർണമാകുന്നതരത്തിലുള്ളതാണ് ഈ നമസ്കാരമെന്ന് ഓർക്കുക. പക്ഷേ, അധികമാളുകളും നമസ്കരിക്കുന്ന നമസ്കാരം അവരുടെമേൽ ശാപം ചൊരിയുന്നതാണ്. *ഫ വയ്ലുല്ലിൽ മുസ്വല്ലീൻ അല്ലദീനഹും അൻ സ്വലാത്തിഹിം സാഹൂൻ* എന്ന് അല്ലാഹു പറഞ്ഞതുപോലെ! (107:5-6) അതായത് നമസ്കാരത്തിന്റെ യാഥാർഥ്യത്തിൽനിന്നു അജ്ഞരായ നമസ്കാരക്കാരുടെമേൽ ശാപം! പറഞ്ഞു: "നമസ്കാരമെന്താണെന്നുവച്ചാൽ മനുഷ്യൻ അതു നിർവഹിക്കുമ്പോൾ എല്ലാ തരത്തിലുള്ള ദുഷ്കർമങ്ങളിൽനിന്നും ചീത്തപ്രവൃത്തികളിൽനിന്നും അവൻ രക്ഷിക്കപ്പെടുന്നു...... ഇത്തരത്തിൽ നമസ്കരിക്കുക എന്നത് മനുഷ്യന്റെ അധികാരത്തിൽപ്പെട്ടതല്ല. ഈ മാർഗം അല്ലാഹുവിന്റെ സഹായവും രക്ഷണവും കൂടാതെ കരസ്ഥമാകുകയില്ല. മനുഷ്യൻ പ്രാർഥനയിൽ വ്യാപൃതനായിരിക്കാത്തിടത്തോളം ഇത്തരത്തിലുള്ള വിനയനമ്രാദിഭാവങ്ങൾ ഉണ്ടാകുക സാധ്യമല്ല."(നമസ്കരിക്കുന്നതിനും ഈ സ്ഥാനം കരസ്ഥമാക്കുന്നതിനും എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടുന്നതിനും ഇവിടെ മനുഷ്യന് ഒരു അധ്വാനത്തിന്റേയും അല്ലാഹുവിന്റെ കൃപ കരസ്ഥമാക്കേണ്ടതിന്റേയും ആവശ്യമുണ്ട്. അതിന് വിനയനമ്രാദി അവസ്ഥ അനുപേക്ഷണീയമാണ്.) അവിടന്ന് പറയുന്നു: "അതുകൊണ്ട് നിങ്ങളുടെ പകലും രാത്രിയും എന്നല്ല ഒരു നിമിഷവും പ്രാർഥനയില്ലാതെ വിട്ടുകളയരുത്. (മൽഫൂദാത്ത് വാള്യം 10 പേജ് 66-67, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ നമസ്കാരത്തിലെ രുചിയും സ്വാദും കരസ്ഥമാക്കുന്നതിന് അല്ലാഹുവിന്റെ ഫള്ൽ അഥവാ കൃപ കരസ്ഥമാക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ ഫള്ൽ ചോദിക്കുന്നതിന് അവന്റെ മുമ്പിൽത്തന്നെ വീണ്ടും കുനിയേണ്ട ആവശ്യമുണ്ട്. നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴുമെല്ലാം അവനെ സ്മരിക്കേണ്ട ആവശ്യമുണ്ട്. വിനയം ചോദിക്കേണ്ട ആവശ്യമുണ്ട്. ഈ അവസ്ഥ മനുഷ്യനുണ്ടാക്കുമ്പോൾ നമസ്കാരത്തിന്റെ രുചിയും വരുന്നതാണ്. നമസ്കാരത്തിൽ രുചിയുണ്ടാകാത്ത കാരണവും അതിന്റെ ചികിത്സയും വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: ജനങ്ങൾ നമസ്കാരങ്ങളിൽ അശ്രദ്ധരും അലസരുമാകുന്നത് അവർക്ക് അല്ലാഹു നമസ്കാരത്തിൽ വെച്ചിട്ടുള്ള സ്വാദിനേയും രുചിയേയും കുറിച്ച് അറിയാത്തതാണ്. വലിയ കാരണം ഇതുതന്നെയാണ്. പിന്നീട് നഗരങ്ങളിലും ഗ്രാമങ്ങളിലും അതിനേക്കാൾ കൂടുതൽ അശ്രദ്ധയും അലംഭാവവും ഉണ്ടാകുന്നു. (ജനങ്ങളുടെ ഇടയിൽ വസിക്കുന്നവർ കൂടുതൽ തിരക്കുള്ളവരാണ്. അവർ തങ്ങളുടെ ജോലികാരണത്താലും കൂടുതൽ അലസരാകുന്നു.) പറഞ്ഞു: "50% പേരും പൂർണമായ കഴിവോടും സത്യമായ സ്നേഹത്തോടുംകൂടി തങ്ങളുടെ യഥാർഥ യജമാനന്റെ സന്നിധിയിൽ തലകുനിക്കാത്തവരാണ്. അപ്പോൾ ചോദ്യം, എന്തുകൊണ്ട് അവർക്ക് ഈ രുചിയെക്കുറിച്ച് അറിയില്ല? എന്നാണ്. അവർ ഒരിക്കലും ഈ രുചി അനുഭവിച്ചിട്ടില്ല. മതങ്ങളിൽ അത്തരം കല്പനകളുമില്ല." (മറ്റു മതങ്ങളിൽ ഔദ്യോഗികമായി ആരാധന നിർവ്വഹിക്കുന്നതിന് ഇത്തരത്തിലുള്ള കല്പനകളൊന്നുമില്ല) പറഞ്ഞു: "ചിലപ്പോൾ നമ്മൾ ജോലികളിൽ വ്യാപൃതരായിരിക്കുമ്പോഴായിരിക്കും ബാങ്ക് കൊടുക്കുന്നത്. അപ്പോൾ അത് കേൾക്കാനും ആഗ്രഹിക്കുന്നില്ല; അതു കേൾക്കുമ്പോൾ അവരുടെ മനസ്സ് അസ്വസ്ഥമാകുന്നതുപോലെ. ഇവർ അങ്ങേയറ്റം കരുണാർഹരാണ്." (ബാങ്ക് കൊടുത്തു. എന്നാൽ, അതിലേക്ക് ശ്രദ്ധിച്ചില്ല. അല്ലെങ്കിൽ നമസ്കാര സമയമായി അതിലേക്ക് ശ്രദ്ധിച്ചില്ല) പറഞ്ഞു: "ഇക്കൂട്ടർ വളരെയധികം കരുണാർഹരാണ്." അവിടന്ന് പറഞ്ഞു: "ചിലയാളുകൾ അങ്ങനേയുമുണ്ട്. അവരുടെ കടകൾ മസ്ജിദുകൾക്ക് താഴെയായിരിക്കും. എന്നാൽ, ഒരിക്കൽ പോലും അവിടെ പോയി നില്ക്കുകയില്ല." (അതായത് നമസ്കാരത്തിനു പോകുകയില്ല) പറഞ്ഞു: അതുകൊണ്ട് ഞാൻ പറയാനാഗ്രഹിക്കുന്നത് അല്ലാഹുവിനോട് അങ്ങേയറ്റം നൊമ്പരത്തോടും ഒരാവേശത്തോടുംകൂടി ഇങ്ങനെ ദുആ ചെയ്യണമെന്നാണ്: 'എപ്രകാരം പഴങ്ങളിലും മറ്റു വസ്തുക്കളിലും പലരീതിയിലുള്ള രുചിയും സ്വാദും വെച്ചിട്ടുണ്ടോ നമസ്കാരത്തിലും ആരാധനയിലുമുള്ള രുചി ഒരുപ്രാവശ്യം എനിക്കു നല്കിയാലും.' തിന്നിട്ടുള്ളത് ഓർമനില്ക്കും." അവിടന്ന് പറയുന്നു: തിന്നിട്ടുള്ളത് എപ്പോഴും ഓർമയിലുണ്ടാകും. നോക്കൂ! ഏതെങ്കിലുമൊരാൾ ഏതെങ്കിലും മനോഹരമായ വസ്തുവിനെ സന്തോഷത്തോടെ നോക്കിക്കാണുമ്പോൾ അയാൾക്കത് നല്ലവണ്ണം ഓർമയുണ്ടാകും. പിന്നീട് വികൃതവും വെറുക്കപ്പെട്ടതുമായതിനെ കാണുമ്പോൾ അതിന്റെ എല്ലാ അവസ്ഥയും ഒരു രൂപമായി മുന്നിൽ വരുന്നതായിരിക്കും. ബന്ധമൊന്നുമില്ലെങ്കിലോ ഒന്നും ഓർമയിലുമുണ്ടാകുകയില്ല. (ഈ വികൃതമായ രൂപങ്ങളും മനോഹരമായ വസ്തുക്കളും മനുഷ്യന് ഓർമനില്ക്കുന്നത് ഒരു ശ്രദ്ധയോടുകൂടി അവനതിനെ നോക്കിയതുകൊണ്ടാണ്. പക്ഷേ, ബന്ധമൊന്നുമില്ലെങ്കിൽ ഇവ തമ്മിലൊരു വ്യത്യാസവുമില്ല. അവനൊന്നും ഓർമനില്ക്കുകയുമില്ല.) പറഞ്ഞു: "ഇതേപോലെ നമസ്കരിക്കാത്തവരുടെ പക്കൽ നമസ്കാരം ഒരു ടാക്സാണ്. അന്യായമായി രാവിലെ എഴുന്നേറ്റ് തണുപ്പത്ത് വുളു ചെയ്ത് സുഖനിദ്ര ഉപേക്ഷിച്ച് പലരീതിയിലുള്ള ബുദ്ധിമുട്ടുകൾ സഹിച്ച് നമസ്കരിക്കേണ്ടിവരുന്നു. യഥാർഥ കാര്യമെന്താണെന്നാൽ അവന് പിണക്കമാണുള്ളത്." പറയുന്നു: 'യഥാർഥകാര്യം അവന് പിണക്കമാണ്. അവനൊന്നും മനസ്സിലാകുന്നില്ല. നമസ്കാരത്തിലുള്ള രുചിയേയും സ്വാദിനേയും കുറിച്ച് അവനറിയില്ല. (നമസ്കാരത്തിലുള്ള രുചിയും സ്വാദും അവർക്കറിയില്ല). പറഞ്ഞു: "പിന്നെങ്ങനെയാണ് നമസ്കാരത്തിൽ രുചി കരസ്ഥമാകുന്നത്." അവിടന്ന് പറയുന്നു: ഒരു മദ്യപാനി അവനുദ്ദേശിക്കുന്ന ലഹരിയുണ്ടാകുന്നതുവരെ തുടരെത്തുടരെ കുടിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധിമാനും പുണ്യവാനുമായ മനുഷ്യന് ഇതിൽനിന്ന് ഫലമെടുക്കാവുന്നതാണ്. അവൻ നമസ്കാരം പതിവായി അനുഷ്ഠിക്കുക. (നിരന്തരം നമസ്കരിച്ചുകൊണ്ടിരിക്കുക. രുചി വരാത്തിടത്തോളം നമസ്കരിച്ചുകൊണ്ടേപോകുക. അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടേയിരിക്കുക. അല്ലാഹുവേ! മറ്റു വസ്തുക്കളിൽ നീ നല്കിയിട്ടുള്ളതുപോലെ എനിക്ക് നമസ്കാരത്തിലുള്ള രുചിയും സ്വാദും നല്കിയാലും). പറയുന്നു: "പതിവായി നമസ്കരിക്കുക. ആ ആനന്ദം വന്നെത്തുന്നതുവരെ നമസ്കരിച്ചുകൊണ്ടേ പോകുക. ഏതുപോലെ മദ്യപാനിയുടെ മനസ്സിൽ ഒരു രുചിയുണ്ടാകുന്നു. അത് കരസ്ഥമാക്കുക എന്നതാണ് അവന്റെ ലക്ഷ്യം. ഇപ്രകാരം മനസ്സിന്റേയും സകല ശക്തികളുടേയും അഭിരുചി നമസ്കാരത്തിൽ ആനന്ദം കരസ്ഥമാക്കണം എന്നതായിരിക്കേണ്ടതാണ്." (അതായത് നമസ്കാരത്തിൽ ആനന്ദം ലഭിക്കുന്നതിനും നമസ്കാരത്തിന്റെ രുചി ആസ്വദിക്കുന്നതിനുംവേണ്ടി മനുഷ്യനുള്ള എല്ലാ കഴിവുകളും ഉപയോഗിക്കേണ്ടതാണ്.) പറഞ്ഞു: "പിന്നീട് ഒരു ആത്മാർഥതയോടും ആവേശത്തോടുംകൂടി കുറഞ്ഞപക്ഷം ആ മദ്യപാനിയുടെ വ്യാകുലതയും സങ്കടവും വിഷമവും പോലെതന്നെ തനിക്ക് രുചി കരസ്ഥമാകണമെന്നനിലയിൽ ഒരു ദുആ ഉണ്ടാകണം. അപ്പോൾ ഞാൻ പറയുന്നു (അവിടന്ന് പറയുന്നു, ഈ ആനന്ദം കരസ്ഥമാക്കുന്നതിനുവേണ്ടി ഒരു ദുആ ഉണ്ടാകുകയാണെങ്കിൽ ഒരു സങ്കടമുണ്ടാകുകയാണെങ്കിൽ ഗതിമുട്ടിയ അവസ്ഥയുണ്ടാകുകയാണെങ്കിൽ അവിടന്ന് പറയുന്നു) സത്യമായും പറയുന്നു തീർച്ചയായും തീർച്ചയായും ആ ആനന്ദം ലഭിക്കുന്നതായിരിക്കും." പിന്നീട് അവിടന്ന് പറയുന്നു: "നമസ്കരിക്കുന്ന നേരത്ത് അതിൽനിന്നുണ്ടാകുന്ന നേട്ടം ലക്ഷ്യമായിരിക്കുകയും ഔദാര്യം മുമ്പിലുണ്ടാവുകയും വേണം. *ഇന്നൽഹസനാത്തി യുദ്ഹിബ്നസ്സയ്യിആത്തി* പറയുന്നു: നന്മകൾ തിന്മകളെ മായ്ച്ചുകളയുന്നു." (അല്ലാഹു പറയുന്നു, സിദ്ദീഖുമാർക്കും പുണ്യവാന്മാർക്കും ലഭിച്ച ആ നമസ്കാരം ലഭിക്കുന്നതിനുവേണ്ടി ആ നന്മകളും സ്വാദുകളും മനസ്സിൽവെച്ചുകൊണ്ട് ദുആ ചെയ്യുക).

*ഇന്നൽ ഹസനാത്തി യുദ്ഹിബ്നസ്സയ്യിആത്തി* (11:115) അതായത് നന്മകൾ അല്ലെങ്കിൽ നമസ്കാരം ദുഷ്ക്കർമങ്ങളെ അകറ്റിക്കളയുന്നു എന്നും അല്ലെങ്കിൽ മറ്റൊരു സ്ഥലത്ത് നമസ്കാരം നീചകൃത്യങ്ങളിൽനിന്നും നിഷിദ്ധ കർമങ്ങളിൽനിന്നും രക്ഷിക്കുന്നുവെന്നും(29:46) പറഞ്ഞിരിക്കെ ചിലർ നമസ്കരിക്കുന്നവരായിരുന്നിട്ടും തിന്മകൾ ചെയ്യുന്നവരായി നമ്മൾ കാണുന്നുവല്ലോ എന്ന് ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി അവർ നമസ്കരിക്കുന്നു എന്നാൽ, ചൈതന്യവത്തോടും സത്യസന്ധതയോടും കൂടിയല്ല എന്നാണ്." (അവരുടെ നമസ്കാരത്തിൽ ആത്മാവില്ല). പറഞ്ഞു: "അവർ വെറും ആചാരപരവും ശീലവുമെന്ന നിലയിൽ തലകുത്തുകയാണ്. അവരുടെ ആത്മാവ് മരിച്ചതാണ്. അല്ലാഹു അതിന്റെ പേര് ഹസനാത്ത് എന്ന് വെച്ചില്ല. ഇവിടെ അർഥം അതുതന്നെയായിട്ടും അസ്സ്വലാത്ത് എന്ന പദം വെക്കാതെ ഹസനാത്ത് എന്ന പദമാണ് വെച്ചിട്ടുള്ളത്. ഇതിനു കാരണം നമസ്കാരത്തിന്റെ ഗുണത്തിലേക്കും അതിന്റെ സൗന്ദര്യത്തിലേക്കും ഭംഗിയിലേക്കും സൂചന നല്കുക എന്നതാണ്. സത്യസന്ധതുടെ ആത്മാവ് ഉൾക്കൊള്ളുന്ന നമസ്കാരമാണ് ദുഷ്കർമങ്ങളെ അകറ്റുന്നത്. (സത്യത്തിന്റെ ആത്മാവ് ഉൾക്കൊള്ളുന്ന നമസ്കാരം തിന്മകളെ അകറ്റുന്നു) അനുഗ്രഹത്തിന്റെ സ്വാധീനം അതിലുണ്ടാകുന്നു. ആ നമസ്കാരം തീർച്ചയായും തീർച്ചയായും തിന്മകളെ അകറ്റുന്നതാണ്." പറഞ്ഞു:"നമസ്കാരം സഭാമര്യാദയുടെ പേരല്ല. (നമസ്കാരം വെറും എഴുന്നേല്ക്കുക ഇരിക്കുക എന്നതിന്റെ പേരല്ല.) ആത്മാവ് ഒരു രുചിയും ആനന്ദവും ഉൾക്കൊള്ളുന്നതാണ നമസ്കാരത്തിന്റെ കാമ്പ്. (മൽഫൂദാത്ത് വാള്യം 1 പേജ് 162-164, 1985 ലണ്ടൻ പതിപ്പ്)

നമസ്കാരത്തിന്റെ ആത്മാവും ഉദ്ദേശ്യവും കരസ്ഥമാക്കുന്നതിന് എങ്ങനെയാണ് പരിശ്രമിക്കേണ്ടത്?


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**

**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**

**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**

**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**

**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

നമസ്കാരത്തിന്റെ കാര്യങ്ങളായ ഖിയാം റുക്കൂഅ്, സജ്ദ, ഖഅ്ദ തുടങ്ങി അവസ്ഥകളെല്ലാം നമസ്കാരത്തിൽ വെച്ചിട്ടുള്ളത് ആ ഉദ്ദേശ്യവും ആ ചൈതന്യവും കരസ്ഥമാക്കാനാണ്.

ഇതുസംബന്ധമായി അവിടന്ന് പറയുന്നു: 'നമസ്കാരകാര്യങ്ങൾ യഥാർഥത്തിൽ ആത്മീയമായ സഭാമര്യാദയാണ്. മനുഷ്യന് അല്ലാഹുവിന്റെ മുമ്പിൽ നില്ക്കേണ്ടതായി വരുന്നു. നിൽപും സേവകരുടെ മര്യാദകളിൽപ്പെട്ടതാണ്.(സേവനം ചെയ്യുന്ന ആളുകൾ ഏതെങ്കിലും വലിയ ആളിന്റെ മുന്നിൽ ചെന്നാൽ വലിയ മര്യാദയോടുകൂടി നിൽക്കുന്നു. അതുകൊണ്ട് ഖിയാം എന്ന അവസ്ഥ നമസ്കാരത്തിൽ ആ മര്യാദയുടെ അടയാളമാണ്.) "രണ്ടാമത്തെ ഭാഗമായ റുക്കൂഅ് വിളിച്ചോതുന്നത് കല്പന നടപ്പിൽവരുത്തുന്നതിന് എത്രത്തോളം കഴുത്തു കുനിക്കണമെന്നതിനുള്ള തയ്യാറെടുപ്പാണ്. സജ്ദ എന്നത് സമ്പൂർണമായ മര്യാദകളും പൂർണമായ വണക്കവും ആരാധനയുടെ ലക്ഷ്യമായ സ്വയം ഇല്ലാതാകുന്ന അവസ്ഥ പ്രകടിപ്പിക്കലുമാണ്." (മനുഷ്യൻ സുജൂദ് ചെയ്യുമ്പോൾ അങ്ങേയറ്റം വിനയത്തിന്റേയും സ്വയം ഇല്ലാതാകുന്ന അവസ്ഥയുടേയും നിലയിലേക്ക് തന്നെ കൊണ്ടുപോകുകയാണ് ചെയ്യുന്നത്. ഇതാണ് ആരാധനയുടെ ഉദ്ദേശ്യം. അതായത് ഞാൻ അല്ലാഹുവിന്റെ മുമ്പിൽ തല കുനിക്കുന്നുവെന്ന്!) പറഞ്ഞു: "ഈ മര്യാദകളും രീതികളുമാണ് അല്ലാഹു ഓർമക്കുറിപ്പ് എന്ന നിലയിൽ നിശ്ചയിച്ചിട്ടുള്ളത്. ശരീരത്തിന് ആന്തരികമായ മാർഗത്തിലൂടെ ഭാഗം നല്കുന്നതിനുവേണ്ടി അവ നിശ്ചയിച്ചിരിക്കുന്നു." (മനുഷ്യൻ ഏതുപോലെ ബാഹ്യമായ നിലയിൽ ഈ മര്യാദകൾ പാലിക്കുന്നുവോ അതേ പ്രകാരം ആന്തരികവും ആത്മീയവുമായ നിലയിലും ആത്മാവും അതേപോലെ മര്യാദ പാലിക്കേണ്ടതാണ്. മനസ്സിലും അതേപോലെ ഖിയാമും റുക്കൂഉം സുജൂദും ഉണ്ടാവേണ്ടതാണ്.) പറഞ്ഞു: ഇതിനുപുറമെ ആന്തരികമായ രീതിയുടെ സ്ഥിരീകരണത്തിനുവേണ്ടി ഒരു ബാഹ്യമായ രീതിയും വെച്ചിട്ടുണ്ട്). ഇനി ബാഹ്യമായ രീതിയിൽ(അത് ആന്തരികമായ രീതിയുടെ ഒരു പ്രതിച്ഛായയാണ്) കേവലം കോപ്പിയടിക്കുന്നവനെപോലെ കോപ്പിയടിക്കുകയാണെങ്കിൽ (വെറും കൈകെട്ടുക, റുക്കൂഇൽപോകുക, സജ്ദയിൽ പോകുക, ഇരിക്കുക തുടങ്ങിയവ കോപ്പിയടിക്കുന്നവനെപോലെ ചെയ്യുകയാണെങ്കിൽ) പറഞ്ഞു:അതിനെ ഒരു പ്രാവശ്യം ഭാരമെന്ന് മനസ്സിലാക്കി ഇറക്കി എറിയാൻ ശ്രമിച്ചാൽ നിങ്ങൾതന്നെ പറയുക, അതിൽ എന്ത് രുചിയും സ്വാദും ലഭിക്കാനാണ്? രുചിയും സ്വാദും ഉണ്ടാകാത്തിടത്തോളം അതിന്റെ യാഥാർഥ്യം എങ്ങനെ തെളിവുകൊണ്ട് സ്ഥിരീകരിക്കാനാണ്?"(രുചിയും സ്വാദും ഉണ്ടായില്ലെങ്കിൽ നമസ്കാരത്തിന്റെ യാഥാർഥ്യമെന്താണെന്ന് അറിയാൻ കഴിയില്ല) പറഞ്ഞു: "ഇതുണ്ടാകുന്നത് ആത്മാവും സർവ്വസ്വവും കൈവെടിഞ്ഞ് ദൈവസവിധത്തിൽ വീഴുമ്പോഴാണ്." (അതുകൊണ്ട് ഏതുപോലെ മനുഷ്യന്റെ ശരീരം സുജൂദിൽ വീഴുന്നുവോ അതേപോലെ ആത്മാവും സുജൂദ് ചെയ്യേണ്ടതാണ്. അല്ലാഹുവിന് മുമ്പിൽ വീഴേണ്ടതാണ്) "പറയുന്നതെന്താണോ അത് ആത്മാവും പറയണം." (ഏതൊരു വാക്കുകളാണോ നാവുകൊണ്ട് പറയപ്പെടുന്നത് അത് മനസ്സിൽനിന്നും പുറപ്പെടുന്ന വാക്കുകളായിരിക്കണം.) പറഞ്ഞു: "ആ നേരത്ത് ഒരു രുചിയും പ്രകാശവും സമാധാനവും കരഗതമാകുന്നു." പറയുന്നു: "ഞാൻ അതിനെ തുറന്നനിലയിൽ എഴുതാൻ ആഗ്രഹിക്കുകയാണ്. മനുഷ്യൻ ഏതേതെല്ലാം ഘട്ടങ്ങൾ തരണം ചെയ്താണോ മനുഷ്യനാകുന്നത് അതായത് ബീജം. എന്നല്ല അതിനേക്കാൾ മുമ്പേയുള്ള ബീജത്തിന്റെ ഭാഗങ്ങൾ. അതായത് മനുഷ്യൻ കഴിക്കുന്ന വിവിധതരത്തിലുള്ള ഭക്ഷണങ്ങളും അതിന്റെ നിർമിതികളും അതിന്റെ രൂപീകരണവും. ബീജത്തിനുശേഷം വിവിധ ഘട്ടങ്ങൾ പിന്നിട്ട് കുട്ടികളുണ്ടാകുന്നത്. അതുകഴിഞ്ഞാൽ യുവാവാകുക, വൃദ്ധനാവുക തുടങ്ങിയവ. ചുരുക്കത്തിൽ മനുഷ്യൻ വിവിധനേരങ്ങളിൽ കടന്നുപോകുന്ന ഈ എല്ലാ ലോകങ്ങളിലും അല്ലാഹുവിന്റെ പരിപാലനം സമ്മതിച്ചും ആ ചിത്രം എപ്പോഴും അവന്റെ മനസ്സിൽ ആകർഷിച്ചുമാണ് പരിപാലനത്വത്തിന്റെ നേരെ തന്റെ ദാസത്വത്തെ ഇടാൻ അർഹനായിത്തീരുന്നത്. താൻ എങ്ങനെ ജനിച്ചു, ഏതെതെല്ലാം മാർഗങ്ങളിലൂടെ കടന്നു, എങ്ങനെ വലുതായി, എങ്ങനെ അല്ലാഹു തന്നെ പരിപാലിച്ച് വലിയവനാക്കി തുടങ്ങിയുള്ള കാര്യങ്ങൾ മനുഷ്യൻ ചിന്തിക്കുമ്പോഴാണ് ശരിയായ നിലയിൽ, ശരിയായ ദാസത്വത്തിന്റെ കടമ, ഒരു ദാസനായിത്തീരുന്നതിന്റെ കടമ മനുഷ്യന് ചിന്തിക്കാനും നിറവേറ്റാനും കഴിയുന്നത്).

പറഞ്ഞു: 'ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു ബന്ധത്തിൽനിന്നാണ് നമസ്കാരത്തിൽ രുചിയും ആനന്ദാനുഭൂതിയുമുണ്ടാകുന്നത്. സ്വയം നമ്മെ ഇല്ലാത്തവനായും അല്ലെങ്കിൽ ഇല്ലാത്തവനെപ്പോലെയായും നിശ്ചയിച്ച് (ഒരു മഹത്വവും അടിസ്ഥാനവുമില്ലാത്തവനായി മനസ്സിലാക്കാത്തിടത്തോളം) -അത് ദൈവത്തിന്റെ വ്യക്തിഗതമായ തേട്ടമാണ്-ഇടാത്തിടത്തോളം അവന്റെ പക്കൽനിന്നുള്ള അനുഗ്രഹവും തണലും അവനുമേൽ പതിക്കുകയില്ല. (അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കണമെങ്കിൽ പരിപൂർണമായ ദാസത്വം ഉണ്ടാക്കേണ്ടതാണ്).പറഞ്ഞു: "അങ്ങനെയാണെങ്കിൽപ്പിന്നെ ഉന്നത നിലയിലുള്ള ആനന്ദാനുഭൂതി കരസ്ഥമാകുന്നതാണ്. അതിനെക്കാളുപരി ഒരു ആനന്ദാനുഭൂതിയുമില്ല. ഈ സ്ഥാനത്ത് മനുഷ്യാത്മാവ് പൂർണമായും ഇല്ലാതാകുമ്പോൾ അല്ലാഹുവിലേക്ക് ഒരു അരുവിപോലെ ഒഴുകുന്നു. (അല്ലാഹുവിനു പുറമെ മറ്റെല്ലാത്തിനോടും പൂർണമായും വിച്ഛേദമുണ്ടാകുന്നു). ആ നേരത്ത് അല്ലാഹുവിന്റെ സ്നേഹം അവനിൽ വീഴുന്നു. ഈ കൂടിച്ചേരുന്ന നേരത്ത് ആ രണ്ടു ആവേശങ്ങളിൽനിന്ന്-മുകളിൽനിന്ന് പരിപാലനത്തിന്റെ ആവേശവും താഴെനിന്ന് ദാസത്വത്തിന്റെ ആവേശവും ചേരുന്ന നേരത്ത് ഒരു പ്രത്യേക അവസ്ഥ ജന്മം കൊള്ളുന്നു."(അത്തരം ബന്ധം ഉണ്ടാകുമ്പോൾ അല്ലാഹുവിന്റെ പരിപാലനം വീണ്ടും ആവേശം കൊള്ളുന്നു. മനുഷ്യന്റെ ദാസത്വത്തിന്റേയും ഒരു ആവേശം ഉണ്ടാകുന്നുണ്ടാകും. ഇതു രണ്ടും കൂടിച്ചേരുമ്പോൾ അവിടന്ന് പറയുന്നു: "അപ്പോൾ ഒരു പ്രത്യേക അവസ്ഥ ഉണ്ടാകുന്നു. അതിന്റെ പേരാണ് നമസ്കാരം.'(ആ പ്രത്യേക അവസ്ഥയുടെ പേരാണ് സ്വലാത്ത്. അത് പരിപാലനത്വവും ദാസത്വവും കൂടിച്ചേരുന്നതുകൊണ്ടുണ്ടാകുന്നതാണ്). പറഞ്ഞു: 'ഈ നമസ്കാരമാണ് തിന്മകളെ ഭസ്മീകരിക്കുന്നത്.' (ഇത്തരത്തിലുള്ള നമസ്കാരവും സ്വലാത്തുമാണെങ്കിൽ അപ്പോൾ അത് തിന്മകളെ അവസാനിപ്പിക്കുന്നതാണെന്ന് അല്ലാഹു പറയുന്നു. പിന്നീട് തിന്മകൾ അവസാനിച്ചുപോകുന്നു. അതിനെ കത്തിച്ച് ചാമ്പലാക്കുന്നു)"തൽസ്ഥാനത്ത് ഒരു പ്രകാശവും തിളക്കവും ഉപേക്ഷിച്ചുപോകുന്നു. അത് സാലിക്കിന്-ദൈവവഴിയിൽ പ്രയാണം ചെയ്യുന്നവന്-വഴിയിൽ അപകടങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ പ്രകാശിക്കുന്ന ദീപംപോലെ പ്രയോജനപ്പെടുന്നു."(ഒരു വെളിച്ചത്തിന്റെ പ്രയോജനമാണ് അത് നല്കുന്നത്. ഒരു ടോർച്ചിന്റെ ഉപയോഗമുണ്ടാകുന്നു). "അവന്റെ വഴിയിലുണ്ടാകുന്ന എല്ലാത്തരത്തിലുള്ള ചപ്പുചവറുകളേയും തടസ്സങ്ങളേയും കല്ലുകളേയും മുള്ളുകളേയും പുല്ലുകളേയും അറിയിച്ചുകൊടുത്തു രക്ഷിക്കുന്നു."(എല്ലാ തിന്മകളും കാണാൻ കഴിയുന്നു).*"ഇന്നസ്സലാത്ത തൻഹാ അനിൽ ഫഹ്ശാഇ വൽമുൻകർ* (29:46) എന്ന അവസ്ഥ അവനിൽ യോജിച്ചുവരുന്നു. കാരണം അവന്റെ കൈയിലല്ല അവന്റെ മനസ്സിലാണ് പ്രകാശിക്കുന്ന ദീപമുള്ളത്." (പറഞ്ഞു: ഈ അവസ്ഥ ഇന്നസ്സലാത്ത തൻഹാ *അനിൽഫഹ്ശാഹി വൽമുൻകറു*മായി യോജിച്ചുവരുന്നതാണ്. അതായത് നമസ്കാരമെന്നത് ചീത്തപ്രവൃത്തികളിൽനിന്നും പാപങ്ങളിൽനിന്നും തടയുന്നതാണ്. തെറ്റായ കാര്യങ്ങളിൽനിന്ന് തടയുന്നു. പറഞ്ഞു: ആ നേരത്ത് ഒരു തെളിച്ചിട്ടുള്ള ദീപം അവന്റെ മനസ്സിൽ വെക്കപ്പെടുന്നു). "ഈ പദവി പരിപൂർണമായ വണക്കവും പൂർണമായും സ്വയം ഇല്ലാത്ത അവസ്ഥയും തികഞ്ഞ എളിമയും പൂർണമായ അനുസരണവും കൊണ്ടാണ് ലഭിക്കുന്നത്. പറഞ്ഞു: പിന്നെ പാപം ചെയ്യാനുള്ള വിചാരം അവന് എങ്ങനെയുണ്ടാകാനാണ്? (ഈ അവസ്ഥയുണ്ടാകുമ്പോൾ പാപത്തിന്റെ വിചാരം എങ്ങനെ വരാനാണ്) നിഷേധം അവനിലുണ്ടാകുകയേയില്ല. പറഞ്ഞു: "ചീത്തപ്രവൃത്തിയിലേക്ക് അവന്റെ ദൃഷ്ടി ഉയരുകയേയില്ല. ചുരുക്കിപ്പറഞ്ഞാൽ ഒരു രുചിയും ഒരു സ്വാദും അവനുണ്ടാകുന്നു. അത് വിവരിക്കേണ്ടതെങ്ങനെയെന്ന് എനിക്ക് മനസ്സിലാകുന്നില്ല." (മൽഫൂദാത്ത്, വാല്യം 1, പേജ് 164-166, 1985, ലണ്ടൻ എഡിഷൻ)

ഒരു അഭിമാനിയായ വിശ്വാസി ഏതവസ്ഥയിലും അല്ലാഹുവിന്റെ മുമ്പിൽത്തന്നെ കുനിഞ്ഞുകൊണ്ടിരിക്കുന്നതാണ്. കുനിയേണ്ടതുമാണ്. അല്ലാഹുവിനെ കൂടാതെയുള്ള ആരേയും ഒരു പ്രതീക്ഷയും ഒരു ശ്രദ്ധയും കേന്ദ്രവുമാക്കാൻ പാടില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് അവിടന്ന് പറയുന്നു: "ഇക്കാര്യം സ്മരണാർഹമാണ്. ഈ നമസ്കാരം അത് അതിന്റെ യഥാർഥമായ അർഥത്തിലുള്ള നമസ്കാരമാണ്. ദുആ മുഖേനയാണ് അത് ലഭിക്കുന്നത്. (നമസ്കാരവും ദുആ മുഖേനയാണ് ലഭിക്കുന്നത്). ദൈവമല്ലാത്തവരോട് ചോദിക്കുക എന്നത് വിശ്വാസപരമായ ആത്മീയരോഷത്തിന് തികച്ചും വിരുദ്ധമാണ്. കാരണം ദുആയുടെ ഈ നില അല്ലാഹുവിനു മാത്രമുള്ളതാണ്. മനുഷ്യൻ പൂർണമായ നിലയിൽ മൃദുലനായിക്കൊണ്ട് അല്ലാഹുവിനോട് ചോദിക്കാത്തിടത്തോളം അവനോട് സഹായം തേടാത്തിടത്തോളം യഥാർഥമായ നിലയിൽ അവൻ സത്യവാനായ മുസൽമാനും സത്യവാനായ മുഅ്മിനും എന്ന് പറയപ്പെടാൻ അർഹനല്ല. ഇസ്ലാമിന്റെ യാഥാർഥ്യംതന്നെ അവന്റെ എല്ലാ ശക്തികളും അത് ബാഹ്യമാകട്ടെ ആന്തരികമാകട്ടെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീണുകിടക്കുന്നതായിരിക്കണമെന്നാണ്. ഒരു വലിയ എഞ്ചിൻ ധാരാളം അവയവങ്ങൾകൊണ്ട് ചലിക്കുന്നതുപോലെ (ധാരാളം അവയവങ്ങൾ കൂടിച്ചേർന്നുകൊണ്ടാണ് ഒരു എഞ്ചിൻ ചലിക്കുന്നത്) മനുഷ്യൻ തന്റെ എല്ലാ പ്രവർത്തനവും എല്ലാ അനക്കമടക്കവും അതേ എഞ്ചിന്റെ വലിയ ശക്തിക്ക് വിധേയമാക്കാത്തിടത്തോളം എങ്ങനെ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കാൻ കഴിയുന്നതാണ്. മനുഷ്യൻ സ്വയം *ഇന്നീ വജ്ജഹത്തു വജ്ഹിയ ലില്ലദീ ഫത്വറസ്സമാവാത്തി വൽ അർള*(6:80) എന്നു പറയുന്ന നേരത്ത് യഥാർഥത്തിൽ താൻ ഋജുമാനസനാണെന്ന് പറയാൻ കഴിയുമോ? നാവുകൊണ്ട് പറയുന്നതുപോലെ അതിലേക്ക് ശ്രദ്ധിക്കാൻ പറ്റുമോ?

(നമ്മുടെ എല്ലാ ശ്രദ്ധകളും അല്ലാഹുവിലേക്ക് തിരിക്കുന്നതായി പ്രകടിപ്പിക്കുകയും സ്വയം ഇബാദത്ത് ചെയ്യുന്ന ഏകദൈവവിശ്വാസി എന്നു പറയുകയും ചെയ്യുമ്പോൾ എല്ലാ ശ്രദ്ധയും അവനിലേക്ക് തിരിയേണ്ടതാണ്. പറഞ്ഞു: അത്തരം അവസ്ഥയുണ്ടാകുമ്പോൾ) 'അവൻ മുസ്ലിമാണെന്നതിന് സംശയമില്ല.' (അപ്പോൾ തീർച്ചയായും അവൻ മുസൽമാനായിരിക്കും). അവൻ സത്യവിശ്വാസിയും ഋജുമാനസനുമായിരിക്കും. പക്ഷേ, ആരാണോ അല്ലാഹുവിനു പുറമെ അന്യദൈവങ്ങളോട് ചോദിക്കുന്നത്, അവിടെയും കുനിയുന്നത് താൻ വലിയ ദൗർഭാഗ്യവാനാണെന്ന് അവനോർക്കേണ്ടതാണ്. അവന്റെമേൽ വാചികമായും പ്രദർശനപരമായും അല്ലാഹുവിലേക്ക് കുനിയാൻ പറ്റാത്ത ഒരു സമയം വരാൻ പോകുകയാണ്." പറഞ്ഞു: നമസ്കാരം ഉപേക്ഷിക്കുന്ന ശീലത്തിനും അശ്രദ്ധയ്ക്കുമുള്ള ഒരു കാരണം ഇതുമാണ്. കാരണം മനുഷ്യൻ അന്യദൈവത്തിന്റെ മുന്നിൽ കുനിയുമ്പോൾ ആത്മാവിന്റേയും മനസ്സിന്റേയും ശക്തികൾ തുടക്കത്തിൽത്തന്നെ ഒരു ഭാഗത്തേക്ക് ശാഖതിരിച്ചുവിട്ട മരംപോലെ (അതിന്റെ ശാഖകൾ തുടക്കം മുതൽ ഒരു ഭാഗത്തേക്ക് തിരിച്ചുവിടുകയും അവിടേക്ക് കുനിഞ്ഞ് വളരുകയും ചെയ്തതാണ്) അവിടേക്കുതന്നെ കുനിയുന്നതാണ്. (അതുകൊണ്ട് ഇതു വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമസ്കാരം ഉപേക്ഷിക്കുകയോ അല്ലെങ്കിൽ ദൗർബല്യം കാണിക്കുകയോ ചെയ്താൽ, നമസ്കരിക്കുന്നതിൽ അലസത കാണിക്കുകയും അല്ലാഹുവിനെ കൂടാതെ മറ്റുള്ളവരിലേക്ക് കൂടുതൽ ചായാൻ തുടങ്ങുകയും ചെയ്താൽ മനുഷ്യർ ആ മരംപോലെ ദൂരത്തേക്ക് അകന്നുപോകാൻ തുടങ്ങുന്നു. അതിന്റെ ശാഖകൾ ഒരു പ്രത്യേക ഭാഗത്തേക്ക് തിരിച്ചുവിട്ടതാണ്. അപ്പോൾ പതുക്കെപ്പതുക്കെ അതിന്റെ ശാഖകളും അവിടേക്ക് തന്നെ ചായാൻ തുടങ്ങുന്നു) പറഞ്ഞു: അല്ലാഹുവിൽനിന്ന് ഒരു കാഠിന്യവും ബലപ്രയോ

ഗവും അവന്റെ മനസ്സിൽ ഉണ്ടായി അവനെ കല്ലാക്കിത്തീർക്കുന്നു; ആ ശാഖകളെപോലെ.” (ചെറുപ്പത്തിൽ മരത്തിന്റെ തിരിച്ചുവിട്ട് ശാഖകൾ ഒരു ഭാഗത്തേക്ക് കുനിഞ്ഞുതന്നെയിരിക്കുന്നു.) “പിന്നീട് അത് മറുഭാഗത്തേക്ക് തിരിയുകയില്ല. ഇതേ രീതിയിൽ മനസ്സും ആത്മാവും നിത്യവും ദൈവത്തിൽനിന്ന് അകന്നുപോകുന്നു. അതുകൊണ്ട് മനുഷ്യൻ അല്ലാഹുവിനെ ഉപേക്ഷിച്ച് മറ്റുള്ളവരോട് ചോദിക്കുക എന്നത് വളരെ ഭയാനകവും മനസ്സിനെ തെറ്റിക്കുന്നതുമായ കാര്യമാണ്. അതിനാൽ നമസ്കാരത്തിന്റെ നിർബന്ധമായ അനുഷ്ഠാനവും പാലനവും വലിയ അത്യാവശ്യമായ കാര്യമാണ്; ആദ്യം മുതൽതന്നെ നമസ്കാരം ഒരു ഉറച്ച അവസ്ഥയിൽ നിലകൊള്ളുന്നതിനും അല്ലാഹുവിലേക്ക് മടങ്ങാനുള്ള വിചാരമുണ്ടാകുന്നതിനുംവേണ്ടി! പരിപൂർണമായ അവസ്ഥയിൽ മനുഷ്യൻ ഒരു പ്രകാശത്തിന്റേയും ഒരു ആനന്ദത്തിന്റേയും അനന്തരാവകാശിയായി മാറുന്ന ആ നേരം പിന്നീട് മെല്ലെ മെല്ലെ സ്വയമേവ വന്നെത്തുന്നതാണ്.

(പിന്നീട് എല്ലാ വസ്തുക്കളിൽനിന്നും അവൻ വേർപെടുന്നു. വിച്ഛേദിക്കപ്പെടുന്നു. വെറും അല്ലാഹുവിലേക്ക് മാത്രം മടങ്ങുന്നു. അപ്പോൾ മനുഷ്യന് ഒരു പ്രകാശം ലഭിക്കുന്നു. ഒരു രുചിയും കരസ്ഥമാകുന്നു.) പറഞ്ഞു: ഞാൻ ഇക്കാര്യം വീണ്ടും താക്കീത് ചെയ്തു പറയുകയാണ്. അന്യദൈവത്തിലേക്ക് മടങ്ങുന്നതിനെ കുറിച്ചുള്ള തിന്മകൾ വിവരിക്കുന്നതിന് എന്റെ പക്കൽ വാക്കുകളില്ലാത്തതിൽ ഞാൻ ഖേദിക്കുന്നു. ആളുകളുടെ അടുത്തുപോയി വഴിപാടുകൾ നേരുന്നു. ഇക്കാര്യം അല്ലാഹുവിന്റെ ആത്മീയരോഷത്തെ തിളപ്പിക്കുന്നതാണ്. കാരണം ഇത് ആൾദൈവങ്ങൾക്കുള്ള നമസ്കാരമാണ്. അല്ലാഹു അതിൽനിന്ന് അകലുന്നു. അതെടുത്ത് ദൂരത്തേക്ക് എറിഞ്ഞുകളയുന്നു. ഇക്കാര്യം ഇതേരീതിയിൽ അല്ലെങ്കിൽതന്നെയും ഞാൻ തടിച്ചവാക്കുകളിൽ അത് വിവരിക്കുകയാണ്. ഒരു അഭിമാനിയായ പുരുഷന്റെ അഭിമാനം തന്റെ ഭാര്യ അന്യരുമൊത്ത് ബന്ധപ്പെടുന്നത് കാണാൻ ഒരിക്കലും ഇഷ്ടപ്പെടുകയില്ലെന്നത് നല്ലവണ്ണം മനസ്സിലാക്കാൻ കഴിയും. അത്തരം അവസ്ഥയിൽ തന്റെ ഭാര്യയെ ആ പുരുഷൻ വധാർഹയാണെന്ന് മനസ്സിലാക്കുന്നു. എന്നല്ല ചിലപ്പോൾ കലഹങ്ങളുമുണ്ടാകുന്നു. അത്തരത്തിലുള്ള ആവേശവും അഭിമാനവുമാണ് ഏകനായ ദൈവത്തിനുള്ളത്. (അല്ലാഹുവിന് വലിയ ആത്മീയരോഷമാണുള്ളത്) ദാസത്വവും പ്രാർഥനയും പ്രത്യേകിച്ചും അതേ സത്തയുടെ നേരെയാണുള്ളത്. (അതേ സത്തയുടെ നേരെ അതായത് ദാസത്വവും പ്രാർഥനയും പ്രത്യേകമായും അവനാണ് വേണ്ടത്). മറ്റാരെയെങ്കിലും ആരാധ്യനായി നിശ്ചയിക്കുന്നതും വിളിക്കുന്നതും അവനിഷ്ടപ്പെടുന്നില്ല. അതുകൊണ്ട് നല്ലവണ്ണം ഓർക്കുക; വീണ്ടും പറയുന്നു നല്ലവണ്ണം ഓർത്തുകൊള്ളുക: അന്യദൈവങ്ങളിലേക്ക് കുനിയുക എന്നത് അല്ലാഹുവുമായുള്ള വിച്ഛേദനമാണ്. നമസ്കാരമെന്നോ തൗഹീദെന്നോ എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളുക. കാരണം തൗഹീദിന്റെ കർമപരമായ ഏറ്റുപറച്ചിലിന്റെ നാമമാണ് നമസ്കാരം. അതിൽ സ്വയം തന്നെ ഇല്ലാതാക്കുന്ന അവസ്ഥയും വണക്കത്തിന്റെ ആത്മാവും ഋജുവായ മനസ്സുമില്ലെങ്കിൽ ആ നേരത്ത് അത് അനുഗ്രഹരഹിതവും നിഷ്ഫലവുമായിത്തീരുന്നു.”(മൽഫൂദാത്ത്, വാല്യം 1, പേജ് 166-168, 1985 ലണ്ടൻ എഡിഷൻ)

നമസ്കാരത്തിൽ ദുർബോധനങ്ങൾ ഉണ്ടാകുന്നതിന്റെ കാരണം വിവരിക്കുന്നു. വിവിധ തരത്തിലുള്ള ദുർബോധനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും ചിന്താഗതികൾ വന്നുകൊണ്ടിരിക്കുന്നുവെന്നും ചിലപ്പോൾ പറയാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ആർക്കാണോ അല്ലാഹുവുമായി പൂർണമായ ഇണക്കമുണ്ടാകാത്തത് അവർക്കാണ് നമസ്കാരത്തിൽ ധാരാളം ദുർബോധനങ്ങളുണ്ടാകുന്നത്. നോക്കൂ! ഒരു തടവുകാരൻ ജഡ്ജിയുടെ മുമ്പിൽ നില്ക്കുമ്പോൾ അവന്റെ മനസ്സിൽ എന്തെങ്കിലും ദുർബോധനം ഉണ്ടാകുമോ? (ഒരു തടവുകാരൻ ജഡ്ജിയുടെ മുമ്പിൽ നില്ക്കുമ്പോൾ മറ്റുള്ള വിചാരങ്ങളൊന്നും അവന്റെ മനസ്സിൽ വരികയേയില്ല. ഇതേ ഉദാഹരണമാണ് ഇവിടേയും). പറഞ്ഞു: “ഒരിക്കലുമില്ല.” (ഒരിക്കലും അവന്റെ മനസ്സിൽ ആ വിചാരമുണ്ടാകുകയില്ല). “അവൻ എപ്പോഴും ജഡ്ജിയിലേക്ക് തന്നെയായിരിക്കും ശ്രദ്ധിച്ചിരിക്കുക. ജഡ്ജി എന്തു കല്പനയാണ് കേൾപിക്കാൻ പോകുന്നതെന്ന ചിന്തയിലായിരിക്കും. ആ നേരത്ത് അവൻ അവനെത്തന്നെയും തികച്ചും മറന്നുപോകുന്നു. ഇപ്രകാരം സത്യഹൃദയത്തോടുകൂടി മനുഷ്യൻ അല്ലാഹുവിലേക്ക് മടങ്ങുകയാണെങ്കിൽ, സത്യഹൃദയത്തോടുകൂടി അവന്റെ തിരുസന്നിധിയിൽ വീഴുകയാണെങ്കിൽ പിന്നെ ശയ്ത്വാന് ദുർബോധനം ഇടാൻ എന്ത് ശക്തിയാണുള്ളത്?”(മൽഫൂദാത്ത് വാല്യം 10 പേജ് 90-91, 1985 ലണ്ടൻ പതിപ്പ്)

നമസ്കാരം കാത്തുസൂക്ഷിക്കേണ്ടതെന്തിനാണ്? നമസ്ക്കരിക്കുന്നതെന്തിനാണ്? അല്ലാഹുവിന് നമ്മുടെ നമസ്കാരത്തിന്റെ ആവശ്യമുണ്ടോ? ഭൂരിഭാഗമാളുകളുടേയും മനസ്സിൽ ഈ ചോദ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇക്കാലത്തെ നിരീശ്വരത്വത്തിന്റെ സ്വാധീനം കാരണത്താൽ ഈ ചോദ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹു പരാശ്രയരഹിതാനാണ്. അവന് നമ്മുടെ ആരാധനയുടെ ഒരു ആവശ്യവുമില്ല. മറിച്ച് നമുക്ക് അവന് ആവശ്യമുണ്ട്. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “അല്ലാഹുവിന് ആവശ്യമുള്ളതുകൊണ്ടല്ല നമസ്കരിക്കുന്നതെന്ന കാര്യവും മനസ്സിലാക്കിയിരിക്കേണ്ടതാണ്. അല്ലാഹുവിന് നമ്മുടെ നമസ്കാരത്തിന്റെ ഒരു ആവശ്യവുമില്ല. അവൻ പരാശ്രയരഹിതാനാണ്. അവന് ആരേയും ആവശ്യമില്ല. അതിന്റെ ഉദ്ദേശ്യം മനുഷ്യന് അവനെ ആവശ്യമുണ്ടെന്നാണ്. ഒരു രഹസ്യമായ കാര്യം മനുഷ്യൻ തന്റെ നന്മ ആഗ്രഹിക്കുന്നുവെന്നതാണ്. അതുകൊണ്ടാണ് അവൻ അല്ലാഹുവിനോടു സഹായം തേടുന്നത്. കാരണം മനുഷ്യന് അല്ലാഹുവുമായി ബന്ധമുണ്ടാകുക എന്നത് യഥാർഥ നന്മ കരസ്ഥമാക്കി എടുക്കലാണെന്നത് സത്യമായ കാര്യമാണ്. ലോകം മുഴുവൻ അയാളുടെ ശത്രുവായാലും അവന്റെ നാശത്തിന് പിന്നാലെ കൂടിയാലും അവനെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അത്തരം വ്യക്തിക്കുവേണ്ടി അല്ലാഹു ലക്ഷക്കണക്കിന് കോടിക്കണക്കിന് ആളുകളെ നശിപ്പിക്കേണ്ടിവന്നാലും അതു ചെയ്യുന്നു. ആ ഒന്നിനു പകരം ലക്ഷക്കണക്കിനാളുകളെ നശിപ്പിക്കുന്നു.”(മൽഫൂദാത്ത് വാല്യം 10 പേജ് 66, 1985 ലണ്ടൻ പതിപ്പ്)

സ്വഹാബാക്കൾ എങ്ങനെയാണ് വിജയിച്ചത്. അത് വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: “ആത്മാർഥതപോലെ മറ്റൊരു ആയുധവും മനസ്സുകളെ കീഴടക്കുന്നതായില്ല. ഇത്തരം കാര്യങ്ങൾ കൊണ്ടുതന്നെ അക്കൂട്ടർ ലോകത്തിനുമേൽ വിജയം വരിക്കുന്നു. കേവലം സംസാരങ്ങൾകൊണ്ട് ഒന്നും സംഭവിക്കുകയില്ല.” പറഞ്ഞു: “നെറ്റിത്തടത്തിൽ പ്രകാശവുമില്ല ആത്മീയതയുമില്ല. ഈശ്വരജ്ഞാനത്തിന്റെ ഒരു ഭാഗവുമില്ല.” (നമസ്കാരത്തിന്റെ ഈശ്വരജ്ഞാനമില്ല. നമസ്കരിക്കുന്ന കാരണത്താൽ ലഭിക്കുന്ന പ്രകാശമില്ല. നമസ്കാരങ്ങൾ ഭാരമായി മനസ്സിലാക്കുകയും ചെയ്യുന്നു.)

പറഞ്ഞു: അല്ലാഹു അക്രമിയല്ല. അവരുടെ മനസ്സുകളിൽ ആത്മാർഥതയില്ലെന്നതാണ് യഥാർഥ കാര്യം. ആചാരവും ശീലവുമെന്ന നിലയിൽ ചെയ്യപ്പെടുന്ന കേവലം ബാഹ്യമായ കർമങ്ങളല്ലാതെ ഒന്നുമില്ല.

(അല്ലാഹുവിന്റെ അനുഗ്രഹമാണ്; ജമാഅത്തിൽ ഒരു പാടാളുകൾ ഉണ്ട്. അവർ ആത്മാർഥതയോടുകൂടി നമസ്കരിക്കുന്നു. ഈ പൊതുവായ അവസ്ഥയാണ് ഇക്കാലത്തെ സംബന്ധിച്ച് അവിടന്ന് വിവരിക്കുന്നത്. ഇത് നമുക്കും പാഠമാണ്. ഒരു മുന്നറിയിപ്പുമാണ്. ഈ കാര്യങ്ങൾ ശ്രദ്ധിക്കുക.) പറഞ്ഞു: ഇതിൽനിന്നാരും ഞാൻ നമസ്കാരത്തെ നിന്ദിക്കുന്നുവെന്ന് മനസ്സിലാക്കരുത്. വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ള നമസ്കാരം അത് മിഅ്റാജാണ്. എന്നാൽ, ഈ നമസ്കാരക്കാരോട് ആരെങ്കിലും ചോദിക്കുക അവർക്ക് ഫാത്തിഹ അധ്യായത്തിന്റെ അർത്ഥമറിയാമോ എന്ന്. അൻപത് വർഷമായി നമസ്കരിക്കുന്നവരെ നിങ്ങൾക്ക് കിട്ടും. എന്നാൽ, നമസ്കാരത്തിന്റെ പൊരുളും യാഥാർഥ്യവും ചോദിച്ചാൽ മിക്കവർക്കും അത് അറിയുകയില്ലെന്ന് കാണാം. വാസ്തവത്തിൽ എല്ലാ ഭൗതികമായ അറിവുകളും ആ അറിവുകൾക്കു മുമ്പിൽ നിഷ്പ്രഭമാണ്. എന്നിട്ടും ഭൗതികമായ അറിവുകൾക്കുവേണ്ടി ജീവൻ കളയുന്നവിധം അധ്വാനിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നു. നമസ്കാരമാണെങ്കിൽ മന്ത്രതന്ത്രങ്ങൾപോലെയാണ് അനുഷ്ഠിക്കുന്നത്.” (ഭൂരിഭാഗം മുസ്‌ലിംകളിലും ഈ അവസ്ഥയാണ് നമ്മൾ കാണുന്നത്). പറഞ്ഞു: ഞാനാണെങ്കിൽ നമസ്കാരത്തിൽ സ്വന്തം ഭാഷയിൽപോലും പ്രാർഥിക്കാൻ പറയുന്നു.

പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ നമസ്കാരത്തെ മാധുര്യമുള്ളതും ആനന്ദമുള്ളതും ആക്കാനാഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ ഭാഷയിൽ എന്തെങ്കിലും കുറച്ച് ദുആകൾ ചെയ്യേണ്ടത് അനിവാര്യമാണെന്നു കൂടി ഞാൻ പറയുകയാണ്. ഉർദുവിലും പഞ്ചാബിയിലും ഇംഗ്ലീഷിലും ഓരോരുത്തരും അവരവരുടെ മാതൃഭാഷയിൽ ദുആ ചെയ്യുക. പക്ഷേ, ഒരു കാര്യം നിർബന്ധമാണ്. ദൈവഗ്രന്ഥത്തെ അതേരീതിയിൽ പാരായണം ചെയ്യണം. അതിൽ സ്വന്തമായ നിലയിൽ ഒന്നും കടത്തിവിടരുത്. അതിനെ അതേരീതിയിൽ പാരായണം ചെയ്യുക. അർഥം മനസ്സിലാക്കാൻ ശ്രമിക്കുക. ഇതുപോലെതന്നെ സുന്നത്താക്കപ്പെട്ട പ്രാർഥനകളും അതേ ഭാഷയിൽ നിർബന്ധമായും ചെയ്യുക. ഖുർആനും സുന്നത്താക്കപ്പെട്ട പ്രാർഥനകൾക്കുംശേഷം നിങ്ങൾ എന്തുവേണമെങ്കിലും അല്ലാഹുവിനോട് ചോദിച്ചുകൊള്ളുക. ഏത് ഭാഷയിൽ വേണമെങ്കിലും ചോദിച്ചുകൊള്ളുക. അവൻ എല്ലാ ഭാഷകളും അറിയുന്നവനാണ്. കേൾക്കുന്നവനാണ്. സ്വീകരിക്കുന്നവനാണ്.”പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ നമസ്കാരത്തെ മാധുര്യത്തോടും പൂർണമായ അഭിനിവേശത്തോടും ആക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ ഭാഷയിൽ എന്തെങ്കിലും കുറച്ച് പ്രാർഥിക്കേണ്ടത് അനിവാര്യമാണ്. “എന്നാൽ, അധികവും കണ്ടുവരുന്നത് നമസ്കാരം പെട്ടെന്ന് നിർവഹിക്കുന്നതും പിന്നീട് ദുആ ചെയ്യുന്നതുമാണ്.”(മിക്ക മുസ്‌ലിം രാഷ്ട്രങ്ങളിലും അനഹ്മദികളുടെ ഇടയിൽ ഇതേ നടപടികളാണുള്ളത്. അവർ നമസ്കാരം വേഗം വേഗം അനുഷ്ഠിക്കുന്നു. അതിനുശേഷം കൈയുയർത്തി ദുആയിൽ മുഴുകുന്നു. പറഞ്ഞു: ഇവർ ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. പറഞ്ഞു അതിൽനിന്ന് പ്രകടമാകുന്നത് ഇതുതന്നെയാണ്). “ഇതിൽനിന്ന് പ്രകടമാകുന്നത് നമസ്കാരം ഒരു അന്യായമായ ടാക്സാണെന്നാണ്. എന്തെങ്കിലും കുറച്ച് ആത്മാർഥതയുണ്ടെങ്കിൽ നമസ്കാരത്തിനുശേഷമാണുണ്ടാകുന്നത്. വലിയ വിനയത്തോടും എളിമയോടും ആത്മാർഥതയോടും വ്യാകുലതോയോടും അനുഷ്ഠിക്കുന്ന നമസ്കാരംതന്നെ ദുആയുടെ പേരാണെന്ന് മനസ്സിലാക്കുന്നില്ല. വലിയ വലിയ മഹത്തായ പ്രവൃത്തികളുടെ താക്കോൽ ദുആ മാത്രമാണ്. അല്ലാഹുവിന്റെ ഫള്ലിന്റെ കവാടം തുറക്കുന്നതിനുള്ള ആദ്യഘട്ടം ദുആ തന്നെയാണ്.പറഞ്ഞു: നമസ്കാരത്തെ ആചാരവും ശീലവുമെന്നനിലയിൽ അനുഷ്ഠിക്കുന്നത് ഫലപ്രദമല്ല. പ്രത്യുത അത്തരം നമസ്കാരക്കാരുടെ മേൽ സ്വയം അല്ലാഹു ശാപമയക്കുന്നു. പിന്നെയല്ലേ അവരുടെ നമസ്കാരം സ്വീകരിക്കാൻ പോകുന്നത്. *വയ്‌ലുല്ലിൽ മുസല്ലീൻ* എന്ന് അല്ലാഹുവാണ് പറയുന്നത്. നമസ്കാരത്തിന്റെ യാഥാർഥ്യത്തിൽനിന്നും അതിന്റെ ഉദ്ദേശ്യത്തിൽനിന്നും അജ്ഞരായ നമസ്കാരക്കാരെക്കുറിച്ചാണ് ഇപ്പറഞ്ഞത്. സ്വഹാബാക്കൾ അറബി അറിയുന്നവരായിരുന്നു. അതിന്റെ യാഥാർഥ്യം നല്ലവണ്ണം മനസ്സിലാക്കിയവരായിരുന്നു. എന്നാൽ, നമുക്ക് ആവശ്യമായിട്ടുള്ളത് അതിന്റെ അർഥം മനസ്സിലാക്കുകയും നമ്മുടെ നമസ്കാരത്തിൽ അതേരീതിയിൽ മധുരിമ ഉണ്ടാക്കുകയും ചെയ്യുക എന്നതാണ്. എന്നാൽ, ഇക്കൂട്ടർ മനസ്സിലാക്കുന്നത് മറ്റൊരു നബി വന്നതുപോലെയാണ്. അയാൾ വന്നിട്ട് നമസ്കാരത്തെ കാലഹരണപ്പെടുത്തിയതുപോലെ! (ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ സംസാരിക്കുന്നവരെക്കുറിച്ച് അവിടന്ന് പറയുകയാണ്). “സ്വന്തം ഭാഷയിൽ പ്രാർഥിക്കാൻ ഞാൻ പറയുമ്പോൾ ഇക്കൂട്ടർ പറയുന്നു പുതിയ ശരീഅത്ത് കൊണ്ടുവന്നു എന്ന്!”

പറഞ്ഞു: നോക്കുക അല്ലാഹുവിന് ഇതിൽ ഫലമൊന്നുമില്ല. മറിച്ച് മനുഷ്യനുതന്നെയാണ് അതിൽ നന്മയുള്ളത്. അതായത് അവന് അല്ലാഹുവിന്റെ സാന്നിധ്യത്തിനുള്ള അവസരം നല്കപ്പെടുന്നു. പ

റയാനും കേൾക്കാനുമുള്ള ആദരവ് പ്രദാനം ചെയ്യപ്പെടുന്നു. ഇതുമുഖേന അവന് ഒരുപാട് ബുദ്ധുമുട്ടുകളിൽനിന്ന് മോക്ഷം പ്രാപിക്കാവുന്നതാണ്. ഇവർ എങ്ങനെയുള്ള ജീവിതമാണ് നയിക്കുന്നത്? ഇവരുടെ രാവും കടന്നുപോകുന്നു. പകലും കടന്നുപോകുന്നു. എന്നാൽ, അവരുടെ ഒരു ദൈവമുണ്ടെന്നുള്ള കാര്യം അറിയാത്ത ഇവരെ ഓർത്ത് ഞാൻ അത്ഭുതപ്പെടുകയാണ്. ഓർമിക്കുക! അത്തരം മനുഷ്യൻ ഇന്നും നശിച്ചു; നാളേയും!" പറഞ്ഞു: ഞാൻ ഒരു അടിയന്തരമായ ഉപദേശം നല്കുകയാണ്. അത് ആളുകളുടെ മനസ്സിൽ പതിഞ്ഞിരുന്നെങ്കിൽ! നോക്കൂ! ആയുസ്സ് കഴിഞ്ഞുപൊയ്ക്കൊണ്ടിരിക്കുകയാണ്. അശ്രദ്ധ ഉപേക്ഷിക്കുക. വിനയം കൈക്കൊള്ളുക. അല്ലാഹു ഈമാൻ സലാമത്താക്കി വെക്കുന്നതിനും നിങ്ങളിൽ തൃപ്തനും സന്തോഷവാനും ആയിരിക്കുന്നതിനുംവേണ്ടി തനിച്ച് തനിച്ചിരുന്ന് ദുആ ചെയ്യുക."(മൽഫൂദാത്ത് വാല്യം 10 പേജ് 411 –413, 1985 ലണ്ടൻ പതിപ്പ്)

ഒരവസരത്തിൽ യഥാർഥ നമസ്കാരം എന്താണെന്ന് ഉപദേശിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: *വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിഅയന്നഹും സുബുലനാ* (29:70) പൂർണപരിശ്രമത്തോടെ ഈ വഴിയിലിരിക്കുക. എന്നാൽ, ലക്ഷ്യസ്ഥാനംവരെ എത്തുന്നതാണ്. (പരിശ്രമിക്കുക, ജിഹാദ് ചെയ്യുക. പറഞ്ഞു: തൗബ, ഇസ്തിഗ്ഫാർ അല്ലാഹുവിലേക്കുള്ള ബന്ധത്തിന്റെ മാർഗമാണ്. ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു പറയുന്നു. ആരാണോ നമ്മുടെ മാർഗത്തിൽ പരിശ്രമിക്കുന്നത് അവർക്ക് നാം പിന്നീട് ശരിയായ വഴികളിലേക്ക് മാർഗ്ഗദർശനം നല്കുന്നതാണ്.) പറഞ്ഞു: അല്ലാഹു ആരോടും പിശുക്ക് കാണിക്കുന്നില്ല. ഖുത്വുബും അബ്ദാലും ഗൗഥുമായവർ എന്തായാലും മുസ്‌ലിംകളിൽപെട്ടവരായിരുന്നല്ലോ. ഇപ്പോഴും അവന്റെ കാരുണ്യത്തിന്റെ കവാടം അടഞ്ഞിട്ടില്ല. ഖൽബെ സലീം (ശാന്തമായ മനസ്സ്) ഉണ്ടാക്കുക. നമസ്കാരം ഭംഗിയായി നിർവഹിക്കുക. ദുആ ചെയ്തുകൊണ്ടിരിക്കുക. നമ്മുടെ അധ്യാപനത്തിൽ നടക്കുക. നാമും ദുആ ചെയ്യുന്നതാണ്.

ഓർമിച്ചുകൊള്ളുക നമ്മുടെ രീതി നബി(സ) തിരുമേനിയും ആദരണീയരായ സ്വഹാബക്കാളും അനുവർത്തിച്ചുവന്നതുതന്നെയാണ്. ഇക്കാലത്ത് ഫഖീറുമാർ പല രീതിയിലുള്ള അനാചാരങ്ങളും പുറപ്പെടുവിച്ചിരിക്കുന്നു. ഈ ഉപചാരങ്ങളും നേർച്ചകളും വഴിപാടുകളും അവർ സംഘടിപ്പിച്ചിട്ടുള്ളതെല്ലാം നാം വെറുക്കുന്നു. (എന്താണ് ദുആ ചെയ്യേണ്ടതെന്നും പ്രത്യേക പ്രാർഥന എന്താണെന്നും പ്രത്യേകമായി എന്ത് ചെയ്യണമെന്നും ചോദിക്കുന്ന ധാരാളം ആളുകളുണ്ട്. യഥാർഥ കാര്യം നമസ്കാരമാണ്. നമസ്കാരത്തിലേക്ക് എല്ലാ അഹ്മദികളും പൂർണമായും ശ്രദ്ധിക്കേണ്ടതാണ്.) പറഞ്ഞു: യഥാർഥ ഇസ്‌ലാമികവഴി വിശുദ്ധഖുർആനെ ചിന്തിച്ചുവായിക്കുക എന്നതാണ്. എന്തൊന്നാണോ അതിലുള്ളത് അതനുസരിച്ച് പ്രവർത്തിക്കുക. നമസ്കാരം ശ്രദ്ധയോടുകൂടി അനുഷ്ഠിക്കുക. ദുആകൾ ശ്രദ്ധയോടും അല്ലാഹുവിലേക്ക് തിരിഞ്ഞും ചെയ്തുകൊണ്ടിരിക്കുക. മിഅ്റാജിന്റെ നിലകൾവരെ എത്തിക്കുന്ന കാര്യം നമസ്കാരമാണ്. ഇതാണ് എല്ലാം."(മൽഫൂസാത്ത്, വാല്യം 10, പേജ് 107, 1985 ലണ്ടൻ എഡിഷൻ) മിഅ്റാജിലെത്തിക്കുന്ന നമസ്കാരം അല്ലാഹുവിന്റെ തിരുസന്നിധിയിൽ നില്ക്കുന്നവന്റെ മനസ്സിനെ ഉരുക്കുന്നു.

നിർബന്ധമായ നമസ്കാരങ്ങളോടൊപ്പം അവിടന്ന് തഹജ്ജുദ് നമസ്ക്കരിക്കാനും താക്കീതു ചെയ്തു. അൻസ്വാറുല്ലായ്ക്ക് പ്രത്യേകമായ നിലയിൽ അതും നിർബന്ധമാക്കേണ്ടതാണ്. അവിടന്ന് പറയുന്നു: ഈ ജീവിതത്തിന്റെ മുഴുവൻ ശ്വാസോച്ഛ്വാസങ്ങളും ഭൗതികമായ ജോലികളിൽ കഴിഞ്ഞുകടന്നുപോയാൽ പരലോകത്തിനുവേണ്ടി എന്ത് ഖജനാവാണുള്ളത്.(മുഴുവൻ ശ്വാസങ്ങളും ആയുസ്സും ഭൗതികമായ ജോലികൾക്കുവേണ്ടി ചെലവഴിച്ചു. അപ്പോൾപിന്നെ പരലോകത്തിനുവേണ്ടി എന്ത് ഖജനാവാണുള്ളത്?)) പറഞ്ഞു:"തഹജ്ജുദിന് പ്രത്യേകമായ നിലയിൽ ഉണരുക. താൽപര്യത്തോടും അഭിനിവേശത്തോടുംകൂടി നിർവഹിക്കുക. ഇടയ്ക്കുള്ള നമസ്കാരങ്ങളിൽ ജോലിത്തിരക്കുകൊണ്ട് പരീക്ഷണം വരുന്നു.(മുന്നോട്ടോ പിമ്പോട്ടോ ആയിപ്പോകുന്നു. ചിലപ്പോൾ നമസ്കാരം ഖളാ ആയിപ്പോകുന്ന സമയവും ഉണ്ടാകാറുണ്ട്). പറഞ്ഞു:"അന്നം തരുന്നവൻ അല്ലാഹുവാണ്. നമസ്കാരം അതിന്റെ നേരത്ത് നമസ്കരിക്കേണ്ടതാണ്. ളുഹ്റും അസ്റും ഇടയ്ക്കിടെ ജം ആക്കാവുന്നതാണ്. ബലഹീനരായ ആളുകളുണ്ടാകുമെന്നും അല്ലാഹുവിന്നറിയാം. അതുകൊണ്ട് ഈ സൗകര്യം വെച്ചിരിക്കുന്നു. എന്നാൽ, ഈ സൗകര്യം മൂന്നു നമസ്കാരങ്ങൾ ജംആക്കാൻ ഉണ്ടാകുകയില്ല. ഉദ്യോഗങ്ങളിലും മറ്റു പല കാര്യങ്ങളിലും ആളുകൾ ശിക്ഷ അനുഭവിക്കാറുണ്ട്. ഭരണാധികാരികളുടെ ശകാരത്തിന് പാത്രമാകാറുണ്ട്. അപ്പോൾ അല്ലാഹുവിനുവേണ്ടി ബുദ്ധിമുട്ട് സഹിച്ചാൽ എത്ര നല്ലതാണ്."(മൽഫൂദാത്ത് വാല്യം 1 പേജ് 6, 1985 ലണ്ടൻ പതിപ്പ്)

(ഭൗതികജോലികളിലും ബുദ്ധിമുട്ട് സഹിക്കേണ്ടിവരുമ്പോൾ, നമസ്കാരത്തിനുവേണ്ടി, നിർബന്ധ കടമകൾ പൂർത്തിയാക്കുന്നതിനുവേണ്ടി, അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിനുവേണ്ടി അല്പം വിഷമം സഹിച്ചാൽ എന്താ കുഴപ്പം)അവിടന്ന് പറയുന്നു:

പൂർത്തിയായതും സമ്പൂർണവുമായ വിശ്വാസാദർശങ്ങളുടെ വഴി നമുക്ക് അല്ലാഹു തന്റെ നബി(സ)തിരുമേനി മുഖേന വിഷമവും കഠിനാധ്വാനവും ഒന്നും കൂടാതെ കാണിച്ചുവെന്നത് അവന്റെ തികവാർന്ന ഫള്ലാണ്. (ബുദ്ധിമുട്ടും അധ്വാനവും ഒന്നും കൂടാതെ നമുക്ക് വഴി കാണിച്ചു). ആ വഴി നിങ്ങൾക്ക് ഇക്കാലത്ത് കാണിക്കപ്പെട്ടിരിക്കുന്നു. ധാരാളം മതപണ്ഡിതന്മാർ ഇപ്പോഴും അതിൽനിന്ന് പിന്തള്ളപ്പെട്ടിരിക്കുകയാണ്. (അഹ്മദികൾക്ക് അല്ലാഹു മസീഹ് മൗഊദിനെ വിശ്വസിക്കുന്ന കാരണത്താൽ ആ വഴി കാണിച്ചുതന്നിരിക്കുന്നു). അതുകൊണ്ട് അല്ലാഹുവിന്റെ ഈ അനുഗ്രഹത്തിനും നിഅ്മത്തിനും നന്ദി കാണിക്കുക. ആ നന്ദി എന്താണെന്നുവെച്ചാൽ സത്യഹൃദയത്തോടുകൂടി ശരിയായ വിശ്വാസത്തിനുശേഷമുള്ള സൽകർമങ്ങളനുഷ്ഠിക്കുക എന്നതാണ്. അത് രണ്ടാമത്തെ ഭാഗത്താണുള്ളത്. നിങ്ങളുടെ കർമപരമായ അവസ്ഥകൾകൊണ്ട് സഹായം തേടി ദുആ ചെയ്യുക; അവൻ ഈ ശരിയായ വിശ്വാസാദർശങ്ങളിൽ ഉറപ്പിച്ചുനിറുത്തുന്നതിനുവേണ്ടി. സൽകർമങ്ങൾ ചെയ്യാൻ അല്ലാഹു സൗഭാഗ്യം പ്രദാനം ചെയ്യട്ടെ. ആരാധനയുടെ ഭാഗങ്ങളിൽ നോമ്പ് സ്വലാത്ത്, സക്കാത്ത് തുടങ്ങിയ കാര്യങ്ങൾ വരുന്നു. ഇപ്പോൾ നിങ്ങൾ ചിന്തിക്കുക. ഉദാഹരണത്തിന് നമസ്കാരം ഈ ലോകത്ത് വന്നതാണ്. പക്ഷേ, അത് ലോകത്തുനിന്നല്ല വന്നത്). നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു:ഖുർറത്തു അയ്നീ ഫിസ്സ്വലാത്ത്.(മൽഫൂദാത്ത് വാല്യം 1 പേജ് 149–150, 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) യഥാർഥമായ തൗഹീദ് എങ്ങനെ പൂർണമാക്കാം എന്ന കാര്യം വ്യക്തമാക്കിക്കൊണ്ട് പറയുന്നു: എല്ലാ ഉദ്ദേശ്യങ്ങളും പ്രദാനം ചെയ്യുന്നവനും എല്ലാ രോഗങ്ങളുടേയും പ്രതിവിധിയും അച്ചുതണ്ടും ആ ഏകനായ സത്തയാകുമ്പോഴാണ് തൗഹീദ് പൂർത്തിയാകുന്നത്. ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിന്റെ അർഥമിതാണ്. സൂഫികൾ ഇതിൽ ഇലാഹ് എന്ന പദത്തിന് പ്രിയപ്പെട്ടവൻ, ഉദ്ദിഷ്ടസാധ്യം, ആരാധ്യൻ തുടങ്ങിയ അർഥങ്ങൾ എടുത്തിരിക്കുന്നു." പറഞ്ഞു:'അടിസ്ഥാനവും സത്യവും ഇതാണെന്നതിൽ സംശയമില്ല. മനുഷ്യൻ പരിപൂർണമായ തൗഹീദ് പാലിക്കുന്നവനാകാതെ അവനിൽ ഇസ്‌ലാമിനോടുള്ള സ്നേഹവും മഹത്ത്വവും സ്ഥാപിതമാകുകയില്ല. പിന്നീട് ഞാൻ യഥാർഥ കര്യത്തിലേക്ക് മടങ്ങിക്കൊണ്ടു പറയുന്നു:'നമസ്കാരത്തിന്റെ രുചിയും ആനന്ദാനുഭൂതിയും അവന് കരസ്ഥമാകുകയില്ല. ചീത്ത ഉദ്ദേശ്യങ്ങളും അവിശുദ്ധവും വൃത്തികെട്ടതുമായ പദ്ധതികളും ഭസ്മമാകാതെ, ഈഗോയും പൊങ്ങച്ചവും അകന്ന് ഇല്ലായ്മയും വിനയവും വരാതെ സത്യദാസനെന്ന് പറയപ്പെടുകയില്ല. സമ്പൂർണമായ ദാസത്വം പഠിപ്പിക്കുന്നതിനുവേണ്ടി ഉത്തമനായ അധ്യാപകനും ശ്രേഷ്ഠമായ വീക്ഷണവും നമസ്കാരം തന്നെയാണ്." പറഞ്ഞു: ഞാൻ വീണ്ടും നിങ്ങളോടു പറയുകയാണ്, അല്ലാഹുവുമായി സത്യസന്ധമായ ബന്ധവും യഥാർഥമായ അടുപ്പവും സ്ഥാപിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നമസ്കാരത്തിന് വഴിപ്പെടുക. എങ്ങനെ വഴിപ്പെടണമെന്നാൽ നിങ്ങളുടെ ശരീരവും നിങ്ങളുടെ നാവും എന്നല്ല നിങ്ങളുടെ ആത്മാവിന്റെ ഉദ്ദേശ്യങ്ങളും വികാരങ്ങളുമെല്ലാം പൂർണമായും നമസ്കാരമായിത്തീരണം."(മൽഫൂദാത്ത് വാല്യം 1 പേജ് 169–170, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹു നമുക്കെല്ലാവർക്കും യഥാർഥ തൗഹീദിൽ നിലകൊള്ളാനും നമ്മുടെ നമസ്കാരം കാത്തുസൂക്ഷിക്കാനും ആനന്ദാനുഭൂതി ലഭിക്കുമാറുള്ള നമസ്കാരം നിർവഹിക്കാനും തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. അന്യ ദൈവങ്ങളെ നമ്മുടെ ആരാധ്യനാക്കുന്നതിനുപകരം നമ്മളെപ്പോഴും അല്ലാഹുവിനെ യഥാർഥ ആരാധ്യനാക്കുന്നവരാകട്ടെ.

അൻസാറുല്ലായുടെ ഇജ്തിമാഅ് നടക്കുന്ന സ്ഥലത്ത് മഗ്‌രിബ്, ഇശാ നമസ്കരിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടില്ലെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. കാരണം വൈകുന്നേരം ഒരു നിശ്ചിത സമയത്തിനുശേഷം അവർക്ക് ആ സ്ഥലം ഒഴിഞ്ഞുകൊടുക്കേണ്ടിവരും. ഹാൾ കാലിയാക്കേണ്ടിവന്നേക്കാം. അങ്ങനെയാണെങ്കിൽ സംഘാടകർ ഇജ്തിമായുടെ ഏർപ്പാട് ഏത് സ്ഥലത്താണോ ഒരുക്കുന്നത് അവിടെ ജമാഅത്തായി നമസ്കരിക്കാനുള്ള ഏർപ്പാടും ചെയ്യേണ്ടതാണ്. ഭാവിയിലും അൻസ്വാറുല്ലാഹ് തങ്ങളുടെ ഇജ്തിമാകൾ അഞ്ചുനേരവും നമസ്കരിക്കാൻ കഴിയുന്ന സ്ഥലങ്ങളിൽ സംഘടിപ്പിക്കേണ്ടതാണ്. എന്തായാലും അല്ലാഹു അവരുടെ ഇജ്തിമാ വിജയിപ്പിക്കുമാറാകട്ടെ. നമ്മെ യഥാർഥ ആരാധകരാക്കിതീർക്കട്ടെ. ◆




**പേജ് 1ൽ നിന്ന്**

എനിക്കുതോന്നി. ഒപ്പം കഠിനമായ വേദനയും മനസ്സിൽ പരിഭ്രമവുമുണ്ടായിരുന്നു. തിരിയാനും മറിയാനും ബുദ്ധിമുട്ടി. രാത്രിയിൽ ഞാൻ ഈ ബുദ്ധിമുട്ടിലായിരുന്നപ്പോൾ ശത്രുക്കളുടെ പരിഹാസം എനിക്ക് ഓർമവന്നു. എന്നാൽ, അത് ദീനുദ്ദേശിച്ചു മാത്രമായിരുന്നു, മറ്റെന്തെങ്കിലും കാര്യത്തിനുവേണ്ടിയായിരുന്നില്ല. അപ്പോൾ ഞാൻ ദൈവസവിധത്തിൽ പ്രാർഥിച്ചു: 'മരണമുണ്ടാകുമെന്നത് നിശ്ചിതമാണ്. എന്നാൽ, അകാലത്തിലുണ്ടാകുന്ന മരണം ശത്രുക്കളുടെ പരിഹാസത്തിന്നിരയാക്കുമെന്ന് നിനക്കറിയുന്നതാണല്ലോ?' അപ്പോൾ എനിക്ക് ചെറിയൊരു മയക്കത്തിൽ ഇൽഹാമുണ്ടായി. ***ഇന്നല്ലാഹ അലാ കുല്ലി ശയ്യിൻ ഖദീർ ഇന്നല്ലാഹ ലാ യുഖ്സിൽമുഅ്മിനീൻ.*** അതായത് അല്ലാഹു എല്ലാ കാര്യത്തിനും ശക്തനാണ്; അല്ലാഹു സത്യവിശ്വാസികളെ അപമാനിക്കുകയില്ല! ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ ഔദാര്യവാനായ അല്ലാഹുവാണ! ഞാൻ കറ്റുകെട്ടി പറയുകയാണോ അതല്ല സത്യമാണോ പറയുന്നതെന്ന് അവനിപ്പോഴും കണ്ടുകൊണ്ടിരിക്കുന്നുണ്ട്. ഈ ഇൽഹാമോടുകൂടി അരമണിക്കൂറിനുള്ളിൽ എനിക്ക് ഉറക്കം വന്നു. പിന്നീട് ഒരു വേള കണ്ണ് തുറന്നപ്പോൾ രോഗത്തിന്റെ പേരോ അടയാളമോ ഇല്ലാത്തതായി ഞാൻ കണ്ടു. എല്ലാവരും ഉറങ്ങുകയായിരുന്നു. പരീക്ഷണമെന്നോണം ഞാൻ എഴുന്നേറ്റ് ഒന്ന് നടന്നുനോക്കി. അപ്പോൾ പൂർണ ആരോഗ്യവാനാണെന്ന് കണ്ടു. നമ്മുടെ അല്ലാഹു എത്രമാത്രം ശക്തവാനാണെന്നും അവന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിൽ വിശ്വസിക്കുകയും അവന്റെ റസൂലിനെ അനുധാവനം ചെയ്യുകയും ചെയ്യുന്ന നമ്മൾ എത്രമാത്രം ഭാഗ്യവാന്മാരാണെന്നും എന്റെ അല്ലാഹുവിന്റെ ശക്തിപ്രഭാവം എത്രമാത്രം മഹത്തരമാണെന്നും കണ്ട് അപ്പോൾ എനിക്ക് കരച്ചിൽവന്നു. അത്ഭുതങ്ങൾ കാണിക്കുന്ന ഈ ദൈവത്തിൽ വിശ്വസിക്കാത്തവൻ എത്രമാത്രം ദൗർഭാഗ്യവാനാണ്!" **(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനി ഖസായിൻ, വാല്യം 22, പേജ് 243 – 246)**

പേജ് 2ൽ നിന്ന്

പരിശോധിച്ചു. അവരുടെ എല്ലാ ഒരുക്കങ്ങളും നോക്കിക്കാണുകയും വിവിധ വകുപ്പുകൾ പരിശോധിക്കുകയും നിർദേശങ്ങൾ നല്കി അനുഗ്രഹിക്കുകയും ചെയ്തു. ലജ്ന ജൽസായുടെ ഏർപ്പാടുകൾക്ക് നാളിമ അഅ്ലായുടെ കീഴിൽ 12 നാഇബ് നാളിമാത്തെ അഅ്ലാകളുമുണ്ട്. ഇപ്രകാരംതന്നെ വിവിധ വകുപ്പുകൾക്കുള്ള നാളിമാത്തുകളുടെ എണ്ണം 64 ആണ്. നാഇബ് നാളിമാത്തുകളുടെ എണ്ണം 339 ആണ്. സംഘാടക വകുപ്പുകളുടെ എണ്ണം 65 ആണ്. സഹായികളുടെ എണ്ണം 2658 ആണ്. ഇപ്രകാരം മൊത്തം 2658 സ്ത്രീകളും പെൺകുട്ടികളും ലജ്നയുടെ ഭാഗത്തുനിന്ന് തങ്ങളുടെ ചുമതലകൾ നിർവഹിക്കുന്നുണ്ടായിരുന്നു. ലജ്നയുടെ ഒരുക്കങ്ങൾ പരിശോധിച്ചതിനുശേഷം അമീറുൽമുഅ്മിനീൻ MTAയുടെ സ്റ്റുഡിയോകളും അതിനോടുബന്ധപ്പെട്ട മറ്റു ഒരുക്കങ്ങളും നിരീക്ഷിച്ചു. ചില കാര്യങ്ങളെ സംബന്ധിച്ച് ചോദിച്ചറിയുകയും ചെയ്തു.

തുടർന്ന് അമീറുൽമുഅ്മിനീൻ ഗ്രന്ഥങ്ങളുടെ സ്റ്റോറൂമും സ്റ്റാളും പരിശോധിച്ചു. ഇവിടെ ഗ്രന്ഥങ്ങൾ വാങ്ങിക്കുന്നവർക്ക് സുഗമമായി തങ്ങളുദ്ദേശിക്കുന്ന ഗ്രന്ഥങ്ങൾ കരസ്ഥമാക്കാൻ മേശകളിലും സ്റ്റാന്റുകളിലും വലിയ ക്രമീകരണത്തോടുകൂടി ഗ്രന്ഥങ്ങൾ വെച്ചിട്ടുണ്ടായിരുന്നു. സെക്രട്ടറി സാഹിബ് ഇശാഅത്ത് അമീറുൽ മുഅ്മിനീനോടു പറഞ്ഞു: "ഹദീഖത്തുസ്സാലിഹീന്റെ ജർമൻ പരിഭാഷ പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതുപോലെതന്നെ ഹയാത്തെ ത്വയ്യിബായുടെ ജർമൻ തർജമയും പ്രസിദ്ധീകരിച്ചു കഴിഞ്ഞു. അമീറുൽ മുഅ്മിനീൻ ആ രണ്ടു ഗ്രന്ഥവും എടുത്തുനോക്കി.

തുടർന്ന് അമീറുൽ മുഅ്മിനീൻ ഹ്യൂമാനിറ്റി ഫസ്റ്റ് വകുപ്പ് പരിശോധിക്കുകയുണ്ടായി. ആഫ്രിക്കയിൽ കുടിവെള്ളത്തിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള നൽക്കയുടേയും ഹാന്റ്പമ്പിന്റേയും ചിത്രങ്ങളും കാണിക്കപ്പെട്ടു. പ്രവർത്തനക്ഷമമായ ഒരു ഹാന്റ്പമ്പും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൽനിന്ന് ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ചെയർമാൻ ഡോക്ടർ അത്ഹർ സുബയ്ർ സാഹിബ് വെള്ളമെടുത്തു അമീറുൽ മുഅ്മിനീനെ കാണിച്ചു. ജർമനി ഹ്യൂമാനിറ്റി ഫസ്റ്റിന്റെ സ്റ്റാളിലുണ്ടായിരുന്ന വിവിധ വസ്തുക്കളെ കുറിച്ച് അമീറുൽ മുഅ്മിനീൻ അന്വേഷിച്ചു. വിവിധ വസ്തുക്കൾ അടങ്ങുന്ന Pakej ഔദ്യോഗികമായി ഇവിടെനിന്ന് വിലകൊടുത്തു വാങ്ങിയതാണ്.

അമീറുൽ മുഅ്മിനീൻ അതിനുശേഷം ജർമനി ജാമിഅ അഹ്മദിയ്യായുടെ സ്റ്റാളിനെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി; ജാമിഅ അഹ്മദിയ്യക്കാർ എന്താണ് ചെയ്യുന്നത്? അപ്പോൾ മുൻതളിം സ്റ്റാൾ പറഞ്ഞു: ഇവിടെ ജാമിഅ അഹ്മദിയ്യായെ കുറിച്ച് പൂർണമായ വിവരങ്ങളും ഇൻഫർമേഷനുകളും നല്കപ്പെടുന്നു. ജാമിആയിൽ പ്രവേശിക്കുന്നതിനെ സംബന്ധിച്ചുള്ള മാർഗദർശനങ്ങളും നല്കുന്നു. തുടർന്ന് അമീറുൽ മുഅ്മിനീൻ ചോദിച്ചു: ഇവിടെ ഏതേതെല്ലാം വകുപ്പുകളുടെ ഓഫീസുകളാണ് പ്രവർത്തിക്കുന്നത്? അപ്പോൾ ജർമനി അമീർ സാഹിബ് പറഞ്ഞു: വസിയ്യത്ത് വകുപ്പ്, രശ്താ നാത്താ വകുപ്പ്, ഉമൂറെ ആമ വകുപ്പ്, 100 മസ്ജിദ് നിർമാണ വകുപ്പ്, സംഇ ബസ്രീ വകുപ്പ്, തഅ്ലീം വകുപ്പ്, ബുക്സ്റ്റാൾ, ഖുദ്ദാം കഫേ വകുപ്പ്, ഗ്രീൻ ഏരിയ കാർഡ് നല്കുന്ന വകുപ്പ്, തുടങ്ങിയവയുടെ ഓഫീസുകളാണുള്ളത്. അമീറുൽ മുഅ്മിനീൻ 100 മസ്ജിദ് നിർമാണവകുപ്പിലേക്ക് പോയി. അവിടെ ജർമനിയിൽ നിർമിക്കുന്ന എല്ലാ മസ്ജിദുകളുടേയും ഫോട്ടോകൾ വിവരങ്ങളോടുകൂടി പതിച്ചിട്ടുണ്ടായിരുന്നു.

അമീറുൽ മുഅ്മിനീൻ ജാഇദാദ് സെക്രട്ടറിയോടു നിർമാണത്തിലിരിക്കുന്ന മസ്ജിദുകളെ കുറിച്ച് ചോദിക്കുകയും ചില കാര്യങ്ങൾ ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. ജൽസാസാലാനയുടെ വിവിധ ഒരുക്കങ്ങൾ നോക്കിക്കണ്ടതിനുശേഷം അമീറുൽ മുഅ്മിനീൻ പുരുഷന്മാരുടെ ജൽസാഗാഹിലെത്തി. ഇവിടെ പ്രോഗ്രാമനുസരിച്ച് ജൽസാസാലാനയുടെ ഡ്യൂട്ടികളുടെ ഉദ്ഘാടനപരിപാടിയായിരുന്നു. എല്ലാ നാളിമുമാരും അവരുടെ സഹായികളും പ്രവർത്തകരോടൊപ്പം ക്രമത്തിൽ ഇരിപ്പുണ്ടായിരുന്നു.

ജൽസാ സാലാന അഫ്സർ, ജൽസാഗാഹ് അഫ്സർ, ഖിദ്മത്തെ ഖൽഖ് അഫ്സർ എന്നിവർക്കു പുറമെ നാഇബ് ഓഫീസർമാരുടെ എണ്ണം 12 ആണ്. നാളിമുമാരുടെ എണ്ണം 71 ആണ്. നാഇബ് നാളിമുമാരുടെ എണ്ണം 255 ആണ്. മുൻതളിമീന്റെ എണ്ണം 273 ആണ്. സഹായികളുടെ എണ്ണം 6978 ആണ്. ഇപ്രകാരം മൊത്തത്തിൽ 7592 പുരുഷന്മാരും ആൺകുട്ടികളും ഡ്യൂട്ടി കൊടുത്തുകൊണ്ടിരുന്നു. ലജ്നയുടെ പ്രവർത്തകരേയും ഉൾപ്പെടുത്തുമ്പോൾ മൊത്തം 10250 ആയിത്തീരുന്നു ഇവരുടെ എണ്ണം.

ജാമിഅ അഹ്മദിയ്യാ ജർമനിയിലെ 6-ാം ക്ലാസ് വിദ്യാർഥി അസീസം നൂറുദ്ദീൻ അശ്റഫിന്റെ ഖുർആൻ പാരായണത്തോടെ പരിപാടി ആരംഭിച്ചു. അതിനുശേഷം അമീറുൽമുഅ്മിനീൻ പ്രസംഗിച്ചു.

**അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം:-**

തശഹ്ഹുദും തഅവ്വുദും തസ്മിയയും ഓതിയതിനുശേഷം അമീറുൽ മുഅ്മിനീൻ പറഞ്ഞു: ദൈവകൃപയാൽ ജർമനി ജമാഅത്തിന് മറ്റൊരു ജൽസാസാലാന സംഘടിപ്പിക്കാൻ തൗഫീഖ് കിട്ടിയിരിക്കുകയാണ്. ജൽസയിൽ പങ്കെടുക്കുന്നവരുടെ എണ്ണം വർധിക്കുന്നതോടൊപ്പം അതിനുവേണ്ടി പ്രവർത്തിക്കുന്നവരുടെ എണ്ണവും വർധിച്ചുകൊണ്ടിരിക്കുന്നു. എന്നല്ല, ആദ്യം ഇല്ലാതിരുന്ന ചില വകുപ്പുകളും ഉണ്ടാക്കിയിട്ടുണ്ട്. ആ വകുപ്പിനും ഇപ്പോൾ പ്രവർത്തകർ ലഭ്യമാക്കപ്പെടുന്നു. അല്ലാഹു നിസ്വാർഥമായി സേവനം ചെയ്യുന്ന പ്രവർത്തകരെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് സേവനം ചെയ്യാൻ ലഭ്യമാക്കുന്നുവെന്നത് ജമാഅത്തിനു മേലുള്ള അവന്റെ പ്രത്യേകമായ കൃപയും ഔദാര്യവുമാണ്. ഒരു കാലമുണ്ടായിരുന്നു. അന്ന് എങ്ങനെയാണ് പ്രവർത്തകർക്ക് തങ്ങളുടെ വകുപ്പുകളിൽ പ്രവർത്തിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് ശിക്ഷണം നല്കുന്ന വിഷയമായിരുന്നു. അവരെ എങ്ങനെ പരിശീലിപ്പിക്കണം എന്നതായിരുന്നു. പക്ഷേ, ഇപ്പോൾ ദൈവാനുഗ്രഹത്താൽ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം എല്ലാ വകുപ്പുകളിലുള്ള പ്രവർത്തകരും നാളിം, നാഇബീൻ, മുആവിനീൻ, പ്രവർത്തകർ പ്രത്യേകിച്ചും അവരവരുടെ വകുപ്പുകളിൽ വിദഗ്ദ്ധരാണ്. കാരണം നിയ്യത്ത് നല്ലതാണ്. ആത്മാർഥതയോടെ സേവനം ചെയ്യണമെന്നുള്ള വികാരമുണ്ട്. അതുകൊണ്ട് അല്ലാഹു സഹായിക്കുന്നു. ഉന്നതമായ നിലയിൽ സേവനം ചെയ്യാനുള്ള സൗഭാഗ്യം അവർക്ക് ലഭിക്കുന്നു.

ഇത്ര വലിയ വ്യവസ്ഥിതിയിൽ, അതൊരു ഭൗതികമായ വ്യവസ്ഥിതിയാണെങ്കിൽ അതിനുവേണ്ടി പ്രവർത്തിക്കാൻ തൊഴിലുപരമായി വൈദഗ്ധ്യമുള്ള ആളുകളെയാണ് വിളിച്ചുകൂട്ടാറുള്ളത്. പക്ഷേ, ഇവിടെ വരുന്ന പ്രവർത്തകർ വർഷം മുഴുവൻ വിവിധ ജോലികൾ ചെയ്യുന്നവരാണ്. ചിലർ ഡോക്ടറാണ്, ചിലർ എഞ്ചിനീയറാണ്, ചിലർ വിദ്യാർഥികളാണ്, ചിലർ ടാക്സിക്കാരാണ്. ചിലർ മറ്റുതരത്തിലുള്ള ജോലി ചെയ്യുന്നവരാണ്. ഇവരെല്ലാം ചില വകുപ്പുകളിൽ വിദഗ്ധരെപ്പോലെയാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലാഹു ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനു മാത്രം പ്രദാനം ചെയ്തിട്ടുള്ള വികാരമാണിത്.

ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പ്രവർത്തകർ ജോലിയെടുക്കുമോ എന്ന കാര്യത്തിൽ ഒരു ചിന്തയുമില്ല. ചിലപ്പോൾ ചിന്തയുണ്ടാകാറുണ്ട്. അതെന്താണെന്നാൽ സഹായികളും പ്രവർത്തകും സേവനവികാരത്തോടെയും നിഷ്കളങ്കമായും പ്രവർത്തിക്കുമ്പോൾ ഓഫീസർമാരും ആത്മാർഥപൂർണമായ സേവനവികാരം ഉള്ളവരാകേണ്ടതാണ്. അവരെ സഹായിക്കുന്നവരാകേണ്ടതാണ്. ഇപ്പോൾ പാരായണം ചെയ്യപ്പെട്ട വിശുദ്ധഖുർആനിന്റെ വചനങ്ങളിലും ഇതുതന്നെയാണ് പറഞ്ഞിട്ടുള്ളത്. മുഅ്മിനീംകളെ അല്ലാഹു അവർ ഒന്നിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി സംഘടിപ്പിക്കാനാഗ്രഹിക്കുന്നു. അല്ലാഹു സത്യനിഷേധികളുടെ അടയാളമായി വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളത് *വ ഖുലൂബുഹു ശത്താ* (59:15) എന്നാണ്. അവരുടെ മനസ്സുകൾ ഭിന്നിച്ചിരിക്കുകയാണ്. പക്ഷേ, ഒരു മുഅ്മിനിന്റെ അടയാളം ഇതല്ല. മുഅ്മിന്റെ മനസ്സ് പരസ്പരം പ്രീതിയും സ്നേഹവും കൂട്ടിച്ചേർത്തിട്ടുള്ളതായിരിക്കും. അതുകൊണ്ട് ഓഫീസർമാരും പരസ്പരം സഹായിച്ചും സ്നേഹിച്ചും ഒരാൾ മറ്റൊരാളെ മനസ്സിലാക്കിയും പ്രവൃത്തിക്കുകയാണെങ്കിൽ അവരുടെ പ്രവർത്തനങ്ങളിൽ കൂടുതൽ അനുഗ്രങ്ങൾ പതിയുന്നതാണ്. അനുഗ്രഹങ്ങൾ പതിയുന്നത് അവരുടെ കഴിവുകൾകൊണ്ടല്ല. ഈ വിചാരമുണ്ടെങ്കിൽ ഓഫീസർമാർ തങ്ങളുടെ മനസ്സിൽനിന്ന് ഒഴിവാക്കേണ്ടതാണ്. അനുഗ്രഹം പതിയുകയാണെങ്കിൽ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളുടെ സേവനത്തിന് പ്രവർത്തകരെ സൃഷ്ടിക്കുന്ന അല്ലാഹു സ്വയം ചുമതലകൾ ഏറ്റെടുത്തിരിക്കുന്നതുകൊണ്ടാണ്; അവൻ പ്രവർത്തകരുടെ മനസ്സിൽ അത് ഓഫീസർ നല്ലവനായാലും വേണ്ടില്ല, നല്ലവനല്ലെങ്കിലും വേണ്ടില്ല, ഓഫീസർ കഠിനാധ്വാനിയാണെങ്കിലും വേണ്ടില്ല കഠിനാധ്വാനി അല്ലെങ്കിലും വേണ്ടില്ല. ഒരു മെഷീന്റെ വിവിധ ഭാഗങ്ങൾ പോലെ- അവ ഒരു പ്രാവശ്യം പ്രവർത്തിപ്പിച്ചാൽ ആ ഭാഗങ്ങളെല്ലാം അതുപോലെ പ്രവർത്തിച്ചുകൊണ്ടിരിക്കും- എല്ലാ വകുപ്പുകളിലും പ്രവർത്തകർ ജോലിയെടുത്തുകൊണ്ടിരിക്കുന്നതാണ്.

അതുകൊണ്ട് ഞാനിന്ന് പണി എടുക്കുന്നവരോടു ഒന്നും പറയാനാഗ്രഹിക്കുന്നില്ല. കാരണം അവരിൽ ഒരു വികാരമുണ്ടെന്ന് എനിക്കറിയാം. അവർ അവരെ ഏല്പിക്കുന്ന ജോലി ചെയ്യുന്നതാണ്. ഇൻശാ അല്ലാഹ് നമുക്കു വേണ്ടത് ഓഫീസർമാരും പരസ്പരം സഹകരണത്തോടെ പ്രവർത്തിക്കുക എന്നതാണ്. ഈ പരസ്പരമുള്ള സഹകരണം ജോലിയിലും അനുഗ്രഹമിടുന്നതാണ്. അവരേയും പുണ്യത്തിന്നർഹരാക്കും. ഇനി പരസ്പരം സഹകരണമില്ലെങ്കിൽ ചിലപ്പോൾ ശത്രുക്കളും അതിൽനിന്ന് മുതലെടുക്കാൻ ശ്രമിക്കുന്നതായിരിക്കും. അതുകൊണ്ട് ഓരോ വകുപ്പിന്റേയും മേലെ മുതൽ താഴെവരെയുള്ള ഓഫീസർമാർ തങ്ങളുടെ വകുപ്പിൽ പരസ്പരം ചേർന്ന് സഹകരണത്തോടുകൂടി ജോലിയെടുക്കുന്ന കാര്യം ചിന്തിക്കേണ്ടതാണ്. അല്ലാഹു നമുക്കെല്ലാം അതിന് തൗഫീഖ് നല്കുമാറാകട്ടെ. ദുആ ചെയ്യുക.

പ്രസംഗത്തിനുശേഷം അമീറുൽ മുഅ്മിനീൻ ദുആ ചെയ്യിച്ചു. അതുകഴിഞ്ഞ് 9 മണിക്ക് അമീറുൽ മുഅ്മിനീൻ മഗ്രിബ് ഇശാ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം താമസസ്ഥലത്തേക്കു പോകുന്ന വഴിയിൽ എക്സിബിഷനും അമീറുൽ മുഅ്മിനീൻ കാണുകയുണ്ടായി.

ഇസ്ലാം-ഖുർആൻ എക്സിബിഷൻ എന്ന പേരിൽ പ്രദർശനം സംഘടിപ്പിച്ചിരുന്നു. അതിൽ പ്രബോധനപരമായ പ്രദർശനത്തിനു പുറമെ റിവ്യൂ ഓഫ് റിലീജ്യൻസിന്റെ (ജർമൻ) സ്റ്റാളും ഉൾപ്പെടുത്തിയിരുന്നു. ഈ പ്രദർശനത്തിനോടൊപ്പം വേറിട്ടൊരു ഭാഗത്ത് എം.ടി.എ ഇന്റർനാഷണലും(ലണ്ടൻ) തങ്ങളുടെ പ്രദർശനം സംഘടിപ്പിച്ചിരുന്നു. അമീറുൽ മുഅ്മിനീൻ അതും സന്ദർശിക്കുകയുണ്ടായി. തുടർന്ന് അമീറുൽ മുഅ്മിനീ ൻ താമസസ്ഥലത്തേക്ക് പോയി. ജൽസയുടെ ദിനങ്ങളിൽ അമീറുൽ മുഅ്മിനീന്റെ താമസത്തിന് ജൽസാഗാഹിന്റെ ഉള്ളിൽതന്നെയാണ് സൗകര്യം ഒരുക്കിയിരുന്നത്.

**2017 ആഗസ്ത് 25 (വെള്ളിയാഴ്ച):**

അമീറുൽമുഅ്മിനീൻ രാവിലെ 4.30ന് പുരുഷജൽസാഗാഹിൽ സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം അവിടന്ന് താമസസ്ഥലത്തേക്ക് പോയി. ഓഫീസു സംബന്ധമായ പോസ്റ്റുകൾ വായിച്ചു. വിവിധ തരത്തിലുള്ള ഓഫീസ് സംബന്ധമായ കാര്യങ്ങൾ നിർവഹിച്ചു.

ഇന്ന് അല്ലാഹുവിന്റെ കൃപയാൽ ജർമനി അഹ്മദിയ്യാ ജമാഅത്തിന്റെ 42-ാമത് ജൽസാസാലാനയ്ക്ക് തുടക്കം കുറിക്കുകയായിരുന്നു. ജൽസാസാലാനയുടെ ആദ്യ ദിവസമായിരുന്നു ഇന്ന്. ഉച്ചയ്ക്ക് 1.55ന് അമീറുൽമുഅ്മിനീൻ പതാക ഉയർത്തുന്നതിനുവേണ്ടി ജൽസാഗാഹിന്റെ നാലു ഹാളിന്റേയും മധ്യത്തിലുള്ള ഒരു തുറന്ന പുൽത്തകിടിയിലെത്തി. അമീറുൽമുഅ്മിനീൻ പതാക ഉയർത്തിയപ്പോൾ ജർമനി അമീർ സാഹിബ് ജർമനിയുടെ ദേശീയപതാകയും ഉയർത്തുകയുണ്ടായി. പിന്നീട് അമീറുൽമുഅ്മിനീൻ പ്രാർഥനയ്ക്ക് നേതൃത്വം നൽകി.

എം.ടിഎ ഇന്റർനാഷണലിന്റെ തത്സമയ സംപ്രേഷണം രാവിലെതന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു. പതാക ഉയർത്തലിന്റെ ഈ പരിപാടിയും ലോകം മുഴുവൻ

**കലാമുൽ ഇമാം:-**

"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്വ അത്യാവശ്യമായ മൂലധനമാണ്."
(മൽഫൂദാത്ത്, വാള്യം 5, പേജ് 121)

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാള്യം 4, പേജ് 344).

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

തത്സമയം സംപ്രേഷണം ചെയ്യപ്പെട്ടു. തുടർന്ന് അമീറുൽമുഅ്മിനീൻ ജൽസാഗാഹിൽ ആഗതരായി ജുമുഅ ഖുത്ബ നിർവഹിച്ചു. അതോടെ ജൽസയ്ക്കും സമാരംഭം കുറിച്ചു. ജുമുഅ ഖുത്ബയുടെ പൂർണരൂപം ബദ്ർ വീക്കിലി 2017 സെപ്തംബർ 14, 37-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

അമീറുൽ മുഅ്മിനീന്റെ ഖുത്ബ ജുമുഅ 3 മണിവരെ നീണ്ടുനിന്നു. ഈ ഖുത്ബ എം.ടിഎ ഇന്റർനാഷണലിൽ തത്സമയം സംപ്രേഷണം ചെയ്തിരുന്നു. തദ്ദേശപരമായ നിലയിൽ താഴെ പറയുന്ന 14 ഭാഷകളിൽ തത്സമയ തർജമയും സംപ്രേഷണം ചെയ്യപ്പെട്ടു. അറബി, ജർമൻ, ഇംഗ്ലീഷ്, ഫ്രഞ്ച്, ഫാർസി, തുർക്കി, ബംഗ്ല, ബോസ്നിയൻ, ബൽഗേറിയൻ, അൽബാനിയൻ, റഷ്യൻ, സുവാഹിലി, സ്പാനിഷ്, പൊർച്ചുഗീസ്.

**ഇലക്ട്രോണിക്-പ്രിന്റ് മീഡിയ:-**

ജുമുഅ ഖുത്ബയ്ക്കുശേഷം അമീറുൽമുഅ്മിനീൻ ജുമുഅ നമസ്കാരത്തിനോടൊപ്പം അസ്റും ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം മുൻകൂട്ടി നിശ്ചയിച്ച പ്രോഗ്രാമനുസരിച്ച അമീറുൽ മുഅ്മിനീൻ കോൺഫ്രൻസ് റൂമിലെത്തി. അവിടെ 3.30ന് പ്രസ്സ് കോൺഫ്രൻസ് ആരംഭിച്ചു. താഴെപറയുന്ന ഇലക്ട്രോണിക്-പ്രിന്റ് മീഡിയായുടെ ജേർണലിസ്റ്റുകളും പ്രതിനിധികളും പങ്കെടുത്തിരുന്നു.

**ഇന്റർനാഷണൽ മീഡിയ:**

1. T.V K8 KOCANI (മെസിഡോണിയ)
2. ഗ്ലോബോ ടിവി (ബ്രസീൽ)
3. T.V.EURO TIMES
4. LA REPUBLICA പത്രം (ഇറ്റലി)
5. KURIER പത്രം (ഓസ്ട്രിയ)

**നാഷണൽ മീഡിയ:**

1. ZDF HEGTE TV
2. RTL 04 NTV
4. TVN 24
4. ARD MIMA Tv
5. D.P.A ഫോട്ടോ (പ്രിന്റ് മീഡിയ)
6. DPA (പ്രിന്റ്)
7. പബ്ലിക് ഫോറം (പ്രിന്റ് മീഡിയ)
8. E.P.D (പ്രിന്റ്)

**തദ്ദേശ മാധ്യമം**

1. TV SWR
2. SWR RADIO
3. ബി.എൻ.എൻ (പ്രിന്റ് മീഡിയ)
4. K.A. News
5. സോഡ് വെസ്റ്റ് പ്രസ് (പ്രിന്റ്)
6. BADISCHE ZEITUNG (പ്രിന്റ്)

☆ ഒരു ജേർണലിസ്റ്റ് ചോദിച്ചു: ഞങ്ങളുടെ ബ്രസീലിൽ അധികവും ക്രിസ്ത്യാനികളാണ്. ഇസ്ലാം ഭീകരതയുടെ മതമല്ലെന്ന് അവർക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നത് ദുഷ്കരമാണ്. വിശുദ്ധഖുർആനിലാണെങ്കിൽ ഭീകരവാദത്തെ അനുകൂലിക്കുന്ന ചില വചനങ്ങളുണ്ടുതാനും?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതിനെക്കുറിച്ച് പറഞ്ഞിട്ടുള്ള വിശുദ്ധഖുർആനിലെ ഏതെങ്കിലും അധ്യായമോ വചനമോ താങ്കളുടെ പക്കലുണ്ടോ? താങ്കൾ ഇസ്ലാമിന്റെ ചരിത്രം നോക്കുകയാണെങ്കിൽ, ഇസ്ലാമിന്റെ പ്രവാചകൻ(സ) 13 വർഷംവരെ വിപത്തുകളും പീഡനങ്ങളും സഹിച്ചു ജീവിച്ചിരുന്നതായി അറിയാൻ കഴിയും. അതിനുശേഷം ദൈവാനുവാദത്തോടെ അവിടന്ന് മദീനയിൽ ഹിജ്റത്ത് ചെയ്തു. അവിടന്ന് മദീനയിലേക്ക് ഹിജ്റത്ത്പോയതിന് ഒന്നരവർഷത്തിനു ശേഷം മക്കാനിഷേധികൾ ആ മഹാത്മാവിന്റെമേൽ ആക്രമണം നടത്തി. 13 വർഷംവരെ ക്ഷമ കൈക്കൊണ്ടതിനുശേഷമാണ് തന്റെമേൽ നടക്കുന്ന ആക്രമണത്തെ പ്രതിരോധിക്കാൻ അദ്ദേഹത്തിന് അനുവാദം കിട്ടിയത്. ഇതായിരുന്നു മുസ്ലിംകൾക്ക് ആദ്യമായി പ്രതിരോധിക്കാൻ ലഭിച്ച അനുവാദം. മക്കാനിഷേധികൾ ആക്രമിക്കുന്നതുപോലെ നിങ്ങൾ അവർക്ക് മറുപടി നല്കുക! ഇതിനെക്കുറിച്ച് അധ്യായം 22, 40-41 വചനങ്ങളിൽ പറയുന്നുണ്ട്. അതിൽ പറയുന്നത് ഇപ്പോൾ നിങ്ങൾക്ക് പോരാടാൻ അനുവാദം നല്കപ്പെട്ടിരിക്കുന്നുവെന്നാണ്. കാരണം അവരെ ഇനിയും തടഞ്ഞുവെക്കുകയാണെങ്കിൽ യഹൂദികളുടെ ആരാധനാലയങ്ങളോ, ക്രിസ്ത്യൻ പള്ളികളോ, അമ്പലങ്ങളോ മസ്ജിദുകളോ സുരക്ഷിതമായിരിക്കുകയില്ല. അനുവാദം നല്കപ്പെട്ടത് മതത്തെ സംരക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു. വിശുദ്ധവചനത്തിൽ ആരാധനാലയങ്ങൾ, ക്രിസ്ത്യൻ പള്ളികൾ, അമ്പലങ്ങൾ എന്നിവയെക്കുറിച്ച് പറഞ്ഞതിനുശേഷം അവസാനമാണ് മസ്ജിദുകളെ കുറിച്ച് പറയുന്നത്. ഇതിൽനിന്ന് ഇസ്ലാം അനാവശ്യമായി യുദ്ധത്തിന് അനുവദിക്കുന്നില്ലെന്ന് അറിയാൻ കഴിയുന്നു. അതിനുശേഷവും നിങ്ങൾ നോക്കുക. എല്ലാ യുദ്ധങ്ങളും യുദ്ധചുറ്റുപാടുകളും മക്കാനിഷേധികളാണ് ഉണ്ടാക്കിയിരുന്നതെന്ന് കാണാം. മുസ്ലിംകൾ അതിനെ പ്രതിരോധിക്കുക മാത്രമാണ് ചെയ്തത്. അതുകൊണ്ട് പ്രതിരോധ യുദ്ധത്തിന് അനുവാദം നല്കപ്പെട്ടിട്ടുള്ള എല്ലാ വചനങ്ങളിലും അല്ലെങ്കിൽ അതിൽനിന്ന് തടഞ്ഞ വചനങ്ങളിലും യുക്തികളുണ്ട്. ഇന്നത്തെ നാമധാരികളായ മുസ്ലിം ഭീകരവാദ ഗ്രൂപ്പുകൾ ചെയ്തുകൊണ്ടിരിക്കുന്നതുപോലെ യുക്തിരഹിതമായ കല്പനകളല്ല പ്രതിരോധിക്കാൻ അനുവാദം നല്കുന്നത്. ഇസ്ലാം മാത്രമല്ല മറിച്ച് തൗറാത്തിലും അയ്യായിരത്തിലേറെ വചനങ്ങളുണ്ട്. എത്രത്തോളമെന്നാൽ ബൈബിളിലും, കുറച്ച് വചനങ്ങളുണ്ട്. അതിൽ എഴുതിയിരിക്കുന്നത് നിങ്ങളുടെമേൽ അക്രമം ചെയ്യപ്പെട്ടാൽ അതിനെ ചെറുക്കുക എന്നാണ്. ഹദ്റത്ത് മസീഹ് നാസിരിയുടെ 'ഒരു കരണത്തടിച്ചാൽ മറ്റേ കരണവും കാണിച്ചുകൊടുക്കുക' എന്ന അധ്യാപനം നിലനില്ക്കെയാണിത്. 'ചെയ്യുന്നതനുസരിച്ച് നിറയ്ക്കും' എന്ന തത്ത്വമനുസരിച്ചാണിത്. അല്ലാതെ മുസ്ലിംകൾക്കൊരിക്കലും യുദ്ധം നടത്താൻ അനുവാദം നല്കപ്പെട്ടിരുന്നില്ല. മതത്തെ ഉദ്ധരിച്ചുകൊണ്ട് അതിൽ ഒരു ബലാൽക്കാരവുമില്ലെന്ന് വ്യക്തമായ നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ഇത് ഉദ്ധരിച്ച് ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ നാളെ വൈകുന്നേരത്തെ സെഷനിൽ ഞാൻ വിവരിക്കുന്നതാണ്.

☆ ഒരു ജേർണലിസ്റ്റ് തന്നെ പരിചയപ്പെടുത്തി. അദ്ദേഹം എസ്.ഡബ്ല്യൂ.ആർ ടിവിയുമായി ബന്ധപ്പെട്ടയാളാണ്. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ലിബറൽ (ഉൽപതിഷ്ണുവായ)ജമാഅത്താണ്. സ്വവർഗരതിയെ കുറിച്ച് നിങ്ങളുടെ നിലപാടെന്താണ്? അങ്ങനെ ആരെങ്കിലും വന്നാൽ നിങ്ങൾ അവരെ സ്വീകരിക്കുമോ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാനൊരു മതവിശ്വാസിയാണ്. എന്റെ വിശുദ്ധ ഗ്രന്ഥമായ ഖുർആൻ പറയുന്നത് ഇതൊരു വൃത്തികെട്ട പണിയാണെന്നാണ്. എത്രത്തോളമെന്നാൽ, ബൈബിളും ലൂത്തിന്റെ ജനതയുടെ അവസ്ഥകൾ വിവരിക്കുന്നുണ്ട്. വിശുദ്ധ ഖുർആനെക്കാൾ കൂടുതൽ വിശദീകരിച്ചു പറയുന്നുണ്ട്. ദൈവം ഇഷ്ടപ്പെടാത്ത ഒരു പണി, അവൻ അയച്ച അവന്റെ പ്രവാചകനും അവന്റെ വിശുദ്ധ ഗ്രന്ഥവും ഇഷ്ടപ്പെടാത്ത ഒരു പണി ഒരു വിശ്വാസി എന്ന നിലയിൽ ഞാനെങ്ങനെ ഇഷ്ടപ്പെടാനാണ്. പക്ഷേ, ഇതിനോടൊപ്പം അവരോടു മോശമായി പെരമാറരുതെന്നും ഞാൻ പറയുകയാണ്.

☆ ജേർണലിസ്റ്റു ചോദിച്ചു:ഹുദൂർ അഖ്ദസ്! തങ്ങളെ ഉൽപതിഷ്ണുക്കൾ എന്നു പറയുന്ന മുസ്ലീംകളുടെ രണ്ടു മസ്ജിദ് ഇവിടെ ജർമനിയിലുണ്ട്. അതിൽ പുരുഷന്മാരും സ്ത്രീകളും ഒന്നിച്ചുചേർന്നാണ് നമസ്കരിക്കുന്നത്. ഇവർ സ്വവർഗരതിയേയും അനുവദനീയമായി മനസ്സിലാക്കുന്നു. ഇതൊരു പിഴച്ച വഴിയല്ലേ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നോക്കൂ! പുരുഷന്മാരും സ്ത്രീകളും തോളോടു തോൾ ചേർന്നു നമസ്കരിക്കുന്നത് തെറ്റായ വഴിയാണ്. പുരുഷന്മാരും സ്ത്രീകളും നബി(സ) തിരുമേനിയുടെ കാലത്ത് ഒരൊറ്റ ഹാളിൽ നമസ്കരിക്കാറുണ്ടായിരുന്നു. പക്ഷേ, പുരുഷന്മാർ മുൻപന്തിയിലും സ്ത്രീകൾ പിൻപന്തിയിലും നില്ക്കുന്നതായിരുന്നു അതിന്റെ രീതി. ഈ രീതിക്കുപിന്നിൽ ഒരു ന്യായശാസ്ത്രവും യുക്തിയുമുണ്ട്. അതു ഞാൻ വിവരിക്കാൻ തുടങ്ങിയാൽ ഒരുപാടു സമയമെടുക്കും. ഈ പ്രസ്കോൺഫ്രൻസിനുവേണ്ടി നിശ്ചയിച്ചിരിക്കുന്ന സമയം കുറഞ്ഞുപോകും. എന്തായാലും ഇപ്പറഞ്ഞത് ശരിയല്ല. പക്ഷേ, ഒരു മുറിയിൽ അവർക്കു നമസ്കരിക്കാവുന്നതാണ്. യു.കെ.യിൽ ഒരു രാഷ്ട്രീയക്കാരനുമായി കണ്ടത് ഞാനോർക്കുകയാണ്. അദ്ദേഹം ഒരു പാർട്ടിയുടെ നേതാവായിരുന്നു. അദ്ദേഹം എന്നോടു ഇതേ ചോദ്യം ചോദിച്ചിരുന്നു. ഞാൻ അദ്ദേഹത്തിനു നല്കിയ മറുപടിയും ഇതുതന്നെയായിരുന്നു. ഇത് നബി (സ) തിരുമേനിയുടെ കാലത്ത് നടന്നിട്ടുള്ളതാണ്. പക്ഷേ, ഇപ്പോൾ സ്ത്രീകളുടെ സൗകര്യം പരിഗണിച്ച് അവർ സ്വാതന്ത്ര്യത്തോടെ തങ്ങളുടെ പർദ അഴിച്ചുവച്ച് ആരാധന നടത്തുന്നതിന് വേറിട്ട മുറിയിലോ ഹാളിലോ നമസ്കരിക്കുന്നു. പുരുഷന്മാരോടൊപ്പം നമസ്കരിക്കണമെങ്കിൽ അവർക്ക് ബുർഖയും പർദയും ധരിക്കേണ്ടിവരുന്നു. അത് അവർക്ക് ബുദ്ധിമുട്ടാണ്. രണ്ടാമത്തേത് സ്വവർഗരതിക്കാരെ സംബന്ധിച്ചിടത്തോളം അവർ മസ്ജിദിൽ വരിക എന്നത്, ഏതെങ്കിലും മുസ്ലിം സ്വവർഗരതിക്കാരൻ മസ്ജിദിൽവന്ന് നമസ്കരിക്കാനും തങ്ങൾ ചെയ്ത പാപങ്ങൾക്ക് മാപ്പുചോദിക്കാനും ആഗ്രഹിച്ചാൽ നമ്മൾ അവരെ തടയാൻ പാടില്ല. നമുക്കവരെ തടയാൻ കഴിയുകയുമില്ല. ഞങ്ങളുടെ മസ്ജിദിൽ എത്ര സ്വവർഗരതിക്കാർ വരുന്നുണ്ടെന്ന് ഞങ്ങൾക്കറിയില്ല. താൻ സ്വവർഗരതിക്കാരാണെന്ന് ആരും വിളംബരപ്പെടുത്താറുമില്ല. ഇനി ആരെങ്കിലും ഇത് വിളംബരപ്പെടുത്തിയാൽത്തന്നെയും നമുക്ക് അവരെ തടയാൻ കഴിയില്ല. അവർ നമസ്കാരത്തിന് വരാനാഗ്രഹിക്കുന്നെങ്കിൽ വന്നു കൊള്ളട്ടെ.

☆ ജേർണലിസ്റ്റ് വീണ്ടും ചോദിച്ചു: ഏതെങ്കിലും മുസ്ലിം അത്തരം ഉൽപതിഷ്ണുക്കളുടെ മസ്ജിദിൽ പോകുകയാണെങ്കിൽ അങ്ങ് അവരെ മുസ്ലിമായി മനസ്സിലാക്കുമോ? അതല്ല കാഫിറും മുർത്തദ്ദും?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഈ മതത്തിൽനിന്ന് സ്വയം ബന്ധം വിച്ഛേദിക്കുന്നത് പ്രകടിപ്പിക്കാത്തതുവരെ ഞങ്ങൾക്ക് ആരേയും മുർത്തദ്ദ് എന്ന് പറയാൻ സാധിക്കുകയില്ല. അയാൾ സ്വയം മുസ്ലിമെന്ന് പറയുമ്പോൾ ഞങ്ങൾക്കെങ്ങനെയാണ് അങ്ങനെ പറയാൻ കഴിയുക. നബി(സ) തിരുമേനി പറഞ്ഞത് ആരാണോ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ് എന്ന് പറയുന്നത് അത് കേവലം നാവുകൊണ്ട് പറഞ്ഞാൽത്തന്നെയും നിങ്ങൾ കാഫിറാണെന്ന് അയാളോട് പറയാൻ നമുക്ക് സാധിക്കുകയില്ല. ഞങ്ങൾ യഥാർഥത്തിൽ ഉൽപതിഷ്ണുക്കളല്ല. വാസ്തവത്തിൽ ഞങ്ങൾ യാഥാസ്ഥിതികരാണ്. ഞങ്ങൾ നബി(സ)തിരുമേനിക്ക് ഇറങ്ങിയതും ആ മഹാത്മാവ് പ്രവർത്തിച്ച് കാണിച്ചതുമായ യഥാർഥ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. ഇക്കാലത്ത് തങ്ങളെ യാഥാസ്ഥിതികരെന്ന് പറയുന്നവർ യഥാർഥത്തിൽ യാഥാസ്ഥികരല്ല. പ്രത്യുത ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനങ്ങളിൽനിന്ന് തിരിഞ്ഞുപോയവരാണ്.

☆ ഒരു ജേർണലിസ്റ്റ് താൻ ഇറ്റലിയിൽനിന്ന് വന്നതാണെന്ന് പരിചയപ്പെടുത്തി. പറഞ്ഞു: ഭീകരവാദവുമായി ബന്ധപ്പെടുത്തിയാണ് ഇറ്റലിയിൽ ഇസ്ലാമിനെക്കുറിച്ച് പറയുന്നത്. അതിൽ വലിയ ചർച്ചകൾ നടന്നുവരുന്നുണ്ട്. കഴിഞ്ഞദിവസം ഭീകരാക്രമണവുമുണ്ടായി. താങ്കളുടെ പക്കൽ ജിഹാദിന്റെ സങ്കല്പമെന്താണ്? താങ്കൾ ഇസ്ലാമിന്റെ പേരിലുള്ള ഈ ഭീകരതയെ എങ്ങനെയാണ് കാണുന്നത്. എനിക്ക് മറ്റൊരു ചോദ്യം കൂടിയുണ്ട്......

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ആദ്യം താങ്കളുടെ ഈ ചോദ്യത്തിന് ഞാൻ മറുപടി നല്കട്ടെ. ഇത് ജിഹാദാണോ എന്നതാണ് ആദ്യത്തെ കാര്യം. നോക്കുക ഇറ്റലിയിലും ബാസിലോണിയായിലും മരിച്ചവരിൽ മുസ്ലിംകളും ഉണ്ടായിരുന്നു. അവരിൽ കുറച്ചുപേർ പാക്കിസ്താനികളായിരുന്നു. ആസ്ത്രേലിയ, ആഫ്രിക്ക, അമേരിക്ക എന്നീ രാജ്യങ്ങളുമായി ബന്ധംവെക്കുന്നവരുമുണ്ടായിരുന്നു. എന്തായാലും മരിച്ചവരിൽ മുസ്ലിംകളുമുണ്ടായിരുന്നു. ഇത് ജിഹാദല്ല. ജിഹാദ് അനുവദനീയമാകുന്നത് ഞാൻ ആദ്യം വിവരിച്ചതുപോലെ നിങ്ങളുടെമേൽ അമുസ്ലിംകളിൽനിന്ന് ആക്രമണമുണ്ടാകുമ്പോഴാണ്. ഇസ്ലാമിക ജിഹാദ് അപ്പോഴായിരിക്കും നിലവിൽ വരിക. ഇപ്പോൾ ഇസ്ലാമിനെ നശിപ്പിക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നതോ ഇസ്ലാമിന്നെതിരിൽ യുദ്ധത്തിന് തയ്യാറെടുക്കുന്നതോ ആയ ഒരു ഭരണകൂടവുമില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള ജിഹാദ് ജിഹാ

## ഹദീസുന്നബവി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**

**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബവി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**

**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

ദല്ല. ഇത് കേവലം നിരാശരായ ആളുകൾ മുഖേന തങ്ങളുടെ അപലപനീയമായ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കാനുള്ള മാർഗമാണ്. അവരെ ഇത്തരത്തിലുള്ള നാമധാരികളായ ഉലമ ഭീകരത പഠിപ്പിക്കുന്നു. അവരാണെങ്കിൽ വിശുദ്ധഖുർആനിന്റെ യഥാർഥ അർഥവുമറിയുന്നവരല്ല. ഞങ്ങൾ എപ്പോഴും അത്തരം മോശമായ പ്രവർത്തനങ്ങളെ പരസ്യമായി അപലപിക്കാറുണ്ട്.

☆ ജേർണലിസ്റ്റ് തന്റെ രണ്ടാമത്തെ ചോദ്യമുന്നയിച്ചു. നിങ്ങളങ്ങനെ ചെയ്യാറില്ല. എന്നാൽ, ഇറ്റലിയിലും ജർമനിയിലും മുസ്‌ലിംകൾ അത്തരം സംഭവങ്ങളെ അപലപിക്കാറില്ല.... അത്തരക്കാരെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അവർ അത്തരം സംഭവങ്ങൾക്കെതിരെ പരസ്യപ്രസ്താവന പ്രകടിപ്പിക്കാറില്ല. പക്ഷേ, ഞങ്ങൾ അത്തരം സംഭവങ്ങളെ പരസ്യമായി അപലപിക്കുന്നു. പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഞാൻ എന്റെ കമ്മ്യൂണിറ്റിയുടെ മാത്രം ഉത്തരവാദിയാണ്. മറ്റുള്ളവരെ നിർബന്ധിക്കാൻ എനിക്ക് സാധ്യമല്ല. ഏതെങ്കിലും ദോഷകരമായ പ്രവർത്തനത്തിനെതിരെ പ്രതികരിക്കാൻ അവസരം കിട്ടിയാൽ അങ്ങനെ ചെയ്യേണ്ടതാണ്. ഇത് പൊതുസമ്മതമായ കാര്യമാണ്. അത്തരം നടപടികളിൽ നമ്മൾ പങ്കെടുക്കാത്തിടത്തോളം പൊതുസമ്മതമുണ്ടാകുക സാധ്യമല്ല. ഇതുതന്നെയാണ് പൊതുസമ്മതമായിട്ടുള്ളത്; യഥാർഥ ഇന്റിഗ്രേഷനും. അത്തരം ജോലികളിൽ പങ്കാളികളാകാൻ അവ രണ്ടും നമ്മളോടാവശ്യപ്പെടുന്നു.

☆ മെസിഡോണിയായിൽനിന്ന് വന്ന ജേർണലിസ്റ്റ് ചോദിച്ചു. യുദ്ധം ലോകത്തിനുമേൽ ചുറ്റിക്കറങ്ങുമ്പോൾ ജനങ്ങൾക്ക് പ്രീതിയോടും സ്നേഹത്തോടും തങ്ങളുടെ മതത്തെക്കുറിച്ച് പറയാൻ കഴിയുന്ന ഇത്തരം അവസരങ്ങൾക്ക് എന്ത് പ്രാധാന്യമാണുള്ളത്. അമീറുൽ മുഅ്മിനീൻ പറഞ്ഞു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ പറയുന്നു: ഞാൻ അല്ലാഹുവിൽനിന്ന് രണ്ട് അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങൾക്കായി അയക്കപ്പെട്ടിരിക്കുന്നു. ഇത് ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ചാണ്. ഒന്ന് അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുക. രണ്ടാമത്തേത് സ്വന്തം സുഹൃത്തുക്കളോടുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുക. കാരണം മറ്റുള്ളവരോടുള്ള കടമ നിറവേറ്റാൻ ശ്രമിക്കുന്നതോടൊപ്പം സമാധാനപരമായ രീതിയിൽ ഈ ലോകത്ത് ജീവിക്കാൻ ശ്രമിക്കുമ്പോൾ ഇതുതന്നെയായിരിക്കും പ്രീതിയും സ്നേഹവും. പ്രീതിയും സ്നേഹവും കൂടാതെ നിങ്ങൾക്ക് അങ്ങനെ ചെയ്യാൻ സാധിക്കുകയില്ല.

☆ ജേർണലിസ്റ്റ് ചോദിച്ചു: ഈ പാശ്ചാത്യ സമൂഹത്തിൽ നിങ്ങളുടെ കമ്യൂണിറ്റി വർധിക്കുന്നുണ്ടോ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ഒരിക്കലും കുറയുന്നില്ല. കൂടിക്കൊണ്ടിരിക്കുകയാണ്. ആഫ്രിക്ക, ഏഷ്യ, യൂറോപ്പ്, അറബ് ലോകം,അമേരിക്കയും. മൂന്ന് നാല് ആളുകൾ ജർമനിയിൽ ഞങ്ങളോടൊപ്പം ചേരുന്നു. കുറച്ചാളുകൾ ഫ്രാൻസ്, ഹോളണ്ട്, ബെൽജിയം യു.കെ യിലും ചേർന്നുകൊണ്ടിരിക്കുന്നു. കുറഞ്ഞപക്ഷം ഞങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിന്റെ കണക്ക് ഇവിടെ ഞങ്ങളുടെ ജൽസയിലുള്ള ഹാജർ നിലയിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. 5 വർഷം മുമ്പേ ഹാജർ നില വെറും 15,000 ആയിരുന്നു. ഇന്ന് ഇവിടെ നമസ്കാരനേരത്ത് ഏകദേശം 23,000 ആളുകളുണ്ടായിരുന്നു. അവസാന ദിവസം ഇതിലും കൂടുന്നതാണ്. ഇവിടെ അതിഥികളും പങ്കെടുക്കാൻ വരുന്നുണ്ട്. പക്ഷേ, ഇവിടെ ഭൂരിഭാഗവും 99%വും അഹ്മദികളുടേതാണ്. അതുകൊണ്ട് ഞങ്ങൾ വർധിച്ചുകൊണ്ടേയിരിക്കുന്നു. ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം പ്രചരിപ്പിക്കുക എന്നതാണ് ഞങ്ങളുടെ മിഷൻ. ഞങ്ങൾ ഇത് പ്രചരിപ്പിച്ചുകൊണ്ടേയിരിക്കുകയും ചെയ്യും. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ പറയുന്നു: ഇസ്‌ലാമിന്റെ സത്യമായ അധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിക്കുന്നതിനുവേണ്ടി അല്ലാഹു എന്നെ അയച്ചിരിക്കുന്നു. ഇതാണ് നമ്മുടെ നിർബന്ധകടമ. നാം അത് ചെയ്തുകൊണ്ടേയിരിക്കുന്നു.' ഈ മിഷണറി വർക്കിന്റെ ഫലമായാണ് ഞങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി ഞങ്ങളോടൊപ്പം ചേർന്നാൽ നിങ്ങൾക്ക് ഇന്നത് തരാമെന്ന് പറഞ്ഞ് ജനങ്ങളെ പ്രലോഭിപ്പിക്കാറില്ല. ഞങ്ങൾ അവരോട് പറയുന്നത് നിങ്ങൾ നിങ്ങളെ സൃഷ്ടിച്ചവനായ ദൈവത്തോടു കൂടുതൽ അടുക്കുന്നതായിരിക്കും. രണ്ടാമത്തേത് നിങ്ങളുടെ സുഹൃത്തുക്കളോടുള്ള കടമകൾ നിറവേറ്റുക. ഇതുതന്നെയായിരുന്നു എന്റെ ഇന്നത്തെ ഖുത്ബയുടെ സാരവും.

☆ മെസിഡോണിയായിൽനിന്ന് വന്ന മറ്റൊരു ജേർണലിസ്റ്റ് ചോദിച്ചു: ആദരണീയരായ ഹുദൂർ അങ്ങ്, മറ്റു മതങ്ങളെ പ്രത്യേകിച്ചും ക്രൈസ്തവരോടുള്ള ബന്ധത്തെക്കുറിച്ച് എന്തെങ്കിലും കുറച്ച് പറയുമോ? താങ്കൾ രണ്ട് വിവിധ മതങ്ങളുമായി ബന്ധംവെക്കുന്നവർക്കിടയിൽ വിവാഹത്തിന് അനുവാദം നല്കുമോ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ സർവമതങ്ങളും അല്ലാഹുവിൽനിന്നുള്ളതാണെന്ന് വിശ്വസിക്കുന്നവരാണ്. സകല മതങ്ങളുടേയും യഥാർഥ അധ്യാപനം സത്യത്തിലധിഷ്ഠിതമാണ്. അത് അല്ലാഹുവിൽനിന്നുള്ളതായിരുന്നു. അത് ഒന്നായിരുന്നു. അത് ക്രൈസ്തവമതമാകട്ടെ, യഹൂദമതമാകട്ടെ! എല്ലാ രാജ്യത്തും ജനതയിലും അല്ലാഹു നബിമാരെ അയച്ചിരുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഒരു മുസ്‌ലിം ആ എല്ലാ നബിമാരിലും വിശ്വസിക്കേണ്ടതാണെന്ന് വിശുദ്ധഖുർആൻ പറയുന്നു. ഞങ്ങൾ എപ്പോഴും സർവ്വമത സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു. എത്രത്തോളമെന്നാൽ ഖാദിയാൻ എന്ന ഒരു ചെറിയ സ്ഥലത്ത് ഹാൾ നിർമിക്കണമെന്നും അവിടെ വിവിധ മതങ്ങളുമായി ബന്ധംവെക്കുന്നവരെ വിളിച്ചുകൂട്ടണമെന്നും അവർ തങ്ങളുടെ മതങ്ങളെ സംബന്ധിച്ച് സംസാരിക്കണമെന്നുമുള്ള ആഗ്രഹമായിരുന്നു അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർക്കുണ്ടായിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ തുറന്ന മാനസരാണ്. ഞങ്ങൾ ഓരോ വർഷവും വിവിധ സ്ഥലങ്ങളിൽ സർവ്വമതസമ്മേളനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

☆ ജേർണലിസ്റ്റ് ചോദിച്ചു: ഹദ്റത്ത് ഈസായെ സംബന്ധിച്ച നിങ്ങളുടെ വീക്ഷണമെന്താണ്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഹദ്റത്ത് ഈസാ(അ) അല്ലാഹുവിന്റെ നബിയായിരുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അല്ലാഹുവിന്റെ സത്യവാനായ നബിയായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ പറഞ്ഞു: ഞാൻ ഈസായെ പിന്തുടർന്നുവന്നിരിക്കുന്നു; യഹൂദികളെയെല്ലാം ഒരു കൈയിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി മൂസായ്ക്കു ശേഷം ഹദ്റത്ത് ഈസാ വന്നതുപോലെ.! വളരെ സമാധാനഭരിതനും സഹതാപിയുമായ മനുഷ്യനായിരുന്നു അദ്ദേഹം. ഞാനും അങ്ങനെതന്നെയാണ്. മുഹമ്മദീ മസീഹാകുന്നു ഞാൻ. ഞാൻ മഥീലെ ഈസാ ആയിക്കൊണ്ടുവന്നിരിക്കുന്നു. അപ്പോൾ എനിക്ക് എങ്ങനെയാണ് അദ്ദേഹത്തെ അപമാനിക്കാൻ കഴിയുക?" ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ വാദം. ഇതാണ് ക്രൈസ്തവമതത്തെക്കുറിച്ച് ഞങ്ങളുടെ വിശ്വാസം. പോപ്പിന്റെ പദവിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ എന്റെ പക്കൽ ഇസ്‌ലാമികപരമായ സാങ്കേതികാർഥത്തിൽ പോപ്പ് ഈസാ അല്ലെങ്കിൽ മസീഹ് നാസിരിയുടെ ഖലീഫയാണ്. നോക്കുക, ഇതും മസീഹ് നാസിരിയുടെ ബന്ധത്തിന്റെ പരമ്പരയാണ്. കത്തോലിക്കക്കാർ ഇതുതന്നെയാണ് വിശ്വസിക്കുന്നത്. അവരുടെ പക്കലുള്ള ഈ ബന്ധത്തെ ഞങ്ങൾ ഖിലാഫത്തെന്ന് പറയുന്നു.

☆ ZDFന്റെ പ്രതിനിധി ജേർണലിസ്റ്റ് ചോദിച്ചു: അഹ്മദി ഏത് ദേശത്താണോ വസിക്കുന്നത് ആ ദേശത്തെ സ്നേഹിക്കുന്നവരാണെന്ന് ഞാൻ വായിച്ചിട്ടുണ്ട്. അവർ ആ രാജ്യത്തിന്റെ നിയമങ്ങളേയും മൂല്യങ്ങളേയും സംരക്ഷിക്കുന്നു. ഇന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. പുരുഷൻ സ്ത്രീക്ക് കൈകൊടുക്കാറില്ലെന്ന്. ഇത് വൈരുദ്ധ്യമല്ലേ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇത് എന്നോട് സാധാരണ പല അവസരങ്ങളിലും ചോദിക്കാറുള്ള പൊതുവായൊരു ചോദ്യമാണ്. ഈയൊരു കാര്യം മാത്രമാണോ നമ്മെ ഈ സമൂഹത്തിൽ ഏകീകരിപ്പിക്കുന്നത്. ഒരിക്കൽ സ്വീഡനിൽ ഒരു ജേർണലിസ്റ്റ് എന്നോട് ഈ ചോദ്യം ചോദിച്ചിരുന്നു. അപ്പോൾ ഞാൻ അവരോട് പറഞ്ഞു: ഞാൻ എന്റെ മതപരമായ പാഠത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് കൈ തരുന്നില്ല. എന്നാൽ, എപ്പോഴെങ്കിലും നിങ്ങൾക്ക് എന്റെ സഹായം ആവശ്യം വന്നാൽ, പ്രതിസന്ധിഘട്ടം ഉണ്ടായാൽ നിങ്ങൾ എന്നെ സഹായിക്കുന്നവരിൽ ഏറ്റവും മുൻപന്തിയിൽ കാണുന്നതായിരിക്കും. ഇതാണ് ഇന്റിഗ്രേഷൻ. ഇന്റിഗ്രേഷൻ എന്നതിന്റെ അർഥം നിങ്ങളുടെ രാജ്യത്തെ സ്നേഹിക്കുക. നമുക്ക് നമ്മുടെ എല്ലാ കഴിവുകളും ചെലവഴിച്ചുകൊണ്ട് രാജ്യത്തിന്റെ ഉന്നതിക്കായി പരിശ്രമിക്കേണ്ടതാണ്. നമ്മൾ രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കേണ്ടതാണ്. എല്ലാ പൗരന്മാരേയും ആദരിക്കേണ്ടതാണ്. നമ്മൾ ഈ രാജ്യത്തിലെ എല്ലാ വസ്തുക്കളേയും ബഹുമാനിക്കേണ്ടതാണ്. ഇതാണ് യഥാർഥ ഇന്റിഗ്രേഷൻ. തൗറാത്തിന്റെ പാഠമനുസരിച്ച് യഹൂദികൾ സ്ത്രീകൾക്ക് കൈ കൊടുക്കാറില്ല. ഈയടുത്തകാലത്ത് അമേരിക്കയിലുള്ള എന്റെ ഒരു സുഹൃത്ത് എന്നോട് പറഞ്ഞു: അദ്ദേഹത്തിന്റെ വീടിന്നടുത്ത് യഹൂദികളുടെ ഒരു ആരാധനാലയമുണ്ട്. താൻ സ്ത്രീകൾക്ക് കൈകൊടുക്കാറില്ലെന്ന് അവിടെത്തെ പുരോഹിതൻ വിളംബരം ചെയ്തു. അപ്പോൾ ആരും അവിടെ ഒരു ചോദ്യവും ചോദിച്ചില്ല. കാരണം നിങ്ങൾ അങ്ങനെ ചെയ്യുകയാണെങ്കിൽ അത് ആന്റി സെമിറ്റിസത്തിന്റെ നിയമലംഘനമായിത്തീരും. ഈ പ്രശ്നം മുസ്‌ലിംകളുടെ കാര്യത്തിൽ വരുമ്പോൾ ചോദിക്കാൻ നിങ്ങൾ വളരെ തന്റേടം കാണിക്കുന്നു. പക്ഷേ, ഞങ്ങൾ അതിനേയും മാനിക്കുന്നു. അതിന് മറുപടി നല്കാൻ തയ്യാറാണ്.

☆ ഒരു ജേർണലിസ്റ്റ് അമീറുൽ മുഅ്മിനീന് അസ്സലാമു അലയ്ക്കും പറഞ്ഞു. ചോദിച്ചു: താങ്കൾ കുറച്ചുകാലമായി ലോകത്തിന് മൂന്നാം ലോക മഹായുദ്ധത്തെക്കുറിച്ച് മുന്നറിയിപ്പ് നല്കുന്നു. മുസ്‌ലിം രാജ്യങ്ങൾ ഈ യുദ്ധത്തിന് എത്രമാത്രം ഉത്തരവാദികളായിരിക്കും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മുസ്‌ലിംരാജ്യങ്ങൾ ഉത്തരവാദികളാണ്. കാരണക്കാരാകുന്നത് അവർ തന്നെയാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ അവിടെനിന്ന് യുദ്ധം ആരംഭിച്ചുകഴിഞ്ഞു. (ഈ ചോദ്യം ഉർദുവിലാണ് ചോദിച്ചത്. അതിന് ഉർദുവിൽ മറുപടി നല്കിയതിനുശേഷം അമീറുൽ മുഅ്മിനീൻ മറ്റുള്ളവർക്കുവേണ്ടി ഇംഗ്ലീഷിലും മറുപടി നല്കി)

ഈ പത്രസമ്മേളനം നാലുമണിവരെ നീണ്ടുനിന്നു. അതിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് പോയി. ഉച്ചകഴിഞ്ഞ് ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ വ്യാപൃതനായി. 9 മണിക്ക് പുരുഷജൽസ ഗാഹിൽ വന്ന് മഗ്‌രിബ്, ഇശാ ജംആക്കി നമസ്കരിപ്പിച്ചു.

### 2017 ആഗസ്ത് 26:

അമീറുൽ മുഅ്മിനീൻ രാവിലെ 5.30ന് പുരുഷജൽസാഗാഹിലെത്തി സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരം കഴിഞ്ഞ് താമസസ്ഥലത്തേക്ക് മടങ്ങി. ജമാഅത്തിൽനിന്ന് വന്ന കത്തുകളും പോസ്റ്റുകളും മറ്റ് ഓഫീസ് കാര്യങ്ങളും രാവിലെ പരിശോധിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

ഇന്ന് പ്രോഗ്രാമനുസരിച്ച് ലജ്ന ജൽസാഗാഹിൽ അമീറുൽ മുഅ്മിനീന്റെ സ്ത്രീകളോടുള്ള പ്രഭാഷണമായിരുന്നു. ലജ്ന ജൽസാഗാഹിൽ ലജ്നയുടെ ഉദ്ഘാടന സമ്മേളനം 10 മണിക്ക് ഹദ്റത്ത് ബീഗം സാഹിബയുടെ അധ്യക്ഷതയിൽ ചേർന്നു. അത് 11.30വരെ തുടർന്നു. ഈ സെഷനിൽ വിശുദ്ധഖുർആൻ പാരായണം, അതിന്റെ ഉർദു തർജമ, ഉർദു പദ്യാലാപനം, അറബി ഖസീദ, എന്നിവയ്ക്കു പുറമെ മൂന്ന് പ്രസംഗവും നടന്നു.

പ്രോഗ്രാമനുസരിച്ച് ഉച്ചക്ക് 12 മണിക്ക് അമീറുൽ മുഅ്മിനീൻ ലജ്ന ജൽസാ ഗാഹിലെത്തി. നാളിമ അഅ്‌ലാ വ സ്വദ്ർ ലജ്ന ഇമായില്ലാഹ് ജർമനി തന്റെ നാഇബ് നാളിമാത്തിനോടൊപ്പം അമീറുൽ മുഅ്മിനീനെ വരവേറ്റു. ആവേശോജ്ജ്വലമായ മുദ്രാവാക്യംകൊണ്ട് ജൽസഗാഹ് മുഖരിതമായി. ലജ്നയുടെ ഈ യോഗം ആരംഭിച്ചത് വിശുദ്ധഖുർആൻ പാരായണത്തോടെയാണ്. അസീസ ദുർരെ അജബ് ഹ്യൂബശ് സാഹിബയാണ് ഖുർആൻ പാരായണം ചെയ്തത്. അതിന്റെ ഉർദു തർജമ ഫൗസിയ ബുശ്റ സാഹിബ അവതരിപ്പിച്ചു. തുടർന്ന് അസീസ അനീഖ ശാക്കിർ ബാജ്‌വ സാഹിബ ഹദ്റത്ത് മുസ്‌ലി

## കലാമുൽ ഇമാം:-

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**

**(മൽഫൂദാത്ത്, വാള്യം 5, പേജ് 96).**

### ത്വാലിബെ ദുആ:

**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## കലാമുൽ ഇമാം:-

**"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**

**(മൽഫൂദാത്ത്, വാള്യം 5, പേജ് 104)**

### ത്വാലിബെ ദുആ:

**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 02 November 2017 Issue-44

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

ഹ് മൗഊദിന്റെ *'അഹദ് ശിക്കിനി ന കരോ അഹ്‌ലെ വഫാ ഹോ ജാഗാ'*എന്ന പദ്യത്തിൽനിന്നുള്ള തിരഞ്ഞെടുത്ത വചനങ്ങൾ കേൾപ്പിച്ചു. പ്രോഗ്രാമനുസരിച്ച് അമീറുൽ മുഅ്മിനീൻ വിദ്യാഭ്യാസരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച 46 വിദ്യാർഥിനികൾക്ക് പ്രശസ്തിപത്രം നല്കി. ഹദ്റത്ത് ബീഗം സാഹിബ ആ വിദ്യാർത്ഥിനികൾക്ക് മെഡലുകൾ വിതരണം ചെയ്തു. വിദ്യാഭ്യാസ അവാർഡുകൾ കരസ്ഥമാക്കിയ ആ ഭാഗ്യവതികളായ വിദ്യാർഥിനികളുടെ പേരുകൾ താഴെ ചേർക്കുന്നു.

നാഇല ഇഫ്ത്തിഖാർ സാഹിബ (Phd in Human Medicine), ആഫിയ അൻവർ സാഹിബ (State Examination in Pharmacy), ളുഹാ ഇസ്‌ലാം സാഹിബ (State Examination in Human Medicine), റാഹത്തുൽ അയ്ൻ ഖാലിദ് മഹ്മൂദ് സാഹിബ(State Examination in Dentistry), ഫാഇദ സയ്യിദ് അഹ്മദ് സാഹിബ( 1st State Examination in Teaching), സഅ്ദിയ്യ സയ്യിദ് അഹ്മദ് സാഹിബ(State Examination in Teaching), ഹിബ്ത്തുൽഹയ്യ് സയ്യിദ ഗഫൂർ സാഹിബ(State Examination in Dentistry), ഉറൂജ് മലിക് സാഹിബ(1st State Examination in Teaching),നൂറീൻ മാഹ്റോ സാഹിബ(Master of Science in Medical Informatics ), ശാസിയ നൂർ ചൗദ്രി സാഹിബ(Master of Education in German & Geography at Gynasium/Lehramt) അണാൽവി സാഹിബ(Master of Arts in Religious Science),ശാസിയ ഖാൻ സാഹിബ(Master of Science in Environmental Protection), ഗസാല അഹ്മദ് സാഹിബ(Master of Education in Economics and German),ലൗറ മൗലീന സീട്ടോ സാഹിബ(Master of Arts in Governance and Public Policy),ഫർഹ് സേബ് ത്വാഹിർ സാഹിബ(Master of Media Computer Science Informatics),റയ്ഹാന ഫാറൂഖ് സാഹിബ(Master of Arts in International Marketing), സബാ നാസിർ സാഹിബ(Master of Science in Bio Informatics and System Biology), സമീറ ശാദ് സാഹിബ (Bachelor of Artsin Ethnology), ഹീറ റഹ്മാൻ ബട്ട് സാഹിബ( Bachelor of Science in Business Informatics), സബീഹ ബിശാറത്ത് സാഹിബ(Bachelor of Arts in Religious Studies), നൂറീൻ അഹ്മദ് സാഹിബ(Bachelor of Arts in Cultur Studies), അറൂശ അഹ്മദ് സാഹിബ(Bachelor of Science in International Business Information System), നബീല ബുശ്റ സാഹിബ(Bachelor of Arts in Social Work), ഫർഹ് ശബീർ സാഹിബ(Bachelor of Arts in Social Work), മൻസൂറ ഇഹ്സാനല്ലാ സാഹിബ( Bachelor of Arts in Nursing and Health Promotion), ശമാഇല മുസഫർ ഖാൻ സാഹിബ( Bachelor of Science in Psychology), മാഇമ അഹ്മദ് സാഹിബ(Bachelor of Arts in Social Work), നാദിയ ചൗദ്രി സാഹിബ(Bachelor of Arts in English/Pedagogy),അനീല സജ്ജാദ് സാഹിബ(Bachelor of Arts in Islamic Studies), താഹിറ ഭട്ടി സാഹിബ(Bachelor of Arts in Teaching), ബാരിയ ഖമർ അസ്‌ലം സാഹിബ(Bachelor of Arts in Extracurricular Education), നുഅ്മാൻ ഖമർ സാഹിബ (Bachelor of Arts in Time Based Media), മുനീറ ഖാൻ സാഹിബ {A-level(Abitur)}, തൂബ അഹ്മദ് ദുറാനീ സാഹിബ{A-level(Abitur)}, ബരിയ ഹന്നാ ഖമർ സാഹിബ{A-level(Abitur)},അഫ്റാ ഇഖ്ബാൽ സാഹിബ {A-level(Abitur)}, സൽമ മുനവ്വർ അഹ്മദ് സാഹിബ{A-level(Abitur)}, ഡോക്ടർ സൽമ ബട്ട് സാഹിബ(Phd in Breast Cancer), നിദാ രിയാള് സാഹിബ(Master of Science in Electrical Engineering), സഅ്ദിയ മഹ്മൂദ് സാഹിബ(Master of Science in Chemistry), ശമാഇല മദ്ഹത്ത് ബാസിത് സാഹിബ(Master of Science in Medicine and Clinical Research), താഹിറ മുബശ്ശിർ സാഹിബ(Master of Science in Industrial&Organizational Psychology), ഥമീന ജാവേദ് സാഹിബ(High School Diploma), അറൂശ സാഹിദ് ബട്ടി സാഹിബ{BBIT(Hons)},അമത്തുൽ വുദൂദ് ബുശ്റ സാഹിബ(Master of Science in Zoology & Fisheries),സാറ അബ്ദുസ്സത്താർ അഹ്മദ് സാഹിബ(Master of Science in Organic Chemistry-From Bagdad).

അവർഡ് വിതരണ പരിപാടിയ്ക്കുശേഷം 12.28ന് അമീറുൽമുഅ്മിനീൻ പ്രഭാഷണം ആരംഭിച്ചു.

**അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം:**

തശഹ്ഹുദും തഹവ്വുദും ഫാത്തിഹയും ഓതിയതിനുശേഷം അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇക്കാലത്തെ ചില മുസ്‌ലിംകളുടെ കർമം ഇസ്‌ലാമിനെ എങ്ങനെ അവതരിപ്പിച്ചുവെന്നാൽ അതുമുഖേന അമുസ്‌ലിംലോകത്തിന് ഇസ്‌ലാമിന്റെമേൽ ആക്ഷേപമുന്നയിക്കാനുള്ള അവസരം ലഭിച്ചുകൊണ്ടിരിക്കുന്നു. മതവിരോധശക്തികൾ അതിനേക്കാളുപരി ഇസ്‌ലാമിന്റെമേൽ ആക്രമണം നടത്തുന്നു. ചിലയിടങ്ങളിൽ ഭീകരവാദികളായ അക്രമികൾ മതമെന്ന് പറഞ്ഞ് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നു. ചിലയിടത്ത് സ്ത്രീകളോടുള്ള കടമ നിറവേറ്റുന്നില്ല എന്ന് പറഞ്ഞ് ഇസ്‌ലാമികാധ്യാപനങ്ങൾക്കുമേൽ ആക്ഷേപമുന്നയിക്കുന്നു. നോക്കൂ, നിങ്ങളെ വീടിന്റെ നാലുഭിത്തിക്കുള്ളിൽ തളച്ചിട്ടിരിക്കുന്നുവെന്ന് പറഞ്ഞ് വളരെ തന്ത്രപരമായ രീതിയിൽ സ്ത്രീകളുടെ വികാരങ്ങളെ പ്രകോപിപ്പിക്കുന്നു. അല്ലെങ്കിൽ പർദയുടെ കാര്യം എടുത്ത് നിങ്ങളുടെ സ്വാതന്ത്ര്യം ഹനിക്കുകയാണെന്ന് അവരോടു പറയുന്നു. ഇതുകേട്ട് ദീനിനെക്കുറിച്ച് കൂടുതൽ വിവരമില്ലാത്തവരും അറിവില്ലാത്തവരും യഥാർഥത്തിൽ തങ്ങളോടുള്ള കടമകൾ നിറവേറ്റപ്പെടുന്നില്ലെന്ന് മനസ്സിലാക്കുന്നു. ഇങ്ങനെ പ്രതികരണമെന്ന നിലയിൽ കൂടുതൽ ഭീകരത സ്ത്രീകളിലുണ്ടായി അവർ ചില ഭീകരവാദികളുടെ ആയുധമായി മാറുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അഹ്മദി സ്ത്രീകളുടെമേൽ അല്ലാഹുവിന്റെ ഔദാര്യമാണ് അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് കിട്ടിയെന്നത്. ആ മഹാത്മാവ് ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനം നമ്മുടെ മുമ്പിൽ അവതരിപ്പിച്ചു. വിശുദ്ധഖുർആനിലും ഹദീഥിലുമുള്ള വിശദീകരണാർഹമായ കാര്യങ്ങൾ തുറന്ന് വിവരിച്ചു. ഇസ്‌ലാം മധ്യമനില സ്വീകരിക്കുന്ന മതമാണെന്നും അത് പ്രകൃതിമതമാണെന്നും പ്രകൃതിക്കനുസരിച്ചുള്ള മതമാണെന്നും ഇസ്‌ലാമിന്റെ എല്ലാ ഓരോ കല്പനകളും യുക്തി ഉൾക്കൊള്ളുന്നതാണെന്നും പറഞ്ഞു. ഇസ്‌ലാം പുരുഷന്മാരോടുള്ള കടമകളെക്കുറിച്ച് സംസാരിക്കുമ്പോൾ അതിനോടൊപ്പം സ്ത്രീകളോടുള്ള കടമകളെക്കുറിച്ചും പറയുന്നു. ഇസ്‌ലാം പുരുഷന്മാർക്ക് അവരുടെ സൽകർമം കാരണത്താൽ ഉപഹാരങ്ങളേയും അല്ലാഹുവിന്റെ തൃപ്തിയേയുംകുറിച്ച് സുവാർത്ത അറിയിക്കുന്നുവെങ്കിൽ അത്തരം സൽകർമങ്ങളനുഷ്ഠിക്കുന്ന സ്ത്രീകൾക്കും അല്ലാഹുവിന്റെ തൃപ്തിയെക്കുറിച്ചും ഉപഹാരങ്ങളെക്കുറിച്ചും സുവാർത്ത നല്കുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്‌ലാം പുരുഷന്മാർക്ക് സ്ത്രീകളേക്കാൾ മുൻഗണന നല്കുന്നുവെന്ന് പറയുന്നവർ തെറ്റാണ് പറയുന്നത്. വീട്ട് ചെലവ് നടത്തുക, ഭാര്യയുടെയും മക്കളുടെയും ഭക്ഷണകാര്യങ്ങൾ ശ്രദ്ധിക്കുക, അവരുടെ ആവശ്യങ്ങൾ നിറവേറ്റുക തുടങ്ങിയവയെല്ലാം പുരുഷന്മാരുടെ ജോലിയാണെന്ന് ഇസ്‌ലാം പറയുന്നു. ഇതാണ് അവന്റെ മേന്മയ്ക്കുള്ള അടയാളം. പുരുഷന് സ്ത്രീയേക്കാൾ മേന്മയുണ്ടെന്ന് പറയുന്നതിന്റെ അർഥം അവരോട് ബലാൽക്കാരത്തോടുകൂടി പെരുമാറുക എന്നതല്ല. സ്ത്രീ ഡോക്ടർ, ടീച്ചർ തുടങ്ങിയ ജോലി ചെയ്യുന്നവളാണെങ്കിൽ അല്ലെങ്കിൽ മറ്റെന്തെങ്കിലും ജോലി ചെയ്യുന്നവളാണെങ്കിൽ അവൾ ജോലി ചെയ്യുന്നത് ഭർത്താവ് ഇഷ്ടപ്പെടുന്നുവെങ്കിൽ സ്ത്രീയുടെ സമ്പാദ്യത്തിൽ ഭർത്താവിന് ഒരു അവകാശവുമില്ല. ഭർത്താവ് എന്തായാലും വീട്ട് ചെലവുകൾ വഹിക്കേണ്ടതാണ്. അയാൾ അതിന് ഉത്തരവാദിയാണ്. ഭാര്യയുടെ ആവശ്യങ്ങളും നിറവേറ്റിക്കൊടുക്കാൻ ഉത്തരവാദപ്പെട്ടവനാണ്. കുട്ടികളുടെ ആവശ്യങ്ങളും നിറവേറ്റാൻ ചുമതലക്കാരനാണ്; ഭാര്യ ജോലിക്കാരിയാണെങ്കിലും അല്ലെങ്കിലും വേണ്ടില്ല. നീ ജോലി ചെയ്യുന്നുണ്ട് അതിനാൽ പകുതി വീട്ട് ചെലവ് നീ വഹിക്കണമെന്ന് പറയാൻ ഭർത്താവിന് അവകാശമില്ല. ഭാര്യ തന്റെ ഇഷ്ടമനുസരിച്ച് ചെലവഴിക്കുകയാണെങ്കിൽ അത് ഭർത്താവിനുമേലുള്ള ഔദാര്യമാണ്. വീട്ടിലെ ചെലവ് നടത്താൻ അവൾക്ക് ഒരിക്കലും ബാധ്യതയില്ല.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഭാര്യാമക്കളുടെ വസ്ത്രം, ഭക്ഷണം, താമസം, മറ്റു ആവശ്യങ്ങളും ലഭ്യമാക്കുക എന്നത് ഭർത്താവിന്റെ ജോലിയാണ്. ഇസ്‌ലാം ഭാര്യയോട് പറയുന്നത്, ഭർത്താവ് തന്റെ ഭാര്യാമക്കളുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റിക്കൊടുക്കാൻ ഉത്തരവാദിയാകുമ്പോൾ വീട്ടുകാര്യങ്ങൾ നോക്കുന്നതിനും കുട്ടികൾക്ക് ശിക്ഷണം കൊടുക്കുന്നതിനും ഭാര്യ മുൻഗണന നല്കണമെന്നാണ്. സ്ത്രീയോ പുരുഷനോ ആയ ആരെങ്കിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കരസ്ഥമാക്കുന്നുവെങ്കിൽ ഡോക്ടർമാർ, എഞ്ചിനിയർമാർ, ടീച്ചർമാർ തുടങ്ങിയവരെപോലെ, ആ ജോലി ചെയ്യണമെന്നുള്ള ആഗ്രഹവും താൽപര്യവും അവർക്കുണ്ടായിരിക്കും. കൂടുതൽ വൈഭവം കരസ്ഥമാക്കുന്നതിനും തന്റെ വൈഭവത്തെ വർധിപ്പിക്കുന്നതിനുമുള്ള അവസരം കിട്ടുന്നതിനും ആശയുണ്ടായിരിക്കും. വിദ്യാഭ്യാസം കരസ്ഥമാക്കിയതിനുശേഷം തങ്ങളുടെ ജോലിയിൽ വൈദഗ്ധ്യം കരസ്ഥമാക്കാനും അത് പ്രകടിപ്പിക്കാനും പുരുഷന്മാർക്കുള്ളതുപോലെ ആഗ്രഹം സ്ത്രീകൾക്ക് ഉണ്ടാകുകയില്ലെന്ന് പറയാൻ നമുക്ക് സാധിക്കുകയില്ല. പക്ഷേ, ഈ ആഗ്രഹമുണ്ടെങ്കിലും ഡോക്ടറായി തങ്ങളുടെ ഫീൽഡിൽ സ്പെഷ്യലൈസ് ചെയ്ത സ്ത്രീകൾ തങ്ങളുടെ വിവാഹത്തിനുശേഷം കുട്ടികളെ നോക്കുന്നതിന്റേയും അവരുടെ ശിക്ഷണത്തിന്റേയും പ്രാധാന്യം മനസ്സിലാക്കിയതുകൊണ്ട് അത് ഉപേക്ഷിച്ചത് എനിക്കറിയാം. കുട്ടികൾ വലുതായപ്പോൾ അവർ തങ്ങളുടെ ഫീൽഡിൽ വീണ്ടും ജോലി ചെയ്യാൻ തുടങ്ങുകയും ചെയ്തു. അത്തരം ഉമ്മമാരുടെ കുട്ടികൾ ആത്മീയവും ഭൗതികവുമായ അടിസ്ഥാനത്തിൽ പൊതുവെ നല്ല കുട്ടികളാണ്. മറ്റു മാനസികപ്രശ്നങ്ങളിൽനിന്നും മുക്തരാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഈ ഇസ്‌ലാമിക കല്പന മനസ്സിലാക്കിയ മാതാക്കളാണ് അവർ. നിങ്ങളുടെ യഥാർഥ ജോലി നിങ്ങൾക്കും ജനതക്കും പുതിയ തലമുറക്കും ഉത്തമമായ ശിക്ഷണം നല്കി അവരെ ജനങ്ങളുടെ ഉത്തമമായ മൂലധനമാക്കിത്തീർക്കുക എന്നതാണ്. അവരെ സമൂഹത്തിന്റെ ഉത്തമമായ ഭാഗമാക്കുക എന്നതാണ്. സ്ത്രീകളുടെ പ്രകൃതിയിൽ അല്ലാഹു വെച്ചിട്ടുള്ള പ്രത്യേകത അവർക്ക് ക്ഷമയോടും സഹനത്തോടുംകൂടി കുട്ടികളെ വളർത്താൻ കഴിയുമെന്നതാണ്. അതിന്റെ വിശദീകരണം കഴിഞ്ഞ വർഷം ജൽസയിൽ ഞാൻ വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഇതും അല്ലാഹു മനുഷ്യപ്രകൃതിയിൽ വെച്ചിരിക്കുന്നു. **(തുടരും)**

AL ISLAM

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin